
# ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന് ആദരാഞ്ജലികൾ



സേവനപൂർണ്ണമായ ഇടയ ജീവിതത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും മാതൃകയായി വിശ്വാസികൾക്ക് പ്രചോദനമായി മാറിയ സെബാസ്റ്റ്യൻ പാലക്കീൽ അച്ചൻ 2017 സെപ്റ്റംബർ രണ്ടാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. അച്ചൻ കഴിഞ്ഞ 3 വർഷങ്ങളായി വിയാനിഭവനിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

പാലാ രൂപതയിലെ കുടക്കച്ചിറ ഇടവക വള്ളോപ്പിള്ളി പാലക്കീൽ സ്കറിയായുടെയും അന്നമ്മയുടേയും 8 മക്കളിൽ ഏഴാമനായി 1938 മാർച്ച് 17 ന് അച്ചൻ ജനിച്ചു. 1984 മാർച്ച് 14 - ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ മാർട്ടിൻനഗർ, തൃശ്ശിലേരി, പയ്യമ്പള്ളി, കുറുമ്പാല, പുതുശ്ശേരിക്കടവ്, കൊട്ടിയൂർ, കല്ലോടി, തരിയോട്, കബനിഗിരി, റിപ്പൺ, നടവയൽ, ചെന്നലോട്, തലശ്ശേരി രൂപതയിലെ പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി, തോട്ടത്താടി, ധർമ്മസ്ഥലം, കളഞ്ച, നെല്ലിയാടി, ജഡിക്കൽ, പുറവയൽ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. ഭദ്രാവതി രൂപത നിലവിൽ വരുന്നതിന് മുൻപ് കർണ്ണാടകയിലെ എൻ.ആർ. പുര മിഷൻ റീജിയണിലെ എപ്പിസ്കോപ്പൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2017 സെപ്റ്റംബർ 2 ന് അച്ചൻ പാലായിൽവെച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന്റെ ജന്മസ്ഥലമായ കുടക്കച്ചിറയിൽ സെപ്റ്റംബർ 3 ന് രാവിലെ 10 മണി മുതൽ 1 മണിവരെ ഭൗതിക ശരീരം പൊതുദർശനത്തിനു വെച്ചശേഷം രാത്രി 11 മണിയോടുകൂടി നിരവധിയാളുകളുടെ സാന്നിധ്യത്തിൽ വിയാനിഭവനിൽ എത്തിച്ചു. ശവസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് പ്രാർത്ഥനാ ശുശ്രൂഷകൾക്ക്

നേതൃത്വം നൽകി. തുടർന്ന് മൃതശരീരം ദ്വാരക പാസ്റ്ററൽ സെന്ററിലേയ്ക്ക് കൊണ്ടു വരികയും മാനന്തവാടി രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. അബ്രാഹം നെല്ലിക്കൽ അച്ചന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗം നടത്തുകയും ചെയ്തു. പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ മൃതശരീരം പൊതുദർശനത്തിന് വച്ചതു മുതൽ അന്തിമോപചാരം അർപ്പിക്കാനായി ഇടമുറിയാതെയുള്ള ജനപ്രവാഹമായിരുന്നു.

പിറ്റേദിവസം, സെപ്റ്റംബർ 4 ന് 9 മണിയ്ക്ക് അച്ചന്റെ ഭൗതികദേഹം സിയോന്റെ ചാപ്പലിലേയ്ക്ക് മാറ്റി. സെമിനാരിക്കാലത്ത് അച്ചന്റെ സഹപാഠികളായിരുന്ന അനേകം വൈദികരും ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. ശവസംസ്കാര ശുശ്രൂഷയോടനുബന്ധിച്ചുള്ള വി.ബലിയ്ക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യ കാർമ്മികനായിരുന്നു. മൃതസംസ്കാര ശുശ്രൂഷയിൽ വചനസന്ദേശം നൽകിയത് സെമിനാരിയിൽ അച്ചന്റെ സഹപാഠിയായിരുന്ന ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം പിതാവായിരുന്നു. ബഹു. പാലക്കീൽ അച്ചൻ എല്ലാവരോടും സൗമ്യമായി ഇടപഴകുകയും ഗൗരവതരമായ കാര്യങ്ങളിൽപോലും ആരേയും വേദനിപ്പിക്കാതെ പരിഹരിക്കാൻ കഴിവ് പുലർത്തുകയും ചെയ്ത പ്രിയ സുഹൃത്തായിരുന്നുവെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു.

മണ്ഡ്യരൂപത വികാരി ജനറാൾ ഫാ. ജോർജ് ആലുക്ക, മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ, പാലക്കീൽ അച്ചന്റെ പിതൃസഹോദര പുത്രന്മാരായ ഫാ. ജോസഫ് വള്ളോപ്പിള്ളിൽ, ഫാ. സൈമൺ വള്ളോപ്പിള്ളിൽ, വിയാനിഭവൻ ഡയറക്ടർ ഫാ. ജോസ് വാഴക്കാല എന്നിവരും വി.ബലിയിലും സംസ്കാര ശുശ്രൂഷയിലും സഹകാർമ്മികരായിരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് വൈദികരും സന്യാസിനികളും ആയിരക്കണക്കിന് വിശ്വാസികളും അന്തിമശുശ്രൂഷയിൽ പങ്കുചേർന്നു. ജനപ്രതിനിധികളും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഒട്ടേറെ പ്രമുഖരും അന്തിമോപചാരം അർപ്പിച്ചു.

വി.കുർബാനയ്ക്ക് ശേഷം ശവസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം ആരംഭിച്ചു. 12 മണിക്ക് അച്ചന്റെ മൃതദേഹം ദ്വാരകയിൽ വൈദികർക്കുവേണ്ടിയുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. മാനന്തവാടി രൂപതയുടെ വളർച്ചയിൽ വലിയ പങ്കു വഹിച്ച് നന്മയുടെയും സേവനത്തിന്റെയും ദീപം അനേകർക്ക് കൈമാറി നല്ല ഇടയന്റെ ഓർമ്മകൾ സമ്മാനിച്ച് നിത്യതയിലേയ്ക്ക് യാത്രയായ അച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ മാനന്തവാടി രൂപതാകുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ഒക്ടോബർ–2017 ലക്കം 10**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

## ഉള്ളടക്കം

ലോകമിഷൻദിന സന്ദേശം .......................................... 07
പുരോഹിതൻ സഭാശുശ്രൂഷകൻ ............................ 13
രൂപതാകച്ചേരി വാർത്തകൾ ...................................... 21
മതബോധനരംഗം ........................................................ 23
ചെറുപുഷ്പമിഷൻലീഗ് ............................................... 30
*Department of Youth Ministry* ........................................... 44
കെ.സി.വൈ.എം. ...................................................... 46
കുടുംബപ്രേഷിതത്വം .................................................. 52
സീയോൻ വാർത്തകൾ ............................................... 56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 58
സാമൂഹ്യ സേവനരംഗം (WSSS) ..................................... 63
ബയോവിൻ അഗ്രോ റിസർച്ച് ....................................... 68
റേഡിയോ മാറ്റൊലി .................................................. 72
*Mary Matha Arts & Science College* .................................... 80
*CEADOM* വിദ്യാഭ്യാസമേഖല ........................................ 81
ഡി.എഫ്.സി. ............................................................ 84
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............................. 88
കത്തോലിക്കാ കോൺഗ്രസ് ....................................... 89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 90
ബിഷപ്സ് പ്രോഗ്രാം .................................................... 91

# ലോകമിഷൻദിന സന്ദേശം-2017

## പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ

**ഫ്രാൻസിസ് മാർപാപ്പാ**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടുന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലിക സമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

**വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിത പ്രവർത്തനവും**

1. സന്മനസ്സുള്ള സർവ്വ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്ത

യാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടുന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടുത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണ്ണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ. 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷ പ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf.യോഹ 1:14).

**പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും**

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശു ക്രിസ്തു തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ - രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷ പ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടുത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശു

ദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ട മാക്കുന്നത് – മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടുത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നി ക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്ത വനായിരിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നത മായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു" ബെനഡിക്റ്റ് 16–ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടുന്ന് അവിടുത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവി ടുത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെ യും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീ രുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണ പരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമ നത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാ ണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധമാണ്" (അന്ത്യോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപര മായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവു കൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തി ക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി

ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീ സഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

**പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു**

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ  ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു.  സഭ  ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടുത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ  ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നതും സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നതും (അവിടെത്തന്നെ, 49).

**യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ**

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ  ആകർഷിച്ചുകൊണ്ടിരിക്കുന്നു.  മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു." (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

**പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം**

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവ സമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ.  അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ  ആധ്യാത്മി

കതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസിനീ സന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോക മിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തവ സമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

**സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം**

10. പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ്വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് "ഞാൻ സമ്മതിക്കുന്നു" എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

*വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കുസ്താ തിരുനാൾ ദിവസം*

# പുരോഹിതൻ: സഭാശുശ്രൂഷകൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: മർക്കോ 12,1–44)**

വി. മർക്കോസിന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായത്തിലെ അഞ്ചു പ്രബോധനങ്ങളാണ് നാം വിചിന്തനത്തിനു വിധേയമാക്കുന്നത്: 1. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (12:1–12); 2. നികുതിയെ പ്പറ്റിയുള്ള പ്രബോധനം (12:13–17); 3. പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനം (12:18–27); 4. സുപ്രധാന കല്പനകൾ (12:28–34); 5. വിധവ യുടെ സമർപ്പണം (12:41–44). ഇവ ജറുസലേമിൽവച്ച് ഈശോയും യഹൂദനേതാക്കളും തമ്മിലുണ്ടായ വിവാദങ്ങളും വാഗ്വാദങ്ങളുമാണ്.

ആരംഭത്തിൽ കൊടുത്തിരിക്കുന്ന മുന്തിരിത്തോട്ടത്തിലെ കൃഷി ക്കാരുടെ ഉപമ വ്യക്തമാക്കുന്നതുപോലെ യഹൂദനേതാക്കന്മാരിൽനിന്നും എടുത്തുമാറ്റപ്പെട്ട ദൈവജനനേതൃത്വം പുതിയ ദൈവജനമായ സഭാ നേതൃത്വത്തിനാണ് നല്കപ്പെടുന്നത്. ഈശോയുടെ ഉത്ഥാനത്തോടു കൂടി ഉപേക്ഷിക്കപ്പെട്ട കല്ലിനെ മൂലക്കല്ലാക്കിക്കൊണ്ട് (12:10) ദൈവം പണിയുന്ന ദൈവാലയമാണല്ലോ ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ. അതുകൊണ്ട് സഭാനേതൃത്വം വഹിക്കുന്ന പുരോഹി തർക്ക് ഈ പ്രബോധനങ്ങളിൽനിന്നും സന്ദേശമുൾക്കൊള്ളാൻ കഴിയും.

**1. ഉത്തരവാദിത്വബോധത്തോടെ ശുശ്രൂഷ ചെയ്യുന്നവൻ**

*"ഇനി മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ എന്തുചെയ്യും? അവൻ വന്ന് ആ കൃഷിക്കാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം വേറെ ആളുകളെ ഏല്പിക്കും. ഈ വിശുദ്ധ ലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ? പണിക്കാർ ഉപേക്ഷിച്ച കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ ഇത് അത്ഭുതകരമായിരിക്കുന്നു"* (12:9–11).

ഉപമയിൽ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച മനുഷ്യൻ ദൈവമാണ്. ഇസ്രായേലാണ് മുന്തിരിത്തോട്ടം (സങ്കീ 80:8–19; ജറെ 2:21). പാട്ടകൃഷി ക്കാർ ഇസ്രായേലിലെ നേതാക്കന്മാരും. (ഏശയ്യാ 5:1–2) വികസിപ്പിച്ചു

ണ്ടാക്കിയിട്ടുള്ളതാണ് ഈ ഉപമ. ഇസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം ഒരു കുറവും കൂടാതെ ദൈവം നല്കി. ഇസ്രായേലിന് ആവശ്യമായ സ്വാതന്ത്ര്യവും ദൈവം നല്കി. തോട്ടത്തിന്റെ ഉടമയ്ക്ക് പാട്ടക്കാർ വിളവെടുപ്പുകാലത്ത് വീഞ്ഞായോ മുന്തിരിയായോ പാട്ടം കൊടുക്കണമായിരുന്നു. ദൈവം തന്റെ അനുഗ്രഹങ്ങൾക്ക് ആനുപാതികമായി ഫലം പ്രതീക്ഷിക്കുന്നു. ഫലം ശേഖരിക്കാൻ ദൈവം അയച്ച ഭൃത്യർ പ്രവാചകന്മാരാണ്. ഇസ്രായേലിലെ നേതാക്കന്മാർ ദൈവത്തിന്റെ പ്രവാചകരെ നിരാകരിക്കുകയും പീഡിപ്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. പലരെ അയയ്ക്കുന്നത് ദൈവത്തിന്റെ നീണ്ട കാത്തിരിപ്പിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും പ്രതീകമാണ്. അനുതാപത്തിലേക്ക് ഇസ്രായേൽജനത്തെ നയിക്കാൻ ദൈവം നിരന്തരം നടത്തിയ ശ്രമങ്ങളെയാണ് അതു സൂചിപ്പിക്കുന്നത് (ജറെ 3:11-14, എസ 16:59-63, ഹോസി 2:2; 14:20).

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ സഭാംഗങ്ങൾക്ക് അവരുടെ ജീവിതനിയോഗം ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കുവാനും ക്രിസ്തീയ ജീവിതസാക്ഷ്യം നല്കുവാനും ധാർമ്മികമായ കർത്തവ്യമുണ്ട്. പലപ്പോഴും ക്രിസ്തീയജീവിതം വെറുമൊരു മതപരമായ ജീവിതമായിത്തീരുന്നുണ്ട്. സഭ മിശിഹായുടെ ശരീരവും സഭാംഗങ്ങൾ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളുമാണ്. അതുകൊണ്ട് ജീവിക്കുന്ന മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള ഉത്തരവാദിത്വം സഭാംഗങ്ങൾക്കുണ്ട്. ജീവിക്കുന്ന മിശിഹായെ ലോകത്തിനു കാണിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ടെങ്കിൽ സഭാശുശ്രൂഷകർക്ക് അപ്രകാരം സഭാസമൂഹത്തെ പടുത്തുയർത്തുവാനുള്ള ഉത്തരവാദിത്വമാണുള്ളത്. ഇപ്രകാരം ഉത്തരവാദിത്വബോധത്തോടെ സഭാസമൂഹത്തെ പടുത്തുയർത്തുവാനുള്ള ശുശ്രൂഷയാണ് പുരോഹിതർക്കുള്ളത്.

**2. ദൈവസാദൃശ്യത്തിൽ സഭാംഗങ്ങളെ വളർത്തുന്നവൻ**

"*അവർ അതു കൊണ്ടുവന്നപ്പോൾ അവൻ ചോദിച്ചു: ഈ രൂപവും ലിഖിതവും ആരുടേതാണ്? സീസറിന്റേത് എന്ന് അവർ പറഞ്ഞു. ഈശോ അവരോടു പറഞ്ഞു: സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക. അവർ അവനെക്കുറിച്ചു വിസ്മയിച്ചു*" (12:16-17).

ജറുസലേമിലെത്തിയ ഈശോ നേരിടുന്ന രണ്ടാമത്തെ വിവാദമാണ് സീസറിനു നികുതികൊടുക്കുന്നതിനെപ്പറ്റിയുള്ള വിവാദം. ഈശോയെ കെണിയിൽപെടുത്താൻ കരുതിക്കൂട്ടി ഒരുങ്ങിയാണ് ഇപ്രാവശ്യം യഹൂദനേതാക്കൾ ഈശോയെ സമീപിച്ചത്. പരസ്പരം യോജിക്കാത്ത രണ്ടു വ്യത്യസ്ത ഗ്രൂപ്പുകാരെയാണ്, ഫരിസേയരും ഹേറോദേസ് പക്ഷക്കാരും ചേർന്ന ഒരു പ്രതിനിധിസംഘത്തെയാണ്, അവർ ഈശോയുടെ പക്കൽ അയയ്ക്കുന്നത്. ഫരിസേയർ നികുതി കൊടുക്കുന്നതിനെ എതിർക്കുന്നവരാണെങ്കിൽ, ഹേറോദേസ് പക്ഷക്കാർ നികുതി കൊടുക്കുന്നതിനെ അനുകൂലിക്കുന്നവരാണ്. നികുതി കൊടുക്കാൻ പറഞ്ഞാൽ ഫരിസേയർ എതിർക്കും. നികുതി കൊടുക്കണ്ട എന്നു പറഞ്ഞാൽ ഹേറോദേസ് പക്ഷക്കാർ എതിർക്കും. ഇപ്രകാരം ഈശോയെ ഒരു പ്രതിസന്ധിയിൽ എത്തിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ ഈശോ അവരുടെ കുതന്ത്രങ്ങളിൽപെടാതെ അവരുടെ ചോദ്യത്തിന് നല്ല മറുപടി കൊടുക്കുന്നു: "സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക" (12,17). റോമാ ചക്രവർത്തിയുടെ രൂപമുള്ള നാണയം തീർച്ചയായും അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. അതുപയോഗിക്കുന്നവർ അദ്ദേഹത്തിന്റെ അധികാരത്തെ അംഗീകരിക്കുന്നവരാകയാൽ അദ്ദേഹം ആവശ്യപ്പെടുന്ന കപ്പം കൊടുക്കണം. അതേസമയം ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കണം എന്ന വസ്തുത അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഇവിടെ ഈശോ അവതരിപ്പിക്കുന്ന സുപ്രധാനമായ ഒരു ചിന്ത സീസറിന്റെ നാണയത്തിനു കൊടുക്കുന്ന നികുതിയും ദൈവത്തിനു നല്കേണ്ട ഭക്തിയും വേർതിരിച്ചുകാണണമെന്നാണ്. സീസറിന്റെ രൂപവും ലിഖിതവുമുള്ള നാണയം സീസറിന് അവകാശപ്പെട്ടതാണ്. എന്നാൽ ദൈവത്തിന്റെ ഛായയും സാദൃശ്യവുമുള്ള മനുഷ്യൻ ദൈവത്തിന്റേതാണ് (ഉല്പ 1:26-27). അതുകൊണ്ട് മനുഷ്യജീവിതത്തിൽ സുപ്രധാനമായത് ദൈവത്തിന്റെ അവകാശങ്ങളാണ്. മനുഷ്യരോടുള്ള കടപ്പാടുകളെ അവഗണിക്കാതെതന്നെ ദൈവത്തോടുള്ള കടപ്പാടുകൾ നിർവഹിക്കണം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലേക്ക് വളരേണ്ടവനാണ്. മനുഷ്യസൃഷ്ടി വിവരിച്ചുകൊണ്ട് വി. ഗ്രന്ഥം പറയുന്നത് ശ്രദ്ധിക്കുക: "ദൈവം അരുളിച്ചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം... അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു" (ഉല്പ 1:26-27). മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യ

ത്തിലും സൃഷ്ടിക്കാൻ പദ്ധതിയിട്ട ദൈവം, സൃഷ്ടിച്ചപ്പോൾ ഛായ യിൽമാത്രം സൃഷ്ടിച്ചു. എന്തുകൊണ്ട്? ദൈവപുത്രത്വത്തിൽ സൃഷ്ടിക്ക പ്പെട്ട മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലേക്കു വളരണം. യോഹ ന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം ഈ വളർച്ച സൂചിപ്പിക്കുന്നുണ്ട്: "നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നമുക്കറിയാം. അവി ടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും" (3,2). ദൈവസാദൃശ്യത്തിലേക്കുള്ള ഈ വളർച്ചയാണ് ദൈവികീകരണം അഥവാ വിശുദ്ധീകരണം. സഭയിൽ പുരോഹിതന്റെ ഏറ്റം പ്രധാനപ്പെട്ട ശുശ്രൂഷ ദൈവസാദൃശ്യത്തിലേക്കു മനുഷ്യനെ വളർത്തുന്ന വിശുദ്ധീകരണശുശ്രൂഷയാണ്.

**3. അന്ത്യോന്മുഖമായ ആഭിമുഖ്യത്തിൽ സഭാസമൂഹത്തെ വളർത്തു ന്നവൻ**

"*മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ച്, ദൈവം മുൾപ്പടർപ്പിൽനിന്നു മോശയോട് അരുളിച്ചെയ്തത് എന്താണെന്ന് മോശ യുടെ പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ? അവിടുന്നു പറഞ്ഞു: ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോ ബിന്റെ ദൈവവുമാണ്. അവിടുന്നു മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്. നിങ്ങൾക്കു വലിയ തെറ്റുപറ്റിയിരിക്കുന്നു*" (12:26-27).

ജറുസലേമിൽ ഈശോ അഭിമുഖീകരിക്കുന്ന മൂന്നാമത്തെ വാഗ്വാദം പുനരുത്ഥാനത്തെക്കുറിച്ചാണ്. പുനരുത്ഥാനത്തിൽ വിശ്വസി ക്കാത്ത സദുക്കായരാണ് ഇവിടെ ഈശോയെ സമീപിക്കുന്നത്. ഇവർ നിയമഗ്രന്ഥത്തിന്റെ ആധികാരികതമാത്രമേ അംഗീകരിച്ചിരുന്നുള്ളു. പാരമ്പര്യമോ വിശുദ്ധഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളോ അവർ അംഗീ കരിച്ചിരുന്നില്ല. സ്വർഗരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്ന ഈശോയുടെ പ്രബോധനം തെറ്റാണെന്നു സ്ഥാപിക്കുവാനും അങ്ങനെ ജനമദ്ധ്യത്തിലുള്ള ഈശോയുടെ സ്വീകാര്യതയെ ഇല്ലാതാക്കാമെന്നു കരുതിയുമാണ് ലെവിരേറ്റുനിയമം (നിയ 25:5-6) ഉദ്ധരിച്ചുകൊണ്ട് അവർ ഈ കുസൃതി ചോദ്യവുമായി ഈശോയെ സമീപിച്ചത്. എന്നാൽ അവരുടെ ചോദ്യം അസ്ഥാനത്താണെന്ന് ഈശോ സ്ഥാപിക്കുന്നു. പുനരുത്ഥാനാവസ്ഥ ഭൂമിയിലെ അവസ്ഥയല്ലെന്നും അവിടെ വിവാഹ ത്തിനു പ്രസക്തിയില്ലെന്നും അവിടുന്നു പറഞ്ഞു. മാത്രമല്ല, പുറ 3:6 ന്റെ വെളിച്ചത്തിൽ അവർ അംഗീകരിക്കുന്ന നിയമഗ്രന്ഥംതന്നെ പുനരു ത്ഥാനത്തെ ന്യായീകരിക്കുന്നുണ്ടെന്നും ഈശോ തെളിയിക്കുന്നു.

ഈശോ പ്രഘോഷിച്ച സുവിശേഷം 'സ്വർഗരാജ്യ'ത്തിന്റെ സുവിശേഷമാണ് (മത്താ 4:17). അത് അവശ്യം അന്ത്യോന്മുഖമാണ്. സ്വർഗരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമാണ് സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം. സഭാസമൂഹം സ്വർഗോന്മുഖമായ സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായിരിക്കണം. അല്ലെങ്കിൽ സഭയുടെ അസ്തിത്വത്തിന് പ്രസക്തിയില്ല. അതുകൊണ്ടു സഭാസമൂഹത്തെ അന്ത്യോന്മുഖമായ ആഭിമുഖ്യത്തിൽ വളർത്തുവാനുള്ള ദൗത്യമാണ് പുരോഹിതനുള്ളത്. "മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് - നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15:13-14). ഇന്നത്തെ കാലഘട്ടത്തിൽ ലൗകായതികത മനുഷ്യനെ വളരെയധികം സ്വാധീനിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. മനുഷ്യകുലത്തിന്റെ കൂദാശയായിത്തീരേണ്ട സഭാസമൂഹത്തെ അന്ത്യോന്മുഖജീവിതത്തിന് സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി നിലനിർത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. പുരോഹിതൻ അപ്രകാരം ജീവിക്കുകയും അങ്ങനെ ജീവിക്കാൻ തന്റെ സഭാസമൂഹത്തെ പരിശീലിപ്പിക്കുകയും ചെയ്യണം.

**4. സ്നേഹസമൂഹത്തിനു രൂപംകൊടുക്കുന്നവൻ**

"*ഈശോ പ്രതിവചിച്ചു: ഇതാണ് ഒന്നാമത്തെ കല്പന: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണാത്മാവോടും, പൂർണമനസ്സോടും, പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയേക്കാൾ വലിയ കല്പനയൊന്നുമില്ല*" (12:29-31).

ഒരു നിയമജ്ഞൻ ചോദിച്ച ചോദ്യത്തിന് ഈശോ മറുപടി കൊടുക്കുന്ന ഭാഗമാണിത്. "എല്ലാറ്റിലും പ്രധാനമായ കല്പന ഏതാണ്?" എന്ന ചോദ്യത്തിന് ഉത്തരമായി ഇസ്രായേൽ ദിവസവും രണ്ടുനേരം ചൊല്ലുന്ന 'ഷ്മാ പ്രാർത്ഥന'(നിയ 6:4-5)യുടെ ആദ്യവാക്യം ഉദ്ധരിച്ചുകൊണ്ട് ഈശോ മറുപടി പറയുന്നു. ഏകദൈവവിശ്വാസത്തെക്കുറിക്കുന്ന ആദ്യത്തെ ഭാഗം (നിയ 6:4) മത്തായി, ലൂക്കാ സുവിശേഷകന്മാരിൽ കാണുന്നില്ല. മുമ്പു ബഹുദൈവാരാധകരായിരുന്ന തന്റെ വായനക്കാരെ മുന്നിൽ കണ്ടുകൊണ്ടായിരിക്കാം മർക്കോസ് ഇത് ഉൾപ്പെടുത്തിയത്. ഒരേയൊരു ദൈവം മാത്രമേയുള്ളുവെന്നതാണ് നിയ 6:5-ാം

വാക്യത്തിനാധാരം. ആ ഒരൊറ്റ ദൈവത്തെ, ആ ദൈവത്തെമാത്രം, പൂർണമായി സ്നേഹിക്കണം. നിയമജ്ഞൻ പരമപ്രധാനമായ ഒരു കല്പനയേ ആവശ്യപ്പെടുന്നുള്ളു. പക്ഷേ, ഈശോ രണ്ടെണ്ണമാണ് നല്കുന്നത്. രണ്ടാമത്തേതു കൂടാതെ ഒന്നാമത്തെ കല്പന പാലിക്കാൻ പറ്റില്ലെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവസ്നേഹവും പരസ്നേഹവും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തെ പിതാവായി അംഗീകരിക്കുന്ന വ്യക്തി പുത്രസഹജമായ സ്നേഹത്തോടെ അവിടുത്തെ സ്നേഹിക്കും. എല്ലാ മനുഷ്യരെയും പരസ്പരസഹോദരങ്ങളായി അംഗീകരിച്ച് അവരെയും സ്നേഹിക്കും. യഥാർത്ഥ ദൈവസ്നേഹമുള്ളിടത്ത് പരസ്നേഹവും യഥാർത്ഥ പരസ്നേഹമുള്ളിടത്ത് ദൈവസ്നേഹവുമുണ്ടായിരിക്കും.

ദൈവസ്നേഹവും പരസ്നേഹവുമാണ് സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ സവിശേഷത. സഭ ആത്യന്തികമായി ഒരു കുടുംബമാണ് എന്ന വസ്തുത മറക്കാൻ പാടില്ല. സഭയ്ക്കു പലരും പലപ്പോഴും ഒരു മതത്തിന്റെയോ സ്ഥാപനത്തിന്റെയോ പരിവേഷമാണ് നല്കുന്നത്. വിവിധ മതങ്ങളും മതാനുയായികളുമുള്ള ഒരു പശ്ചാത്തലത്തിൽ അപ്രകാരം സഭയെ കാണുക സ്വാഭാവികമാണ്. എന്നാൽ ഈശോ വന്നത് ഒരു മതം സ്ഥാപിക്കാനോ ഒരു സ്ഥാപനത്തിനു രൂപം കൊടുക്കാനോ അല്ല. മനുഷ്യകുലത്തെ പാപത്തിൽനിന്നും രക്ഷിക്കുവാനാണ്. പാപത്തിന്റെ ഫലമായി ദൈവത്തിന്റെ ഛായയും സാദൃശ്യവും നഷ്ടപ്പെടുത്തിയ മനുഷ്യകുലത്തിന് അതു വീണ്ടെടുത്തു നല്കുവാനാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ അതു സൂചിപ്പിക്കുന്നുണ്ട്. ലോകത്തിന്റെ പാപംനീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായ (1:29) ഈശോയെ സ്വീകരിച്ചവർക്കെല്ലാം, അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ അവകാശം നല്കി (1:12). ദൈവമക്കൾക്കടുത്ത പിതൃപുത്രബന്ധവും സാഹോദര്യവും ജീവിക്കുന്ന, ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്ന, ദൈവമക്കളുടെ കുടുംബസ്വഭാവമാണ് സഭയ്ക്കുള്ളത്. ഈ രീതിയിൽ ഒരു സ്നേഹസമൂഹമായി സഭയെ കെട്ടിപ്പടുക്കുക എന്നതാണ് പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യം (PO 6). അതുകൊണ്ട് പിതൃസഹജമായ സ്നേഹത്തോടെ സഭാശുശ്രൂഷ നിർവഹിച്ച് കുടുംബാരൂപിയിൽ സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ പുരോഹിതനു കഴിയണം.

**5. ദാരിദ്ര്യചൈതന്യത്തിൽ സഭാസമൂഹത്തെ പരിശീലിപ്പിക്കുന്നവൻ**

"*അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ചു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു. എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു. ഇവളാകട്ടെ, തന്റെ ദാരിദ്ര്യത്തിൽനിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു?*" (12:43-44).

വേദപണ്ഡിതർക്കെതിരെ ശക്തമായ വിമർശനം നടത്തിയ ഈശോ ഈ വചനഭാഗത്ത്, ഒരു വിധവ ദൈവാലയത്തിന്റെ നടത്തിപ്പിൽ സഹായിക്കാനായി തന്റെ എളിയ സംഭാവന നല്കുന്നതു കണ്ട്, തന്റെ ശിഷ്യന്മാരോട് അതിനെപ്പറ്റി പ്രശംസിച്ചുകൊണ്ടു സംസാരിക്കുന്നു. അവൾ ഭണ്ഡാരത്തിൽ നിക്ഷേപിച്ചത് രണ്ടു ചെമ്പുനാണയങ്ങളാണ്. ഒരു ചെമ്പുനാണയമെന്നത് റോമാസാമ്രാജ്യത്തിലെ ഒരു 'ലെപ്താ'ക്ക് തുല്യമായിരുന്നു. നൂറിലധികം ലെപ്താകൾ കൂടിയാലേ ഒരു 'ദേനാറാ' ആകുകയുള്ളു. ഒരു ദേനാറാ എന്നു പറയുന്നത് ഒരാളുടെ ഒരു ദിവസത്തെ കൂലിയാണ്. തീർച്ചയായും വളരെ ചെറിയ ഒരു തുകയാണ് വിധവയായ സ്ത്രീ നേർച്ചപ്പെട്ടിയിൽ നിക്ഷേപിച്ചത്. അത് അവസരമാക്കി ഈശോ ശിഷ്യരെ പഠിപ്പിക്കുകയാണ്. ഈശോ ശിഷ്യരെ അടുത്തുവിളിച്ചു എന്നതും "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന ആമുഖവും സൂചിപ്പിക്കുന്നത് ഈശോ ഇവിടെ നല്കുന്ന പ്രബോധനത്തിന്റെ പ്രാധാന്യമാണ്. ധനികരുടെ ധാരാളിത്തവും വിധവയുടെ ഇല്ലായ്മയുമാണ് ഇവിടെ താരതമ്യം ചെയ്യപ്പെടുന്നത്. ധനികർ തങ്ങളുടെ സമ്പത്തിൽനിന്ന് വലിയ ഒരു തുക നല്കിയെന്നു പറയുമ്പോൾതന്നെ വിധവ അവൾക്കുണ്ടായിരുന്നതെല്ലാം സംഭാവനയായി നല്കിയെന്നാണ് സുവിശേഷകൻ പറയുന്നത്. ഉള്ളതെല്ലാം കൊടുക്കുന്നതിന് അവളെ പ്രേരിപ്പിച്ചത് ദൈവത്തിലും ദൈവത്തിന്റെ പരിപാലനയിലുമുള്ള അവളുടെ വിശ്വാസമാണ്; അവളുടെ ദാരിദ്ര്യചൈതന്യമാണ്.

സഭാസമൂഹങ്ങളിൽ ഉണ്ടായിരിക്കണമെന്നു ദൈവം പ്രതീക്ഷിക്കുന്നത് ഇപ്രകാരമുള്ള ദാരിദ്ര്യചൈതന്യമാണ്. ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം എന്ന പുതിയ കല്പന പ്രാവർത്തികമാക്കണമെങ്കിൽ ഇപ്രകാരമുള്ള ദാരിദ്ര്യചൈതന്യം സഭാംഗങ്ങൾക്കുണ്ടാവണം. ആദിമസഭയിൽ ഈ ദാരിദ്ര്യചൈതന്യം വളരെ പ്രകടമായിരുന്നു: "വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും

തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (നട. 2:44-45). ഈ ദാരിദ്ര്യ ചൈതന്യമുണ്ടെങ്കിലേ സ്നേഹത്തിന്റെ സാക്ഷ്യം കൊടുക്കുവാൻ സഭാസമൂഹങ്ങൾക്കു സാധിക്കുകയുള്ളു. ഈ ദാരിദ്ര്യചൈതന്യം പുരോഹിതൻതന്നെ ജീവിക്കുകയും അപ്രകാരം ജീവിക്കുവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

**ജീവിതസൂചിക**

1. മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുതകുന്ന ജീവിതശൈലിയിൽ സഭാസമൂഹത്തെ പടുത്തുയർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. ദൈവികീകരണത്തിന് അഥവാ വിശുദ്ധീകരണത്തിന് പ്രഥമസ്ഥാനം നല്കുന്ന ഒരു ശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?
3. അന്യോന്മുഖമായ ജീവിതം നയിക്കുവാൻ ഞാൻ പരിശ്രമിക്കുകയും അതിനായി ജനങ്ങളെ ഞാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
4. പിതൃസഹജമായ സ്നേഹത്തോടെ ശുശ്രൂഷ ചെയ്ത് കുടുംബാരൂപിയിൽ ഇടവകാംഗങ്ങളെ വളർത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ദാരിദ്ര്യചൈതന്യത്തിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരാനും പരി.അമ്മയുടെ മാദ്ധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ഒക്‌ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്‌ടോബർ 22**

ഒക്‌ടോബർ മാസം 22 തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ചതുക കഴിവതും നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയുടെ ബഹു.ഫാ. ജോസഫ് മാലിപ്പറമ്പിൽ മിഷൻ അവാർഡ് കരസ്ഥമാക്കിയ ബഹു. ജോർജ് മമ്പള്ളി അച്ചന് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ

അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. ഇടയവീഥിയിലുടനീളം കാണിച്ച തീക്ഷ്ണമായ മിഷൻ ചൈതന്യം നിറഞ്ഞ പ്രവർത്തന ങ്ങൾക്കുള്ള അംഗീകാരമാണ് അച്ചന് ലഭിച്ചിരിക്കുന്ന ഈ അവാർഡ്.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരു ടെയും ഒരു യോഗം 2017 നവംബർ 7 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ കത്ത് മുഖേന ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 11 ശനിയാഴ്ച 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്റ റിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറി യിക്കുന്നതാണ്.

**സ്നേഹാനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ച ന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി.ബലികളിലും നമുക്കോർക്കാം. ആ ദിവസങ്ങളിൽ വിയാനിഭവൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി.ബലിയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

**Plus Two വിദ്യാർത്ഥി സംഗമം**

സെപ്റ്റംബർ 3-ാം തീയതി തരിയോട് ഫൊറോനയിലും 10-ാം തീയതി ചുങ്കക്കുന്ന് ഫൊറോനയിലും 17-ാം തീയതി മുള്ളൻകൊല്ലി ഫൊറോനയിലും പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം നടത്തപ്പെട്ടു. സംഗമത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയ മേഖലാ ഡയറക്ടേഴ്സ് ബഹു. ജെയിംസ് മാങ്കോട്ടിൽ അച്ചനും, ബഹു. സിറിയക് വളച്ചനാത്ത് അച്ചനും, ബഹു. സജി കോട്ടായിൽ അച്ചനും മേഖലാ നേതൃത്വത്തിനും ഹൃദയം നിറഞ്ഞ നന്ദി. ഒക്ടോബർ 8-ന് നടവയൽ ഫൊറോനയിലും ഒക്ടോബർ 15-ന് ബത്തേരി ഫൊറോനയിലും നവംബർ 5-ന് മണിമൂളി- നിലമ്പൂർ റീജിയണിലും പ്ലസ്ടു സംഗമങ്ങൾ നടത്തപ്പെടുന്നതാണ്.

**DCC സംഗമം**

DCC 2017-2019 ബാച്ചിന്റെ പ്രഥമസംഗമം സെപ്റ്റംബർ 10-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 57 വിദ്യാർത്ഥികൾ സംഗമത്തിൽ പങ്കെടുത്തു. ബഹു. ജോണി അമ്പാട്ട് സാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മണിമൂളി-നിലമ്പൂർ മേഖലയിലെ DCC വിദ്യാർത്ഥികളുടെ പ്രഥമസംഗമം ഒക്ടോബർ 7-ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**HDC II[nd] Year കോണ്ടാക്ട് ക്ലാസ്**

HDC രണ്ടാം വർഷക്കാരുടെ കോണ്ടാക്ട് ക്ലാസ് ഒക്ടോബർ 14-ന് ദ്വാരകയിലും 21-ന് ബത്തേരിയിലും 28-ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നു.

**HDC I[st] Year കോണ്ടാക്ട് ക്ലാസ്**

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ കോണ്ടാക്ട് ക്ലാസ് നവംബർ 4-ന് ബത്തേരിയിലും നവംബർ 11-ന് ദ്വാരകയിലും നവംബർ 18-ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നതാണ്.

## First Term Exam ഒക്ടോബർ 29-ന്

1 മുതൽ 12 വരെ ക്ലാസുകളിൽ വിശ്വാസപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ First Term Exam ഒക്ടോബർ 29-നാണ്. 11 മണിമുതൽ 1.00 മണിവരെയാണ് പരീക്ഷാസമയം. ഈ സമയത്തുതന്നെ പരീക്ഷ നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ചോദ്യപേപ്പറുകൾ ഒക്ടോബർ 28-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും സെന്റ് ജോസഫ്സ് ബുക്കു സ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) എടുക്കേണ്ടതാണ്.

XII ക്ലാസ്സിലെ ഉപപാഠപുസ്തകത്തിന്റെ സിലബസ് ശ്രദ്ധിക്കുക - I[st] Term Chapters I to IV, II nd Term Chapters V to VI.

## XI, XII ഉപപാഠ പുസ്തകങ്ങളുടെ Question Bank

XI, XII ക്ലാസുകളിലെ ഉപപാഠപുസ്തകങ്ങളുടെ Question Bank നമ്മുടെ വെബ്സൈറ്റിൽ (www.catechismmdy.org) upload ചെയ്തിട്ടുണ്ട്. ആവശ്യമുള്ളവർക്ക് സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്.

## XI വിദ്യാർത്ഥികളുടെ രൂപതാ സംഗമം

നവംബർ 12-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിൽ 11-ാം ക്ലാസിൽ വിശ്വാസപരിശീലനം നേടിക്കൊണ്ടിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ക്രമീകരിക്കുന്നു. രാവിലെ 9.30-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി.ബലിയോടുകൂടെ സംഗമം ആരംഭിക്കും. തുടർന്ന് വൈകുന്നേരം 4.00 pm വരെ വിദ്യാർത്ഥികൾക്കുള്ള Session ആയിരിക്കും. വിശദാംശങ്ങൾ കത്ത് മുഖേന അറിയിച്ചുകൊള്ളാം.

## രൂപതാ ഡയറക്ടറുടെ സന്ദർശനം

മീനങ്ങാടി, നരിവാലമുണ്ട, കൊട്ടിയൂർ, ആടിക്കൊല്ലി, പോരൂർ, എന്നീ ഇടവകകൾ സന്ദർശിക്കുകയും വി.ബലി അർപ്പിച്ച് മാതാപിതാക്കളോടും മതാധ്യാപകരോടും വിദ്യാർത്ഥികളോടും സംസാരിക്കുകയും ചെയ്തു. എല്ലാം ഭംഗിയായി ക്രമീകരിച്ച ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും മതാധ്യാപകർക്കും സ്നേഹപൂർവ്വം നന്ദി.

## ചർച്ചാ വിഷയം IV

**സഭാ പ്രബോധനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും**

ജീവിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മഹത്വമാണ്. മനുഷ്യനെക്കുറിച്ചുള്ള സത്യത്തിന്റെ പൂർണ്ണമായ വെളിപാട് സഭ സുവിശേഷങ്ങളിൽ നിന്നും സ്വീകരിക്കുന്നു. സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യന്റെ മാഹാത്മ്യത്തിനും, വ്യക്തികൾ തമ്മിലുള്ള സംസർഗ്ഗത്തിലേക്കുള്ള അവന്റെ വിളിക്കും സാക്ഷ്യം നൽകുന്നു. പൊതുവിൽ വിശ്വാസം, ധാർമ്മികത, ശിക്ഷണം തുടങ്ങിയ അജപാലനപരമായ വിഷയം സംബന്ധിച്ച് സഭ മുഴുവനും വേണ്ടി മാർപ്പാപ്പ പുറപ്പെടുവിക്കുന്ന ഔദ്യോഗിക ലേഖനമാണ് ചാക്രിക ലേഖനം. ഇവയെ വിശ്വാസവും ആത്മീയവുമായ വിഷയങ്ങളെ സംബന്ധിച്ചുള്ളവയെന്നും സാമൂഹികവിഷയങ്ങളെ സംബന്ധിച്ചുള്ള വയെന്നും വേർതിരിക്കാൻ കഴിയും. സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ മനസ്സിലാക്കി അവയെ നേരിടുകയും അതിജീവിക്കു കയും ചെയ്തില്ലെങ്കിൽ ഏത് സമൂഹവും ശിഥിലമാകും, വെല്ലുവിളികൾ എന്നുമുണ്ടാകും. സമുചിതമായ പ്രതികരണം നൽകാനുള്ള ചുമതല സഭയ്ക്കുണ്ട്. വ്യക്തിയുടെ മൗലികാവകാശങ്ങൾക്കോ ആത്മാക്കളുടെ രക്ഷയ്ക്കോ ആവശ്യമായിവരുമ്പോൾ സഭ സാമ്പത്തികവും സാമൂഹികപരവുമായ കാര്യങ്ങളെ സംബന്ധിച്ച് ധാർമ്മിക വിധി നിർണ്ണയം നടത്തുന്നു. രാഷ്ട്രീയാധികാരികളിൽ നിന്നും വ്യത്യസ്ത മായി പൊതുനൻമയുടെ കാലികവശങ്ങളിൽ സഭയ്ക്ക് താത്പര്യമുണ്ട്. കാരണം ആത്യന്തികലക്ഷ്യമായ പരമനൻമയിലേക്ക് നയിക്കുകയാണ് സഭയുടെ ലക്ഷ്യം. ഭൗതികവസ്തുക്കളെ സംബന്ധിച്ചും സാമൂഹിക സാമ്പത്തിക ബന്ധങ്ങളെ സംബന്ധിച്ചും ശരിയായ മനോഭാവങ്ങൾ സൃഷ്ടിക്കുവാൻ സഭ പരിശ്രമിക്കുന്നതിന്റെ അടയാളങ്ങളാണ് ചാക്രികലേഖനങ്ങൾ. മെത്രാൻ രൂപതയിലെ അജഗണത്തെ ഇടയലേഖനത്തിലൂടെ പഠിപ്പിക്കുമ്പോൾ മാർപ്പാപ്പ ആഗോള സഭയേയും, ലോകം മുഴുവനേയും ചാക്രികലേഖനങ്ങളിലൂടെ തന്റെ പ്രബോധനാധികാരം വിനിയോഗിച്ച് പഠിപ്പിക്കുന്നു.

സഭയുടെ സാമൂഹികപ്രബോധനങ്ങൾ; പരിചിന്തനത്തിനുള്ള തത്വങ്ങൾ നിർദ്ദേശിക്കുകയും വിധിതീർപ്പിനുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിക്കുകയും പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു. (CCC 2423)

1740-ൽ ബെനഡിക്ട് XIV -ാമൻ മാർപ്പാപ്പ മെത്രാൻമാരുടെ ചുമതലകളെക്കുറിച്ച് പുറപ്പെടുവിച്ച *ഊബി പ്രിമും* (Ubi Primum) ആണ് സഭയുടെ പ്രഥമ ചാക്രികലേഖനം. 1891 മെയ് 15 ലെയോ പന്ത്രണ്ടാമൻ മാർപ്പാപ്പ തൊഴിൽ മേഖലയിലെ സാമൂഹിക പ്രശ്നത്തിന് ക്രൈസ്തവപരിഹാരം നിർദ്ദേശിച്ചെഴുതിയ *റേരും നൊവാരും* ആണ് സാമൂഹിക പ്രബോധനങ്ങളുടെ ഗണത്തിൽപെടുന്ന പ്രഥമ ചാക്രികലേഖനം. ഫ്രാൻസിസ് പാപ്പായുടെ *ലൗദാത്തോ സി* വരെ ഏകദേശം 340-ൽ അധികം ചാക്രികലേഖനങ്ങൾ വിവിധ വിഷയങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ടിട്ടുണ്ട്. ചാക്രികലേഖനങ്ങൾക്ക് പുറമേ മാർപ്പാപ്പയാൽ എഴുതപ്പെടുന്ന ലേഖനങ്ങളെ ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ച് വിവിധ ഗണത്തിൽപ്പെടുത്തിയിട്ടുണ്ട്.

1. പേപ്പൽ കോൺസ്റ്റിറ്റ്യൂഷൻ (Papal Constitution)

സാധാരണയായി സിദ്ധാന്തപരമോ, ശിക്ഷണപരമോ, നിയമപരമോ ആയ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളുന്ന രേഖ.

2. ബൂള (Bull)

വിശുദ്ധരുടെ പദവിയിലേക്ക് ഒരാളെ ഉയർത്തുന്നതായോ സഭാപരമായ അധികാരം ഒരാൾക്ക് നൽകുന്നതായോ ഒരു രൂപത സ്ഥാപിക്കുന്നതോ രേഖപ്പെടുത്തുന്ന കൽപ്പന. (മാർപ്പാപ്പയുടെ പേരും വി. പത്രോസിന്റയും വി. പൗലോസിന്റെയും രൂപങ്ങളും കൊത്തിയിട്ടുള്ള മുദ്രയാണ് ബൂള എന്നറിയപ്പെടുന്നത്. പിൽക്കാലത്ത് ആ മുദ്ര പതിക്കുന്ന കൽപ്പനകളും ബൂള എന്നു വിളിക്കപ്പെടുന്നു.)

3. ബ്രീഫ് (Brief)

പ്രത്യേകാനുവാദങ്ങൾ, പ്രാധാന്യം കുറഞ്ഞ കൽപ്പനകൾ, ദാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന കൽപ്പന.

4. റെസ്ക്രിപ്റ്റ് (Rescript)

അപേക്ഷപ്രകാരം നൽകുന്ന അനുവാദമോ ചുമതലകളിൽ നിന്നുള്ള ഒഴിവാക്കലോ രേഖപ്പെടുത്തുന്ന കൽപ്പന.

5. മോത്തു പ്രോപ്രിയ (Motu Propria)

അപേക്ഷപ്രകാരമല്ലാതെ, മാർപ്പാപ്പ സ്വമേധയാ എടുക്കുന്ന നടപടികളും, നൽകുന്ന ആനുകൂല്യങ്ങളും രേഖപ്പെടുത്തുന്ന കൽപ്പനകൾ ഈ ഗണത്തിൽപ്പെടുന്നു.

6. അപ്പസ്തോലിക ലേഖനം (Apostolic Letter)

പൊതുകാര്യങ്ങളെപ്പറ്റി ഉത്തരവാദിത്വപ്പെട്ട വ്യക്തികൾക്കയക്കുന്ന ലേഖനത്തിന് അപ്പസ്തോലികലേഖനം എന്നു പറയും.

7. ഡിക്രികൾ– പ്രമാണരേഖകൾ

റോമൻ കാര്യാലയങ്ങളോ (Offices) സംഘങ്ങളോ (Congregations) പുറപ്പെടുവിക്കുന്നതാണ് പ്രമാണരേഖകൾ. മാർപ്പാപ്പ ഇവയ്ക്ക് പൊതുവായോ, പ്രത്യേകമായോ അംഗീകാരം നൽകിയിരിക്കും. പൊതു സൂനഹദോസുകളുടെ പ്രമാണരേഖകളെയും ഡിക്രികൾ എന്നാണ് വിളിക്കുന്നത്. മാർപ്പാപ്പയാണ് അവയെ അംഗീകരിച്ച് വിളംബരം ചെയ്യുന്നത്.

8. ചിറോഗ്രാഫി (Chirographi)

മാർപ്പാപ്പയുടെ കൈപ്പടയിൽ എഴുതുന്ന കത്തുകൾ.

9. അപ്പസ്തോലിക സന്ദേശം (Apostolic Message)

പ്രത്യേക ആഘോഷങ്ങളോ, ദിനങ്ങളോ സംബന്ധിച്ച് മാർപ്പാപ്പ നൽകുന്ന സന്ദേശമാണിത്.

സഭയുടെ സാമൂഹിക പ്രബോധനങ്ങൾ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ, യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തലുകൾക്കനുസരിച്ച് ചരിത്രഗതിയിലുള്ള സംഭവങ്ങളെ വ്യാഖ്യാനിക്കുന്നതാണ്. സാമൂഹികക്രമത്തെ അസ്വസ്ഥമാക്കുന്ന അനേകം സംഘട്ടനങ്ങളെയും അവയുടെ കാരണങ്ങളെയും സഭാദർശനത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, അതോടൊപ്പം കാലിക സാഹചര്യങ്ങളോട് ബന്ധപ്പെടുത്തി വിശ്വാസവും ആത്മീയവുമായ വിഷയങ്ങളെ വ്യാഖ്യാനിച്ച് നിലപാടുകൾ വ്യക്തമാക്കുകയും നിർദ്ദേശങ്ങൾ നൽകുകയുമാണ് വിശ്വാസസംബന്ധമായ ചാക്രികലേഖനങ്ങൾ ചെയ്യുന്നത്.

സഭയുടെ പ്രബോധനാധികാരത്തിൽ അധിഷ്ഠിതമാണ് ചാക്രികലേഖനങ്ങൾ: വിശ്വസിക്കേണ്ട സത്യവും പ്രയോഗത്തിലാക്കേണ്ട സ്നേഹവും, പ്രത്യാശിക്കേണ്ട സൗഭാഗ്യവും വിശ്വാസികളെ പഠിപ്പിക്കുവാൻ, ക്രിസ്തുവിന്റെ അധികാരമുള്ള മാർപ്പാപ്പ അദ്ദേഹവുമായി കൂട്ടായ്മയിൽ കഴിയുന്ന മെത്രാൻമാർക്കുള്ളതാണ് പ്രബോധനാധികാരം (CCC 2034). സഭയുടെ പ്രബോധനാധികാരം മനുഷ്യർ യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവെന്ന് പ്രഘോഷിക്കുകയും, അവർ ദൈവത്തിന്റെ മുൻപിൽ എന്തായിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന പ്രവാചക ധർമ്മത്തിന്റെ സത്താപരമായ നിറവേറ്റലാണ്. അതിനാൽ നിയമാനുസൃതമായുള്ള അധികാരത്താൽ

പ്രഖ്യാപിക്കുന്ന അനുശാസനകളും കൽപ്പനകളും പാലിക്കാൻ വിശ്വാസികൾക്ക് കടമയുണ്ട്. സ്നേഹത്തിലുള്ള വിധേയത്വമാണ് ഇത് നമ്മോട് ആവശ്യപ്പെടുന്നത്. (CCC 2035, 36)

സാർവ്വത്രികസഭയുടെ ഇടയനും ക്രിസ്തുവിന്റെ പ്രതി പുരുഷനുമെന്ന നിലയിൽ വഹിക്കുന്ന ഉദ്യോഗത്തിന്റെ ശക്തിയാൽ സഭയിൽ സമ്പൂർണ്ണവും, പരമവും സാർവ്വത്രികവുമായ അധികാരം മാർപ്പാപ്പയ്ക്കുണ്ട്. ഈ അധികാരം പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിനുണ്ട്.

സാർവ്വത്രികസഭയുടെമേൽ അധികാരം നടത്താനുള്ള മെത്രാൻ സംഘത്തിന്റെ പരമാധികാരം ഔദ്യോഗികമായി കൈകാര്യം ചെയ്യുന്നത് സാർവ്വത്രിക സൂനഹദോസിലൂടെയാണ്.

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള ഒരു സത്യം നിർണ്ണായകമായി പ്രഖ്യാപിക്കുമ്പോൾ മെത്രാൻ സംഘത്തിന്റെ തലവനെന്ന നിലയ്ക്ക് ഉദ്യോഗത്താൽതന്നെ റോമാ മാർപ്പാപ്പയ്ക്ക് അപ്രമാദിത്വം ഉണ്ട്. മാർപ്പാപ്പയുടെ തീരുമാനങ്ങൾ സഭയുടെ അംഗീകാരം കൂടാതെ തന്നിൽത്തന്നെ അവികലമാണ്. എന്തുകൊണ്ടെന്നാൽ വി. പത്രോസിൽ മാർപ്പാപ്പയ്ക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ദിവ്യാരൂപിയുടെ സഹായത്താലാണ് ഇവ പ്രഖ്യാപിക്കുന്നത്.

റോമാ മാർപ്പാപ്പയോ അദ്ദേഹത്തോട് ചേർന്ന മെത്രാൻ സംഘമോ ഒരു വിധി പ്രഖ്യാപിക്കുമ്പോൾ ദൈവാവിഷ്കരണത്തിന് അനുസസൃതമായിരിക്കും ആ പ്രഖ്യാപനം. ഇത് അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.

മെത്രാൻമാരിൽ ഓരോരുത്തർക്കും അപ്രമാദിത്വമില്ലെങ്കിലും അവർക്ക് ക്രിസ്തുവിന്റെ പ്രബോധനം പ്രമാദരഹിതമായി പ്രഖ്യാപിക്കാം. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളെപ്പറ്റി മെത്രാൻമാർ ക്രിസ്തുവിന്റെ നാമത്തിൽ പഠിപ്പിക്കുന്നവ മതപരമായ ബോധ്യത്തോടെ വിശ്വാസികൾ സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യണം. (തിരുസഭ 25)

ഇത് നിറവേറ്റപ്പെടണമെങ്കിൽ ചാക്രികലേഖനങ്ങളെക്കുറിച്ച് ആഴത്തിലുള്ള പഠനവും സംവാദങ്ങളും സഭയിൽ നിരന്തരം നടക്കേണ്ടതുണ്ട്. ഇതിനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിയു

ടേതുമാണ്. വരുംതലമുറയ്ക്ക്  വിശ്വാസവും പാരമ്പര്യവും കൂടുതൽ തെളിമയോടെ കൈമാറ്റം ചെയ്യപ്പെടുന്നതിന് പഠനങ്ങൾ നമ്മെ സഹായിക്കും.

**പ്രവർത്തനം**

വിശ്വാസ ആത്മീയ പ്രബോധനങ്ങളിൽ നിന്നും, സാമൂഹ്യ പ്രബോധനങ്ങളിൽ നിന്നും ഓരോ ചാക്രികലേഖനം പഠനവിധേയ മാക്കുക.

സൂചന:- എഴുതപ്പെട്ട കാലഘട്ടം, സാഹചര്യം, ദർശനങ്ങൾ, കാലികപ്രസക്തി, നിലപാടുകൾ.

- വിശ്വാസതലത്തിലും സാമൂഹിക ക്രമത്തിലും പ്രസ്തുത ലേഖനം മുന്നോട്ടു വയ്ക്കുന്ന മാറ്റങ്ങൾ ചർച്ച ചെയ്യുക.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

നമ്മുടെ പ്രിയപ്പെട്ട ഉഴുന്നാലിൽ ടോം അച്ചൻ ഭീകരുടെ തടവറയിലെ 557 ദിവസങ്ങൾക്കുശേഷം മോചിതനായി തിരിച്ചെത്തിയ വാർത്ത ഏറെ ആഹ്ലാദത്തോടെയാണ് നാം സ്വീകരിച്ചത്. 2016 മാർച്ച് 4-ന് തെക്കൻ യമനിലെ ഏഡനിൽ മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനി സമൂഹം നടത്തിയിരുന്ന വൃദ്ധസദനത്തിൽ നടന്ന ഭീകരാക്രമണത്തിനൊടുവിലാണ് ടോം അച്ചനെ അക്രമികൾ ബന്ദിയാക്കിയത്. 4 കന്യാസ്ത്രീകളടക്കം 16 പേർ അക്രമത്തിൽ കൊല്ലപ്പെടുകയുണ്ടയി. നമ്മുടെ നല്ല തമ്പുരാൻ അവിടുത്തെ ശിഷ്യരാകാൻ വന്നവരെയെല്ലാം ഓർമ്മപ്പെടുത്തിയത് ഈ സഹനങ്ങളെയും, പ്രതിസന്ധികളെയും ജീവഹാനിയെയും ഒക്കെയാണല്ലോ? ക്രിസ്തുവിന്റെ അടയാളം നിന്നിലുണ്ടെങ്കിൽ കുരിശിന്റെ പാതയല്ലാതെ നിനക്ക് വേറൊരു വഴിയില്ലായെന്ന് വാത്സല്യത്തോടെ അവിടുന്ന് മന്ത്രിക്കുന്നു. വേദനകളിലും എതിർപ്പുകൾക്കിടയിലും ജീവനെടുക്കുമെന്ന ഭീഷണിക്കിടയിലും ക്രിസ്തുവിനെ കൈവിടാതിരുന്ന ധാരാളം മിഷനറിമാരിലൂടെയാണ് ലോകം ഇന്ന് അവിടുത്തെ അറിയുന്നത്. ക്രിസ്തുവിന്റെ അടയാളമെന്നാൽ അത് സ്നേഹമാണ്, ത്യാഗമാണ്, സേവനമാണ്, സഹനമാണ്. ഈ ആത്മീയ അടയാളങ്ങളാൽ നമ്മുടെ പ്രേഷിത കൂട്ടായ്മകൾ സജീവമാക്കുന്ന മിഷൻ മാസാചരണം എത്തിയല്ലോ. 'ബ്ലൂവെയിൽ' പോലുള്ള സ്വയം ഹത്യയിലൊടുങ്ങുന്ന ചലഞ്ചുകളുടെ കാലത്ത് ക്രിസ്തുവിനുവേണ്ടി സർവ്വം ത്യജിക്കാനുള്ള 'മിഷൻ ചലഞ്ചുകൾ' നാം ഏറ്റെടുക്കേണ്ടതുണ്ട്. നമ്മുടെ ശാഖകളിലും ശാഖകളിലെ ഗ്രൂപ്പുകളിലുമെല്ലാം പരസ്പരം ആലോചിച്ച് ക്രിസ്തുവിനുവേണ്ടി ജീവിക്കാനുള്ള 'മിഷൻ ചലഞ്ചുകൾ' നമുക്ക് ആവിഷ്ക്കരിക്കാം ഒരു കാര്യംപറയട്ടെ, ഈ സാക്ഷ്യം മിഷൻ മാസത്തിൽ മാത്രം ഒതുങ്ങരുത് കാരണം നമ്മളെല്ലാം എന്നും ക്രിസ്തുവിന്റെ കുഞ്ഞു മിഷനറിമാരാണല്ലോ. പ്രാർത്ഥനകളോടെ,

**ഷാജി ചന്ദനപറമ്പിൽ** - രൂപതാ പ്രസിഡണ്ട്.

**ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്ക്കാരം- ബഹു.ജോർജ് മമ്പള്ളിയച്ചന്**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക നേതാവായ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ പേരിലുള്ള മികച്ച പ്രേഷിത പ്രവർത്തനത്തിന് വൈദികർക്കുള്ള ക്യാഷ് അവാർഡും, പുരസ്ക്കാരവും ബഹു. ജോർജ്ജ് മമ്പള്ളിൽ അച്ചന് ലഭിച്ചു. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പേരിൽ ബഹു.ജോർജ്ജ് മമ്പള്ളിയച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഒക്ടോബർ മാസത്തിലെ പ്രവർത്തനങ്ങൾ**

സപ്തതി സുകൃതം - 70 എത്രയും ദയയുള്ള മാതാവേ... എന്ന ജപം.

**രൂപതാ ബൈബിൾ കലോത്സവം**

2017-18 വർഷത്തെ രൂപതാ ബൈബിൾ കലോത്സവം 2017 ഒക്ടോബർ 14-ാം തീയതി ബത്തേരി അസംപ്ക്ഷൻ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9.00 മണിക്ക് ജൂണിയർ, സീനിയർ, സൂപ്പർ സീനിയർ ആൺകുട്ടികൾക്കുള്ള മിഷൻ ക്വിസ്സ് ആരംഭിക്കുന്നു. 9.45 -ന് ജൂണിയർ, സീനിയർ, സൂപ്പർ സീനിയർ പെൺകുട്ടികൾക്കുള്ള മിഷൻ ക്വിസ്സ് ആരംഭിക്കുന്നു. ക്വിസ്സിനുള്ളവർ 8.45 -ന് തന്നെ ഹാളിൽ പ്രവേശിച്ച് ചാൻസ് നമ്പറുകൾ കരസ്ഥമാക്കുക. താമസിച്ച് വരുന്നവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല. മറ്റ് ഇനങ്ങൾ 9.30 ന് ആരംഭിക്കും.

**മിഷൻ മാസം - 2017 അംഗത്വ സ്വീകരണം, അംഗത്വ നവീകരണം**

മിഷൻമാസ പ്രവർത്തനങ്ങളുടെ മാർഗരേഖ തയ്യാറാക്കി സജീവമായി പ്രവർത്തിക്കുമല്ലോ. ഒക്ടോബർ 3-ാം തീയതി മിഷൻലീഗ് സംഘടനയുടെ 70-ാം സ്ഥാപക ദിനമാണെന്ന് സ്മരിച്ച് പ്രത്യേക കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ. ഏറ്റവും മികച്ച മിഷൻ മാസ പ്രവർത്തനങ്ങളുള്ള ശാഖകൾക്ക് സമ്മാനം നൽകുന്നതിനാൽ വിശദമായ മിഷൻമാസ റിപ്പോർട്ട് നവംബർ 15-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം. മിഷൻ മാസത്തിൽ ശാഖകളിൽ അംഗത്വ സ്വീകരണവും അംഗത്വ നവീകരണവും നടത്തുമല്ലോ.

**ടെലി ക്വിസ്സ്**

29-10-17 ഞായർ 3 മണി മുതൽ 4 മണിവരെ - പഠനവിഷയം വി. ഫ്രാൻസിസ്സ് അസീസ്സി

**മിഷൻ രൂപത–ഗോരഖ്പ്പൂർ (ബത്തേരി മേഖല)**

ഒക്ടോബർ മാസത്തിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് ഗോരഖ്പ്പൂർ രൂപതയ്ക്കുവേണ്ടിയാണ്. ബത്തേരി മേഖലക്കാർ ശാഖകളിൽ നിന്ന് മാനുവൽ ബുക്കിലെ  സുകൃതങ്ങൾ ശേഖരിച്ച് ഗോരഖ്പ്പൂർ രൂപതക്ക് അയച്ചുകൊടുക്കുമല്ലോ. ശാഖകളിൽ നിന്നും മിഷൻ രൂപതയിലേക്ക് സുകൃതങ്ങൾ അയച്ചുകൊടുത്താൽ നന്നായിരുന്നു.

**സംസ്ഥാന കലോത്സവം  മൂവാറ്റുപുഴയിൽ**

2017–18 വർഷത്തെ സംസ്ഥാന ബൈബിൾ കലോത്സവം 11–11–2017 ന് മൂവാറ്റുപുഴയിൽ വെച്ച് നടത്തപ്പെടുന്നു. രൂപതാ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവർ സംസ്ഥാന മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**സംഭാവന കൂപ്പൺ**

കൂപ്പൺ മുഴുവൻ വിറ്റ് തീർത്തതിനുശേഷം ഒക്ടോബർ 30–ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**രൂപതാ, മേഖലാ, ശാഖാ പ്രവർത്തനങ്ങൾ**

**SMART – 2020**

6,7,8, ക്ലാസിലെ കുട്ടികൾക്കായി 3 വർഷത്തെ തുടർ പരിശീലനത്തിന്റെ ഭാഗമായി മേഖലാ തലത്തിൽ SMART–2020  എന്ന പേരിൽ ഏകദിന, ദ്വിദിന ക്യാമ്പുകൾ സംഘടിപ്പിച്ചു. ക്യാമ്പുകൾക്ക് മേഖലാ, രൂപതാ, എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി. റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, റവ. സി. ലിസ അലക്സ് എസ്.കെ.ഡി, ശ്രീ.ജോൺസൺ വടക്കേക്കര, ശ്രീ.ഷാജി ചന്ദനപറമ്പിൽ, ശ്രീ.തോമസ് കല്ലറക്കൽ, ശ്രീ. ഷാജി പനച്ചിക്കൽ, ശ്രീ.ബിനു എം.സി, ശ്രീ.ജോൺസൺ ചിറായിൽ, അഡ്വ.ജിജിൽ കിഴക്കരക്കാട്ട്, ശ്രീ. അജീഷ് ഇടപ്പാട്ട്, ശ്രീ. അരുൺ പ്ലാത്തോട്ടം, ശ്രീ. ബിജോയ് കേളങ്ങാട്ടിൽ, ശ്രീ. സോയി കൈതാരം, ഷീന ടീച്ചർ,  ജിഷ ടീച്ചർ എന്നിവർ ക്ലാസുകൾ നയിച്ചു. താഴെപ്പറയുന്ന തീയതികളിൽ ക്യാമ്പുകൾ നടത്തപ്പെട്ടു.

ബത്തേരി, മാനന്തവാടി, തരിയോട് മേഖലകളിൽ സെപ്റ്റംബർ 1, 2 തീയതികളിലും, ദ്വാരക, കൊട്ടിയൂർ മേഖലകളിൽ സെപ്റ്റംബർ 6,7 തീയതികളിലും, കൽപ്പറ്റ, നിലമ്പൂർ, നടവയൽ, പയ്യമ്പള്ളി, കല്ലോടി, നീലഗിരി എന്നീ മേഖലകളിൽ സെപ്റ്റംബർ 29, 30 തീയതികളിലും ക്യാമ്പുകൾ നടത്തപ്പെട്ടു. വളരെ ക്രിയാത്മകമായ രീതിയിൽ

ക്യാമ്പുകൾ ക്രമീകരിച്ച ബഹു. വികാരിയച്ചന്മാർക്കും, സി.എം.എൽ മേഖലാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, മേഖലാ, ശാഖാ, ഭാരവാഹികൾക്കും, ടീം അംഗങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ബഹു. മാലിപ്പറമ്പിൽ അച്ചന്റെ ചരമ വാർഷികവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും**

ബഹു. മാലിപ്പറമ്പിൽ അച്ചന്റെ ഇടവകയായ ചങ്ങനാശ്ശേരി ആർപ്പൂക്കര ഇടവകയിൽ വെച്ചു നടന്ന ചരമ വാർഷികാചരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**മേഖലാതല ബൈബിൾ കലോത്സവം**

മാനന്തവാടി രൂപതയിലെ 13 മേഖലകളിലെയും ബൈബിൾ കലോത്സവം സെപ്റ്റംബർ 1 മുതൽ 30 വരെയുള്ള വിവിധ ദിവസങ്ങളിലായി അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. കലോത്സവ ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുത്ത മേഖലാ ഡയറക്ടർ അച്ചന്മാർക്കും, ജോ.ഡയറക്ടർ സിസ്റ്റേഴ്സിനും, മേഖലാ ഭാരവാഹികൾക്കും രൂപതാ സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും. ക്രമീകരണങ്ങളോട് സഹകരിച്ച എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, ശാഖാ ഭാരവാഹികൾക്കും, മത്സരാർത്ഥികൾക്കും ഹൃദ്യമായ നന്ദി.

**ശാഖാ വാർത്തകൾ**

*കൊട്ടിയൂർ*:- മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും സമുചിതമായി ആഘോഷിച്ചു. 27-ാം തീയതി ഫാത്തിമ മാതാ തിരുസ്വരൂപത്തിന്റെ വരവിനോടനുബന്ധിച്ച് ഒരുങ്ങുകയും പ്രത്യേക ആരാധന, ജപമാല എന്നിവ നടത്തുകയും ചെയ്തു. ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്ന ആഗസ്റ്റ് മാസത്തിലെ പ്രത്യേക പ്രവർത്തനങ്ങൾ 9-ാം ക്ലാസിലെ കുട്ടികൾ വളരെ ഭംഗിയായി നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് കുമ്പസാരിച്ചു, വി.കുർബാനയിൽ സജ്ജീവമായി പങ്കുകൊണ്ടു, പള്ളിവൃത്തിയാക്കി. ആരും പ്രാർത്ഥിക്കാനില്ലാത്ത മരിച്ചുപോയ ആത്മാക്കൾക്കുവേണ്ടി കുർബാന ചൊല്ലിക്കുകയും, ഒപ്പീസ് ചൊല്ലിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. നിർദ്ധനരായ 2 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം (കളക്ഷൻ രൂപ) നൽകി. എല്ലാ ഞായറാഴ്ച കളിലും വിശുദ്ധരെ പരിചയപ്പെടുത്തി.

*തൃശിലേരി*:- വി. ജോൺ മരിയവിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവകയിൽ സേവനം ചെയ്ത എല്ലാ വൈദികരെയും ആദരിച്ചു,

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനം ജപമാല പ്രദിക്ഷണം നടത്തി. വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനം അൾത്താര ബാലികാ ബാലൻമാരെ ആദരിച്ചു. അവരുടെ നേതൃത്വത്തിൽ കാഴ്ച സമർപ്പണം നടത്തി. എല്ലാവർക്കും സമ്മാനങ്ങളും നൽകി. ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ച് മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. ക്യാൻസർ രോഗികളെ സഹായിക്കുന്നതിനായി 2000 രൂപ നൽകി.

*കമ്മന*:- മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു, മേരി നാമധാരികളെ പൂച്ചെണ്ടു നൽകി ആദരിച്ചു. സി. എം. എൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തി. ലോഗോസ് ക്വിസ്സ് പരിശീലനം നൽകി, കലാമത്സരത്തിന് പ്രാക്ടീസ് നൽകി. എല്ലാ ഞായറാഴ്ചയും വിശുദ്ധരെ പരിചയപ്പെടുത്തി, ജന്മദിനാശംസകൾ നേർന്നു. ദേവാലയ നിർമ്മാണത്തിനുള്ള ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.

*മുതിരേരി*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. ഡയറക്ടറച്ചന് സ്നേഹാശംസകൾ നേർന്നു. അൾത്താര ബാലികാബാലകന്മാരുടെ തിരുനാൾ ആഘോഷിച്ചു. അവർക്ക് പ്രാർത്ഥനകളും, സമ്മാനങ്ങളും നൽകി ആദരിച്ചു. വി. ബർക്കുമാൻസിനെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

*തവിഞ്ഞാൽ*:- വിയാനി ദിനത്തിൽ എല്ലാ വൈദികരെയും അനുസ്മരിക്കുകയും പ്രത്യേകമായി ബഹു. ശാഖാ ഡയറക്ടർ ആന്റോ മമ്പള്ളിലച്ചനെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് എല്ലാ അമ്മമാരെയും അനുസ്മരിച്ച് പ്രാർത്ഥിക്കുകയും പ്രത്യേകമായി 70 വയസ്സിന് മുകളിൽ പ്രായമുള്ള അമ്മമാരെ ആദരിക്കുകയും ചെയ്തു. ഗ്രൂപ്പ് ഒന്നിന്റെ കലാപരിപാടികൾ മനോഹരമായി നടത്തപ്പെടുകയും പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു.

*യവനാർകുളം*:- വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആഘോഷിക്കുകയും അന്നേദിനം എല്ലാ അൾത്താര ശുശ്രൂഷികളെയും ആദരിച്ച് അവർക്കുവണ്ടി പ്രാത്ഥിക്കുകയും ചെയ്തു. കുഞ്ഞേട്ടൻ അനുസ്മരണ ദിനം നടത്തി. ശാഖാ കലാമത്സരം നടത്തി.

*പാറത്തോട്ടം*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുകയും വികാരിയച്ചനെ ആദരിക്കുകയും ചെയ്തു. അഡ്വ.ജിജിൽ സാറിന്റെ നേതൃത്വത്തിൽ മിഷൻലീഗിനെകുറിച്ച് അർദ്ധദിന സെമിനാർ നടത്തി. 'ഹരിതം' എന്ന പേരിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ഗ്രോട്ടോ

വൃത്തിയാക്കി. എല്ലാ ഞായറാചകളിലും ഓരോ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ജപമാല ചൊല്ലുകയും നോട്ടീസ് ബോർഡ് തയ്യാറാക്കുകയും ചെയ്യുന്നു. മിഷൻ ഗ്രാമത്തിലേയ്ക്ക് കത്തയച്ചു. ഭവന സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. ഹെൽത്ത് സെന്റർ സന്ദർശിച്ചു. സിമിത്തേരി വൃത്തിയാക്കി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. അൾത്താര ബാലൻമാർക്കുവേണ്ടി പ്രാർത്ഥിച്ചു. അവർ കാഴ്ചസമർപ്പണം നടത്തി.

*ആലാറ്റിൽ*:- ഇന്ത്യാ ക്വിസ്സ് പ്രോഗ്രാം നടത്തി. കൊളാഷ് മത്സരം നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദി കർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കികൊടുത്തു. ബഹു. തോമസച്ചൻ കുട്ടികൾക്ക് വചന ഒരുക്കപ്രാർത്ഥന ക്ലാസ് നൽകി. ഇന്ത്യയിലെ ചില ഗോത്ര വർഗ്ഗക്കാരെക്കുറിച്ച് പഠനം നടത്തി, ഗ്രൂപ്പ് അടിസ്ഥാനത്തിൽ പതിപ്പ് തയ്യാറാക്കി.

*കുഞ്ഞോം*:- സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ചു. ഗ്രൂപ്പടിസ്ഥാനത്തിലുള്ള കലാപരി പാടികൾ നടത്തി. ദൈവവിളി സെമിനാർ നടത്തി. രക്തസാക്ഷിത്വ ദിനാചരണം നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാളിൽ ശാഖാ ഡയറക്ടർ റവ. ഫാ.സെബിൻ ഐക്കരത്താഴത്തിനെ ആദരിച്ചു. വി.മോനിക്കയുടെ തിരുനാളിൽ ഇടവകയിലെ എല്ലാ അമ്മമാരെയും ആദരിച്ചു. വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ആഘോഷിച്ചു. പ്രസംഗ പരിശീലനം നടത്തി.

*വഞ്ഞോട്*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വികാരിയച്ചന് പ്രാർത്ഥനാശംസകൾ നേർന്നു. നിർദ്ധനനായ രോഗിക്ക് കടപണിയാൻ സാമ്പത്തിക സഹായം നൽകി. ശാന്തിഭവൻ, ബാലഭവൻ, സ്നേഹാലയം എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും അരിയും, നിത്യോപയോഗ സാധനങ്ങളും നൽകുകയും ചെയ്തു. ഇടവകയിലെ പാവപ്പെട്ട ഭവനങ്ങൾ സന്ദർശിക്കുകയും അരി കൊടുക്കുകയും ചെയ്തു. പള്ളിയും, പരിസരവും വൃത്തിയാക്കി.

*പുതുശ്ശേരി*:- മിഷൻലീഗ് അംഗങ്ങൾക്കായി റവ.ഫാ. ജെയ്സൻ കാഞ്ഞിരംപാറ ക്ലാസു നടത്തി. വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾദിനം അൾത്താര ബാലസംഘങ്ങൾക്കായി പ്രാർത്ഥി ക്കുകയും ആശംസകൾ നേരുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ശാഖാ തലത്തിൽ ലോഗോസ് ക്വിസ്സ് നടത്തി.

*ദ്വാരക*:- ശാഖയിൽ കലാമത്സരങ്ങൾ നടത്തി, ജപമാല സൈന്യം

കുട്ടികൾക്കായ് ഏകദിന സെമിനാർ നടത്തി, പള്ളിയും പരിസരവും വൃത്തിയാക്കി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി സന്ദേശം നൽകി.
*മൊതക്കര*:- അൾത്താരബാലൻമാരെ ആദരിച്ചു. അൾത്താര സംഘം കാഴ്ച സമർപ്പണം നടത്തി. നീതി ഞായർ ആചരിച്ചു, അതിനോടനുബന്ധിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിച്ചു. എല്ലാ ഞായറാഴ്ചയും സൺഡേ സ്റ്റാറിനെ തിരഞ്ഞെടുക്കുന്നു. ജോൺസൺ ചിറായ് സാർ രൂപതാ വിസിറ്റ് നടത്തി, ക്ലാസ്സ് എടുത്തു. വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ, മേഖലാ ഡയറക്ടർമാർക്ക് ആശംസകൾ അയച്ചു.
*ചെന്നലോട്*:- ലഹരി വിരുദ്ധ ക്ലബിന്റെ നേതൃത്വത്തിൽ കൊളാഷ്, പോസ്റ്റർ മത്സരങ്ങൾ നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വിയാനി ഭവൻ സന്ദർശിച്ചു.
*കോട്ടത്തറ*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാളിന് വികാരി ടോമി കൊച്ചുപാറക്കലച്ചന് സി. എം. എൽ അംഗങ്ങൾ ആശംസകൾ നേർന്നു. സൺഡേ സ്റ്റാർ ആയി ഏയ്ഞ്ചൽ പൊയ്കയിൽ തിരഞ്ഞെടുക്കപ്പെട്ടു. സ്വർഗ്ഗാരോപണ തിരുനാൾ ദിനം ഇടവകയിലെ 4 ഗ്രോട്ടോകളിലായി 4 ഗ്രൂപ്പായി തിരിച്ച് 5.30 ന് സി.എം.എൽ. അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. ബ്രേക്ക് ഡാൻസിലൂടെ ലഹരി വിരുദ്ധ സന്ദേശം നൽകി. ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി ബഹു. സെബാസ്റ്റ്യൻ ആനച്ചാലിൽ അച്ചൻ ക്ലാസെടുത്തു. ദൈവവിളി സർവ്വേ നടത്തി.
*പുതുശ്ശേരിക്കടവ്*:- ആരാധന നടത്തി.
*ചാരിറ്റി*:- വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആഘോഷിച്ചു, അൾത്താര കുട്ടികൾ കാഴ്ചസമർപ്പണം നടത്തി. അൾത്താര സംഘത്തിന് സമ്മാനങ്ങൾ നൽകി ആദരിച്ചു. സി. ബീന കൗമാരക്കാലം എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്ക് ക്ലാസും തുടർന്ന് കൗൺസിലിംഗും നടത്തി.
*ചൂരൽമല*:- ക്യാൻസർ രോഗിക്ക് 1200 രൂപ നൽകി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. ലോഗോസ് പരിശീലനം നൽകി. അൾത്താര ബാലൻമാർക്ക് പരിശീലനം നൽകി. വിയാനി ദിനത്തോടനുബന്ധിച്ച് രൂപതാ, മേഖലാ, ശാഖാ ഡയറക്ടർമാർക്കും, മുൻ വികാരിമാർക്കും ആശംസകൾ നേർന്നു. ശാഖാ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. വി.ബർക്കുമാൻസിന്റെ ജീവചരിത്രം വായിച്ചു.
*പുഴമുടി*:- മുതിർന്ന മിഷൻലീഗ് അംഗത്തിന് പഠന സഹായം നൽകി.

ഇടവക വികാരിയച്ചന് ആഗസ്റ്റ് 4 ന് ആശംസകൾ നേർന്ന് ആദരിച്ചു. വി.ജോൺ ബർക്കുമാൻസിന്റെ തിരുനാളിനോടനുബന്ധിച്ച് അൾത്താര ശുശ്രൂഷിയേയും, അൾത്താര ബാലൻമാരെയും ആദരിച്ച് സമ്മാനങ്ങൾ നൽകി.

*നെടുമ്പാല*:- ശാഖയിൽ 'നെയ്ത്തിരി' മാർഗ്ഗരേഖ പ്രകാശനം ചെയ്തു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ ഗ്രൂപ്പ് പ്രോഗ്രാം നടത്തി. ഞായറാഴ്ച വി.ബലി മദ്ധ്യേ ഓരോ ക്ലാസുകളിലെയും കുട്ടികൾ കാഴ്ച സമർപ്പണം നടത്തി. ഇങ്ങനെ ലഭിച്ച അരി ഇടവകയിലെ 2 പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകി.

*വാഴവറ്റ*:- കുഞ്ഞേട്ടൻ അനുസ്മരണ ചടങ്ങിനായ് ശാഖാ സെക്രട്ടറി രൂപതാ ടീമിനോടൊപ്പം ചെമ്മലമറ്റം സന്ദർശിച്ചു. സ്വാതന്ത്ര്യദിനാഘോഷവും, സ്വർഗ്ഗാരോപണ തിരുനാളും സമുചിതമായി ആഘോഷിച്ചു. ഫാത്തിമമാതാ ദർശനത്തിനായും, തിരുസ്വരൂപ വണക്കത്തിനായും, ശാഖാംഗങ്ങൾ തെനേരി ഫാത്തിമ മാതാ ദേവാലയം സന്ദർശിച്ചു.

*വൈത്തിരി*:- വി. ജോൺ മരിയ വിയാനിയുടെ തിരുനാളിൽ വികാരിയച്ചനെ ആദരിച്ചു. സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും സമുചിതമായി ആഘോഷിച്ചു. അന്നേദിനം പ്രത്യേക പ്രാർത്ഥന നടത്തി, വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വി.ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര ബാലൻമാരുടെ മീറ്റിംഗും തുടർന്ന് ക്ലാസും നടത്തി.

*തൃക്കൈപ്പറ്റ*:- വി. ജോൺമരിയ വിയാനിദിനത്തിൽ എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുകയും ബഹു. വികാരി ജോണി മലയിലച്ചന് പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. വി.ജോൺബർക്കുമാൻസിന്റെ തിരുനാൾ ദിനം അൾത്താര ശുശ്രൂഷികളെ ആദരിച്ചു. അവർക്കുവേണ്ടി പ്രാർത്ഥിച്ചു – സമ്മാനങ്ങൾ നൽകി. സ്വാതന്ത്ര്യ ദിനത്തിൽ രാഷ്ട്രത്തിനും എല്ലാ രാഷ്ട്രീയാധികാരികൾക്കും വേണ്ടി പ്രാർത്ഥിച്ചു.

*അമ്പലവയൽ*:- സൈബർ ക്രൈം & സൊല്യൂഷൻസ് –എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. പൗലോസ് കുട്ടമ്പുഴ മാതാപിതാക്കൾക്കും, കുട്ടികൾക്കുമായി ഒരു അർദ്ധദിന സെമിനാർ നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം എന്നിവയോടനുബന്ധിച്ച് ഡോൺബോസ്കോ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. ബഹു. വൈദികർക്ക് പ്രാർത്ഥനാശംസകൾ നേർന്നു.

*വടക്കനാട്*:- മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടി ഏകദിന സെമിനാർ സംഘടിപ്പിച്ചു. ബഹു. സി.ഡോ. ഷാന്റി മരിയ ക്ലാസുകൾക്ക് നേതൃത്വം നൽകി. എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസുകളിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

*നടവയൽ*:- വിയാനി ദിനത്തിൽ ഇടവക വൈദികരെ ആദരിച്ചു. വി.ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര ബാലികാ ബാലൻമാർക്കായി പ്രത്യേക കുർബാന അർപ്പിക്കുകയും അവരെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും ചെയ്തു. അൾത്താരബാല സംഘത്തിന്റെ പരിശീലകയായ സി. മെർലിനെ ആദരിച്ചു. ആഗസ്റ്റ് 15-ന് നടവയലിൽ സാംസ്കാരിക റാലി നടത്തുകയും ഫ്ളോട്ട് അവതരിപ്പിക്കുകയും ചെയ്തു. ക്യാൻസർ നിവാരണം ഇടവകയിലെ എല്ലാ ഭവനങ്ങളിലും ജൈവവിത്തുകൾ നൽകി. ഇടവകയിൽ കപ്പള തൈകൾ നട്ടു.

*ചുണ്ടക്കര*:- വി.ജോൺ മരിയ വിയാനി ദിനം ആചരിച്ചു. ശാഖാ ഡയറക്ടറെ ആദരിച്ചു. വി.മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു, ശാഖയിലെ അമ്മമാരെ ആദരിച്ചു.

*കല്ലുവയൽ*:- രൂപതാ ജോ. ഡയറക്ടർ സി.ലിസ എസ്.കെ.ഡി. യുടെ പിതാവിന്റെ ദേഹവിയോഗത്തിൽ അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. രോഗീസന്ദർശനവും, ഭവന സന്ദർശനവും നടത്തി. മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി. ലോഗോസ് പരിശീലനം നടത്തി. അൾത്താര ബാലസംഗമം നടത്തി. ബഹു. ഡയറക്ടറച്ചന്റെ ജന്മദിനത്തിൽ പ്രാത്ഥനാശംസകൾ നേർന്നു.

*പറളിക്കുന്ന്*:- നിയമാവലി ഡേ അനുസ്മരണം നടത്തി, വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വികാരിയച്ചനെ ആദരിച്ച് ആശംസാകാർഡ് നൽകി ആദരിച്ചു, മധുരപലഹാരം വിതരണം ചെയ്തു. ഹിരോഷിമാ ദിനത്തിന്റെ പ്രാധാന്യത്തെകുറിച്ച് ആൽബിൻ താന്നിക്കാലായിൽ സന്ദേശം നൽകി. വി.ബർക്കുമാൻസിന്റെ തിരുനാൾ ദിനം ബഹു. രൂപതാ ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ അൾത്താര സംഘത്തിലെ കുട്ടികളെ ആദരിച്ച് സമ്മാനം നൽകുകയും, വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും, അന്നേ ദിനം ആതിഥ്യ മര്യാദ, സി.എം.എൽ ജീവിതശൈലി എന്നിവയെ കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. സ്വർഗ്ഗാരോപണ തിരുനാളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ശാഖാ

ഡയറക്ടർ ബഹു. ജോസ് കപ്യാരുമലയിലച്ചൻ പരിസ്ഥിതി ഫലം, ദൂഷ്യം ഇവ വ്യക്തമാക്കുന്ന ക്ലാസ് കുട്ടികൾക്കായ് എടുത്തു. വി.മോനിക്ക, വി. അഗസ്റ്റ്യൻ എന്നിവരെ പരിചയപ്പെടുത്തി.
*കുറുമ്പാലക്കോട്ട*:- വിയാനി ദിനത്തിൽ വികാരിയച്ചന് പൂച്ചെണ്ട് നൽകി ആദരിച്ചു. അൾത്താര ബാലൻമാർക്ക് ആശംസകളർപ്പിച്ചു. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ജന്മദിനത്തിൽ ഒരു ശാഖാംഗം ജന്മദിന മരം നട്ടു.
*പനമരം*:- ദൈവവിളി സെമിനാർ നടത്തി. അൾത്താര ബാലസംഗമം നടത്തി. പനമരം നവജ്യോതി അഗതി മന്ദിരം സന്ദർശിച്ചു.
ഇരുളം:- ലൈബ്രറി വിതരണം നടത്തി, വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആഘോഷിച്ചു, അൾത്താരസംഘത്തിന് സമ്മാനം നൽകുകയും ചെയ്തു. സീനിയർ കൂട്ടായ്മ നടത്തി, രോഗീ സന്ദർശനം, ആശുപത്രി സന്ദർശനം, എന്നിവ നടത്തി, ജന്മദിനാശംസകൾ നേർന്നു. ഗർഭിണികൾക്കും, ശിശുക്കൾക്കുമായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*മരകാവ്*:- കാർഷിക സെമിനാർ നടത്തി. സാധുഭവന നിർമ്മാണ സഹായം-എന്ന ലക്ഷ്യത്തോടെ ഓരോ സി.എം.എൽ അംഗങ്ങൾക്കും രണ്ട് വാഴ വിത്തുകൾ വീതം വിതരണം ചെയ്തു. കുട്ടികളിൽ പ്രേഷിത തീക്ഷ്ണത വളർത്തുന്നതിനായി രൂപതാ ടീം അംഗം ശ്രീ. ഷാജി പനച്ചിക്കൽ കുട്ടികൾക്ക് ക്ലാസ് എടുത്തു.
*പാടിച്ചിറ*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം എല്ലാ ഇടവക വൈദികരെയും സമർപ്പിച്ച് ആരാധന നടത്തി പ്രാർത്ഥിച്ചു. വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര ബാലസംഗമം നടത്തി. ദ്വാരകയിൽ വെച്ചു നടന്ന 'ക്രൈസ്തവ പീഡനം' എന്ന വിഷയത്തെകുറിച്ചുള്ള സെമിനാറിൽ മിഷൻലീഗിലെ സീനിയർ അംഗങ്ങൾ പങ്കെടുത്തു. ഇടവകയിൽ വെച്ചു നടന്ന ക്യാൻസർ ബോധവൽക്കരണ സെമിനാറിൽ (ആശാകിരണം പദ്ധതി) മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. മിഷൻ ഗ്രാമത്തിന്റെ ഡയറക്ടറായ ബഹു. ജോസഫ് ചിറ്റൂരച്ചനെ ശാഖാ പ്രസിഡണ്ട് സന്ദർശിക്കുകയും മിഷൻ ഗ്രാമ സന്ദർശനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.
*പുൽപ്പള്ളി*:- 5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി വി. കുർബാന, ദൈവവിളി എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി അർദ്ധ ദിന സെമിനാർ നടത്തി. ആസാമിൽ സേവനമനുഷ്ഠിക്കുന്ന വൈദികനുമായി അഭിമുഖം നടത്തി. 10 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ നടത്തി. പളളിപരിസരം വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി.

മഴലഭിക്കാനായി പ്രാർത്ഥനാവാരം നടത്തി. (നിയോഗങ്ങൾ; ജപമാലയിലെ ഒരു രഹസ്യം, 1. വിശ്വാസപ്രമാണം, വി. കുർബാനയിലെ സമർപ്പണം, ഉപവാസമെടുക്കുക)

*സീതാമൗണ്ട്*:- വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ഇടവക വികാരിമാർക്കും വേണ്ടി പ്രാർത്ഥിച്ചു. ബഹു. ഡയറക്ടറച്ചനെ അനുമോദിക്കുകയും മംഗളം ആശംസിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുകയും പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുകയും വിവിധ കലാപരിപാടികളോടെ പൊതുസമ്മേളനം നടത്തുകയും ചെയ്തു.

കയ്യൂന്നി:- കൊതുകുനിവാരണ ദിനത്തിൽ പള്ളിയും പരിസരവും, വീടും പരിസരവും വൃത്തിയാക്കി, ശാഖയിൽ സാഹിത്യ സമാജം ഉദ്ഘാടനം ചെയ്തു. അൾത്താര ബാലികാ ബാലൻമാരെ ആദരിച്ചു. ശാഖയിൽ പച്ചക്കറി വിത്ത് വിതരണം നടത്തി.

*മൺവയൽ*:- എസ്.എസ്.എൽ.സി, പ്ലസ്ടുവിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ അരുൺ ആലുങ്കൽ, അലീന പാലത്തിനാടി എന്നിവരെ ക്യാഷ് അവാർഡുകൾ നൽകി അനുമോദിച്ചു. പ്രവേശനോത്സവം നടത്തി, പിതൃദിനം ആചരിച്ചു.

*പനംചിറ*:- കനിവ്-പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കിലെ ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായം നൽകി. വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര ശുശ്രൂഷകരായ കുട്ടികളെ ആദരിക്കുകയും ബഹു. വികാരി. ജയനച്ചൻ അൾത്താര ശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി ക്ലാസെടുക്കുകയും ചെയ്തു. അന്നേദിവസം വി.ബലിക്ക് എല്ലാവരും കാഴ്ചസമർപ്പണം നടത്തുകയും വി.ബലി മദ്ധ്യേ അൾത്താര ശുശ്രൂഷകർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു. വി. ബലിക്കുശേഷം ബഹു. വികാരിയച്ചൻ പതാക ഉയർത്തി. സ്വർഗ്ഗാരോപണ തിരുനാളിന്റേയും സ്വാതന്ത്ര്യ ദിനത്തിന്റേയും മംഗളം ആശംസിച്ചുകൊണ്ട് പ്രസംഗിച്ചു. മിഷൻ ലീഗിലെ സീനിയർ അംഗങ്ങൾ ബത്തേരി തപോവനം സന്ദർശിക്കുകയും മധുരം വിളമ്പികൊണ്ട് സ്വർഗ്ഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. അവിടുത്തെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു.

**രൂപതാ സാഹിത്യ മത്സര ഫലങ്ങൾ 2017-18**

(ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് സംസ്ഥാനമത്സരത്തിന് യോഗ്യത)

**സൂപ്പർ സീനിയർ ആൺ ഉപന്യാസം**

| സ്ഥാനം | പേര് വീട്ടുപേര് | മേഖല | ശാഖ |
|---|---|---|---|
| I A | സന്തോഷ് തെങ്ങുംപള്ളി | മണിമൂളി | മണിമൂളി |
| II A | സെബാസ്റ്റ്യൻ പുരക്കൻ | നടവയൽ | കല്ലുവയൽ |
| III A | സജി വട്ടക്കാമുകളേൽ | കൽപറ്റ | കൽപറ്റ |

**സൂപ്പർ സീനിയർ പെൺ ഉപന്യാസം**

| | | | |
|---|---|---|---|
| I A | ജിനി പടിയാനിക്കൽ | ചുങ്കക്കുന്ന് | അമ്പായത്തോട് |
| II A | അമ്പിളി മുളകുടിയാങ്കൽ | തരിയോട് | ചെന്നലോട് |
| III A | പ്രിയ തടങ്ങഴി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| III A | എൽസ വടക്കേടത്ത് | കൽപറ്റ | വൈത്തിരി |

**സൂപ്പർ സീനിയർ ആൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | ഷിനോജ് കൂവക്കൽ | തരിയോട് | തരിയോട് |
| II A | അഭിലാഷ് താഴത്ത് | ദ്വാരക | മൊതക്കര |
| III A | സജി വട്ടക്കാമുകളേൽ | കൽപറ്റ | കൽപറ്റ |
| III A | മെൽബിൻ കാരക്കുന്നേൽ | പയ്യമ്പള്ളി | പടമല |

**സൂപ്പർ സീനിയർ പെൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | ആൽഫി ലാൽ ഇഞ്ചിക്കാലായിൽ | നടവയൽ | നടവയൽ |
| II A | ടീന വട്ടുകുളം | തരിയോട് | തരിയോട് |
| III A | ലിസി തെക്കേകൈതക്കൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ |

**സൂപ്പർ സീനിയർ ആൺ കവിത**

| | | | |
|---|---|---|---|
| I A | ഷിജു വളവി | തരിയോട് | മഞ്ഞൂറ |
| II A | ജിജിൽ കിഴക്കരക്കാട്ട് | കല്ലോടി | കുഞ്ഞോം |
| III A | ഷിനോജ് മാങ്കൂട്ടം | ബത്തേരി | ബത്തേരി |

**സൂപ്പർ സീനിയർ പെൺ കവിത**

| | | | |
|---|---|---|---|
| I A | അഞ്ചു കൂട്ടുങ്കൽ | മുള്ളൻകൊല്ലി | ആടികൊല്ലി |
| II A | മഞ്ചു ഇഞ്ചപ്ലാക്കൽ | കല്ലോടി | പുതിയിടംകുന്ന് |
| III A | അനില നെല്ലൂർ | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| III A | ലിറ്റി ബിനീഷ് | മാനന്തവാടി | കണിയാരം |

**സീനിയർ ആൺ ഉപന്യാസം**

| | | | |
|---|---|---|---|
| I A | അജയ് കൈതാരം | മാനന്തവാടി | കണിയാരം |
| II A | ജയിംസ് മുണ്ടൂപറമ്പിൽ | തരിയോട് | മംഗളം |
| III B | സാൽവിൻ കളരിക്കൽ | കല്ലോടി | ദീപ്തിഗിരി |

**സീനിയർ പെൺ ഉപന്യാസം**

| | | | |
|---|---|---|---|
| I A | അഞ്ജലി മണിക്കുറ്റി | മാനന്തവാടി | പോരൂർ |
| II A | ഷേർളി മുത്തോലിക്കൽ | ബത്തേരി | ചിത്രഗിരി |
| III A | ടെസ്സാ മേരി അല്ലക്കുഴ | കൽപറ്റ | നെടുമ്പാല |
| III A | ആനി കൂലിപുരക്കൽ | മണിമൂളി | മണിമൂളി |

**സീനിയർ ആൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | ആകാശ് പ്ലാക്കൽ | കൽപറ്റ | കൽപറ്റ |
| II A | നിഖിൽ മാളിയേക്കൽ | കല്ലോടി | കല്ലോടി |
| III A | പോൾ മുണ്ടമാക്കൻ | മാനന്തവാടി | പോരൂർ |
| III A | സെൻ ബാബു വാഴച്ചാലിൽ | പയ്യമ്പള്ളി | മാർട്ടിൻ നഗർ |

**സീനിയർ പെൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | എവലിൻ മരിയ പുത്തൻപുര | മുള്ളൻകൊല്ലി | മരകാവ് |
| II A | അലിൻ മരിയ തെക്കിനാൽ | കല്ലോടി | കല്ലോടി |
| III A | മാഗി തോപ്പിൽ | കല്ലോടി | ജൂഡ്സ്മൗണ്ട് |
| III A | അനീറ്റ ചാത്തോളിൽ | ദ്വാരക | ചുള്ളിയാന |

**സീനിയർ ആൺ കവിത**

| | | | |
|---|---|---|---|
| I A | ആമോദ് കല്ലറക്കൽ | പയ്യമ്പള്ളി | ആറാട്ടുതറ |
| II A | അമൻ ജോസ് പള്ളത്ത് | ക്ലലോടി | കല്ലോടി |
| III A | ആനന്ദ് വെള്ളരിങ്ങാട്ട് | കല്ലോടി | കരിമ്പിൽ |

**സീനിയർ പെൺ കവിത**

| | | | |
|---|---|---|---|
| I A | അലീന കൂട്ടുങ്കൽ | ചുങ്കക്കുന്ന് | അടക്കാത്തോട് |
| II A | ക്രിസ്റ്റീന വടക്കേക്കര | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് |
| III A | അപർണ്ണ കണ്ടത്തിൽ | മാനന്തവാടി | പോരൂർ |

**ജൂനിയർ ആൺ ഉപന്യാസം**

| | | | |
|---|---|---|---|
| I A | ലെറ്റീഷ് പീക്കുന്നേൽ | മാനന്തവാടി | പോരൂർ |
| II A | ജീവൻ പെരുമ്പള്ളിയിൽ | മുള്ളൻകൊല്ലി | കബിനിഗിരി |
| III A | ജയ്മോൻ പഴേവീട്ടിൽ | തരിയോട് | കുറുമ്പാല |

**ജൂനിയർ പെൺ ഉപന്യാസം**

| | | | |
|---|---|---|---|
| I A | അന്നമ്മ നെടുങ്കോട്ടയിൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| II A | അഞ്ജന ചെറുതറപ്പേൽ | നീലഗിരി | കയ്യൂന്നി |
| III A | അനൻസിയ മുണ്ടക്കാത്തടം | കൽപറ്റ | ചാരിറ്റി |

**ജൂനിയർ ആൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | ആഷിഷ് കണ്ടത്തിക്കുടിയിൽ | മുള്ളൻകൊല്ലി | അമരക്കുനി |
| II A | ജെറോസ് കണിപറമ്പിൽ | ബത്തേരി | കല്ലുമുക്ക് |
| III A | ആദർശ് പാറ്റാനി | കൽപറ്റ | കൽപറ്റ |

**ജൂനിയർ പെൺ ചെറുകഥ**

| | | | |
|---|---|---|---|
| I A | ജസ്റ്റീന കുമ്പളക്കുഴി | നടവയൽ | വിളമ്പുകണ്ടം |
| II A | അബിയ പച്ചാനയിൽ | മുള്ളൻകൊല്ലി | ഇരുളം |
| III B | ബ്ലസ്റ്റീന നടുപറമ്പിൽ | കല്ലോടി | പുതുശ്ശേരി |

**ജൂനിയർ ആൺ കവിത**

| | | | |
|---|---|---|---|
| I A | അമൽജോസ് വടക്കേക്കണ്ടത്തിൽ | തരിയോട് | തരിയോട് |
| II A | ട്രെബിൻ പൈനുങ്കൽ | കൽപററ | തെനേരി |
| III B | മാക്സ്മില്ല്യൻ തെക്കേതലക്കൽ | നിലമ്പൂർ | പൂക്കോട്ടുംപാടം |

**ജൂനിയർ പെൺ കവിത**

| | | | |
|---|---|---|---|
| I A | അനിറ്റ് മാമ്പ്ര | മണിമൂളി | നരിവാലമുണ്ട |
| II A | സ്നേഹ പൂച്ചാലിക്കളത്തിൽ | മുള്ളൻകൊല്ലി | ഇരുളം |
| III A | ഫെലീഷ്യ മറ്റത്താനിക്കൽ | കൽപറ്റ | കൽപറ്റ |

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ നെഞ്ചിലേറ്റി മേഖല പ്രവർത്തനങ്ങൾക്ക് ജീവൻ നൽകി പ്രസ്ഥാനത്തെ മുൻ വർഷങ്ങളിൽ നയിച്ച പ്രിയപ്പെട്ട ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴ്സിനും രൂപതയുടെ നന്ദി സ്നേഹപൂർവ്വം നേരുന്നു.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

## Department of Youth Ministry
## Parents Meet

ലൈഫ് ട്രെയിനിംഗിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കു വേണ്ടി സെപ്റ്റംബർ ഒന്നാം തീയതി ഏകദിന സൈക്കോതെറാപ്പി വർക്ക്ഷോപ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. പ്രശസ്ത ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സെബാൻ ചെരിപ്പുറത്ത് നേതൃത്വം നല്കി. നൂറ് മാതാപിതാക്കൾ ഇതിൽ പങ്കെടുത്തു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ എല്ലാവരേയും സ്വാഗതം ചെയ്തു. രക്ഷാകർതൃ പ്രതിനിധി ഷിജു എല്ലാവർക്കും നന്ദി പറഞ്ഞു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ സി.ആൻസി തോമസ് സി.എം.സി, സി.ലിൻസി എസ്.സി.വി, സി.ആനി പോൾ എസ്.എച്ച്, എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

## Finance- Council Meeting

2017 ആഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച്ച വൈകുന്നേരം നാലു മണിക്ക് ലൈഫ് ട്രെയിനിംഗ് പതിനേഴ് ബാച്ചിലെ വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട് സാമ്പത്തിക കാര്യങ്ങൾ ചർച്ചചെയ്യാൻ യൂത്ത് മിനിസ്ട്രി ഓഫീസിൽ ഫിനാൻസ് കൗൺസിൽ സമ്മേളിച്ചു. എറണാകുളം IMPACT ൽ വെച്ച് നടക്കുന്ന അഞ്ച് ദിവസത്തെ ലൈഫ് ട്രയിനിംഗിന് വേണ്ടിയുള്ള സാമ്പത്തിക കാര്യങ്ങൾ മീറ്റിംഗിൽ ചർച്ച ചെയ്തു. എട്ട് അംഗങ്ങൾ അടങ്ങുന്ന ഈ മീറ്റിംഗിന് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി.ആൻസി സി.എം.സി. എന്നിവർ നേതൃത്വം നല്കി.

## Quiz Competition

ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികൾക്കുവേണ്ടി സെപ്റ്റംബർ അഞ്ച് ചൊവ്വാഴ്ച്ച മൂന്ന് മണി മുതൽ അഞ്ച് മണിവരെ സ്വർഗ്ഗാരോപണ സ്വാതന്ത്ര്യസമര ക്വിസ് ദ്വാരകയിൽ വെച്ച് നടത്തി. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുരക്കൽ സാർ ക്വിസ്സ് മത്സരത്തിന് നേതൃത്വം വഹിച്ചു. അമ്പത്തിരണ്ട് വിദ്യാർത്ഥികൾ മത്സരിച്ച ക്വിസ്സിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം റിച്ചാർഡ് പോൾ പയ്യമ്പിള്ളി, ജോയേൽ ജിജി പൂക്കോട്ടുപാടം, അലൻ സാലസ് പൂളപ്പാടം എന്നിവർ സ്വന്തമാക്കി Cash Prize നൽകികൊണ്ട് ഫാ. ലാൽ എല്ലാവരേയും അഭിനന്ദിച്ചു. വളരെ നൂതനമായ രീതിയിൽ ക്വിസ്സ് നടത്തിയ ക്വിസ്സ് മാസ്റ്റർ സെബാസ്റ്റ്യൻ സാറിന് അനുമോദനങ്ങൾ.

## Imaginative Innovative & Inspiring

സഭക്കും രാജ്യത്തിനും വേണ്ടി കുട്ടികളെ ധീരതയുള്ള പൗരൻമ്മാരാക്കുവാൻ പരിശീലിപ്പിക്കുന്ന ലൈഫ് ട്രെയിനിംഗ് സെപ്റ്റംബർ ആറ് ബുധനാഴ്ച്ച മുതൽ ഒൻമ്പത് ശനിയാഴ്ച്ചവരെ എറണാകുളം IMPACT മായി സഹകരിച്ച് നാല് ദിവസത്തെ പരിശീലനം വിദ്യാർത്ഥികൾക്ക് നല്കി. Persionality Development Brain Mapping & Memory, Bodymind Co-Odination, Theater Skills, Facts & Figures on Civil Service exam തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി തന്മയത്വം നിറഞ്ഞ ക്ലാസുകൾ, ചർച്ചകൾ എന്നിവ നടത്തപ്പെട്ടു. ഇന്ന് കേരളത്തിലും വിദേശത്തും അറിയപ്പെടുന്ന പരിശീലകരായ ഐസക്ക് തോമസ് സാർ, നന്ദലാല ഫാ.ഡായി കുന്നത്ത് എം.എസ്.റ്റി, ശ്രീ. പി.സ്. ബെർട്ടി, ഡോ. രാധാകൃഷ്ണൻ എന്നിവരാണ് ക്ലാസുകൾ നയിച്ചത്. കൂടാതെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ജോർജ്ജ് ആലഞ്ചേരി, സുപ്രീം കോടതി ചീഫ് ജസ്റ്റീസ് കുര്യൻ ജോസഫ് സാർ, ഇവരുമായി സംഭാഷണത്തിലും ചർച്ചയിലും അഭിമുഖത്തിനും കുട്ടികൾക്ക് അവസരം ലഭിച്ചു. ഈ ദിനങ്ങൾ വലിയ ദൈവാനുഗ്രഹത്തിന്റെ തായിരുന്നു. ഈ പ്രോഗ്രാം നടത്തുവാൻ സ്ഥലവും മറ്റെല്ലാ സജ്ജീകരണങ്ങളും ഒരുക്കി തന്ന IMPACTse ബഹുമാനപ്പെട്ട വൈദീകരെ നന്ദിയോടെ ഓർക്കുന്നു. 2016-2017 ബാച്ചിലെ അമ്പത്തിരണ്ട് വിദ്യാർത്ഥികൾ പങ്കെടുത്ത ഈ ക്യാമ്പിന് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ സി. ആൻസി സി.എം.സി,സി. ലിൻസി എസ്.സി.വി, സി. ആനിപോൾ എസ്.എച്ച്, മിസ്റ്റർ സെബാസ്റ്റ്യൻ പുരക്കൽ, കുമാരി ലിൻഷ മരിയ ഷാന്റി എന്നിവർ നേതൃത്വം നല്കി. ഈ പ്രോഗ്രാമിന്റെ വിജയത്തിനുവേണ്ടി സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## LIFE-Lovers

LIFE- Lovers നുവേണ്ടിയുള്ള ക്ലാസ് സെപ്റ്റംബർ പതിനൊന്ന് തിങ്കളാഴ്ച രാവിലെ ഒൻമ്പത് മണി മുതൽ ഉച്ചകഴിഞ്ഞ് മൂന്ന് മണിവരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. വിദ്യാർത്ഥികളെ വ്യക്തിപരമായി കാണുകയും അവരുടെ പഠന നിലവാരവും, പ്രാർത്ഥനാ ജീവിതവും വിദ്യാർത്ഥികൾ തന്നെ വിലയിരുത്തുകയും ചെയ്തു. കുമ്പസാരത്തിന് കുട്ടികളെ ഒരുക്കുകയും, കുമ്പസാരത്തിനുശേഷം ഫാ. ലാൽ പൈനുങ്കൽ വിശുദ്ധബലി അർപ്പിക്കുകയും ചെയ്തു. സി. ലിൻസി എസ്.സി. വി, കുമാരി ലിൻഷ ഷാന്റി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**പേൾ 2017 കലാമത്സരങ്ങൾ – ഓക്ടോബർ 18**

രൂപതാ കലാമത്സരങ്ങൾ ഒക്ടോബർ 18–ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. രൂപതാ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 2–ന് രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. മൽസരദിവസം രാവിലെ 8.30 ന് തന്നെ രജിസ്ട്രേഷൻ കൗണ്ടറിൽ റിപ്പോർട്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഈ വർഷത്തെ കലാമത്സരങ്ങളിൽ നിന്ന് മാർഗ്ഗംകളി, പരിചമുട്ട്, നാടൻപ്പാട്ട് എന്നീ മത്സര ഇനങ്ങൾ ഒഴിവാക്കിയിരിക്കുന്ന വിവരം ശ്രദ്ധിക്കുമല്ലോ. ഈ ഒരുവർഷത്തേയ്ക്ക് മാത്രമുള്ള ക്രമീകരണമാണിത്. 2017 വർഷത്തെ അംഗത്വ ലിസ്റ്റിൽ പേരുള്ളവർക്കുമാത്രമേ മത്സരിക്കാൻ അർഹതയുള്ളൂ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**റോസറി നൈറ്റ്**

ഈ വർഷത്തെ റോസറി നൈറ്റ് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി അനുസ്മരണം സെപ്റ്റംബർ 17**

ഒറീസയിലെ കന്ദമാലിൽ 2008–ൽ രക്തസാക്ഷിത്വം വരിച്ച ഭാരതീയ ക്രൈസ്തവ രക്തസാക്ഷികളെ അനുസ്മരിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ബൈക്ക് റാലി നടത്തി. ദ്വാരക സെന്റ് അൽഫോൻസാ ദേവാലയാങ്കണത്തിൽ നിന്നാരംഭിച്ച് മാനന്തവാടി ടൗൺ ചുറ്റി എൽ.എഫ് ഗ്രൗണ്ടിൽ സമാപിച്ച റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം രൂപതാ പ്രസിഡ് ശ്രീ. എബിൻ മുട്ടപ്പള്ളി നിർവ്വഹിച്ചു. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ, വൈസ്സ് പ്രസിഡന്റ് കുമാരി റോസ് മേരി, ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, സെക്രട്ടറി ജിജോ താന്നിവേലിൽ, ട്രഷറർ സുബിൻ ജോസ്, കോഡിനേറ്റർ ജിജോ പൊടിമറ്റം, എന്നിവർ റാലിക്ക് നേതൃത്വം നൽകി. മാനന്തവാടി പോസ്റ്റ് ഓഫീസ് ജംഗ്ഷനിലും മൈസൂർ റോഡിലും നടന്ന യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. വിശ്വാസത്തി

ന്റെയും സഹനത്തിന്റെയും ഉദാത്ത മാതൃകകളായിരിക്കുന്ന കന്ദമാലിലെ രക്തസാക്ഷികൾ സഹനത്തിൽ പ്രത്യാശ പകരുന്ന വഴികാട്ടികളാണെന്നും മാനവീകതയുടെ വക്താക്കളാകുവാൻ ഓരോ ഭാരതീയനെയും ഇവർ പ്രചോദിപ്പിക്കുന്നുവെന്നും മതതീവ്രവാദത്തിന്റെയും മത വിദ്വേഷത്തിന്റെയും അബദ്ധ സിദ്ധാന്തങ്ങളിൽപ്പെട്ട് ഭാരതത്തിന്റെ അഖണ്ഡതയെ നശിപ്പിക്കാൻ തുനിയരുതെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ആഹ്വാനം ചെയ്തു. കോരിചൊരിയുന്ന മഴയെ അവഗണിച്ച് ബൈക്ക് റാലിയിൽ പങ്കെടുക്കാൻ ആർജ്ജവത്വം കാണിച്ച യുവാക്കളെ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു.

**2017 വർഷത്തിൽ അംഗത്വ നവീകരണം പൂർത്തിയാക്കിയ യൂണിറ്റുകൾ**

ചുങ്കക്കുന്ന് മേഖല:- അടക്കാത്തോട്, ചുങ്കക്കുന്ന്, കൊട്ടിയൂർ, നെല്ലിയോടി, പാൽച്ചുരം.

ദ്വാരക:-ചുള്ളിയാന, ദ്വാരക, കാരക്കാമല, കൊമ്മയാട്, മൊതക്കര, തോണിച്ചാൽ, വെള്ളമുണ്ട, വിളമ്പുകണ്ടം

കല്ലോടി:- കല്ലോടി, കുഞ്ഞോം, പുതുശ്ശേരി, പുതിയിടംകുന്ന്, വഞ്ഞോട്, വാളേരി, കരിമ്പിൽ.

കൽപ്പറ്റ:-ചാരിറ്റി, നെടുമ്പാല, ഒലിവുമല, റിപ്പൺ, വാഴവറ്റ, വൈത്തിരി, തൃക്കൈപ്പറ്റ, കളത്തുവയൽ.

മാനന്തവാടി:- ആലാറ്റിൽ, ഏഌപ്പീടിക, കുറ്റിമൂല, പാറത്തോട്ടം, പേരിയ, പോരൂർ, പ്രശാന്തഗിരി, പുതിയിടം, തലപ്പുഴ, തവിഞ്ഞാൽ.

മണിമൂളി:- ഭൂദാനം, മണിമൂളി, നരിവാലമുണ്ട, ഞാറപ്പാടം, പാലാങ്കര, പാലേമാട്, പാതിരിപ്പാടം, തലഞ്ഞി, മരുത.

മുള്ളൻക്കൊല്ലി:- ആടിക്കൊല്ലി, ഇരുളം, കബനിഗിരി, മരക്കടവ്, പട്ടാണിക്കൂപ്പ്, പുൽപ്പള്ളി, സീതാമൗണ്ട്, ശിശുമല.

നടവയൽ:- അരിഞ്ചേർമല, ചെറുകാട്ടൂർ, ചുണ്ടക്കര, കല്ലുവയൽ, കണിയാമ്പറ്റ, കുറുമ്പാലക്കോട്ട, നടവയൽ, പനമരം, പറളിക്കുന്ന്, വാളവയൽ.

പയ്യമ്പള്ളി:- കമ്മന, കാട്ടിക്കുളം, മാർട്ടിൻനഗർ, പടമല, പനവല്ലി, പയ്യമ്പള്ളി, തൃശ്ശിലേരി.

സുൽത്താൻബത്തേരി:- അമ്പലവയൽ, ചിത്രഗിരി, ചുള്ളിയോട്, മൂലൻക്കാവ്, തോമാട്ടുചാൽ, വടക്കനാട്, ചീങ്ങവല്ലം

തരിയോട്:- ചെന്നലോട്, കാവുമന്ദം, കോട്ടത്തറ, കുറുമ്പാല, കുറുമണി, മംഗളം, മഞ്ഞൂറ, പന്തിപ്പൊയിൽ.

നീലഗിരി:- കയ്യൂന്നി, പനംഞ്ചിറ

**കെ.സി.വൈ.എം. പ്രവർത്തന മാസാചരണത്തിന്റെ റിപ്പോർട്ട് നൽകിയ യൂണിറ്റുകൾ**

അമ്പലവയൽ, സുൽത്താൻ ബത്തേരി, പാറത്തോട്ടം, ചീങ്ങവല്ലം, കല്ലോടി

**രൂപതാ സാഹിത്യ മൽസരം**

പേൾ 2017 - സാഹിത്യ മത്സരങ്ങൾ 12 മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. സാഹിത്യ മത്സരങ്ങളുടെ നടത്തിപ്പിനായി സഹകരിച്ച രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്കും, മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾക്കും രൂപതാ സമിതിയുടെ ഹൃദയംനിറഞ്ഞ നന്ദി.

**മേഖലാ വാർത്തകൾ**

**നിലമ്പൂർ മേഖല**

നിലമ്പൂർ ലിറ്റിൽഫ്ളവർ ദേവാലയത്തിൽ വച്ച് 27-8-17 ന് സെനറ്റ് സമ്മേളനം നടത്തി. ഫൊറോനാ വികാരി റവ. ഫാ. തോമസ്സ് കച്ചിറയിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. മേഖലാ ആനിമേറ്റർ സി.വിൻസി എഫ്.സി.സി. സ്വാഗതമാശംസിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. ജോഷി പുൽപ്പയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. മേഖല പ്രസിഡണ്ട് - ജസ്റ്റിൻ നീലംപറമ്പിൽ, വൈസ്സ് പ്രസിഡണ്ട് - ടെൽന വില്ലംന്താനത്ത്, സെക്രട്ടറി - ജോമോൻ കോയിക്കൽ, ജോ.സെക്രട്ടറി - മീനു കോട്ടായിൽ, ട്രഷറർ - സന്തോഷ് കൊല്ലംകൊമ്പിൽ, കോഡിനേറ്റർ - റിറ്റോ ചിരാടിയിൽ, രൂപത സെനറ്റ് മെമ്പേഴ്സ് - ഷെഫിൻ മൂഴിക്കച്ചാലിൽ, ജിന്റോ വടക്കേനിരപ്പേൽ.

**യൂണിറ്റ് വാർത്തകൾ**

**കല്ലുവയൽ യൂണിറ്റ്**

4-8-17 രൂപതാ വൈദികരുടെ മധ്യസ്ഥനായ വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചന് തിരുനാൾ മംഗളങ്ങൾ നേർന്നു. 6-8-17 ന് രൂപതാ ആനിമേറ്റർ സിസ്റ്റർ സ്മിത എസ്.എ.ബി.എസ് ശാഖാ സന്ദർശനം നടത്തി. യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ഓഗസ്റ്റ് 12 ന് നടന്ന വനിതാ സംഗമത്തിൽ 4 പേർ സംബന്ധിച്ചു. അഭിന കുറിഞ്ഞിമല കേശദാനം നടത്തി.

**തൃശ്ശിലേരി യൂണിറ്റ്**

ജൂബിലി വർഷത്തിൽ വൈദീകരെ ആദരിക്കുവാൻ സംഘടിപ്പിച്ച ചടങ്ങിന് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. ഗവൺമെന്റ്

ആശുപത്രിയിൽ ഭക്ഷണ വിതരണത്തിൽ സഹകരിച്ചു. ഇടവകയിൽ നടന്ന ഞാറുനടലിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു.

**കാവുംമന്ദം യൂണിറ്റ്**

അംഗത്വ നവീകരണം നടത്തി. ഓഗസ്റ്റ് 12-ന് നടന്ന വനിതാ സംഗമത്തിൽ യൂണിറ്റിൽ നിന്ന് യുവതികൾ പങ്കെടുത്തു. ആനിമ 2017-ൽ ആനിമേറ്റർ സി. ലിന്റ എഫ്.സി.സി. പങ്കെടുത്തു. ഓഗസ്റ്റ് 19-ന് നടന്ന ഇന്ത്യൻ ക്രൈസ്തവ രക്തസാക്ഷികളെക്കുറിച്ചുള്ള സെമിനാറിൽ യൂണിറ്റംഗങ്ങൾ പങ്കെടുത്തു.

**മഞ്ഞൂറ യൂണിറ്റ്**

വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ജുബിനും വധുവിനും പ്രാർത്ഥനാശംസകൾ നേർന്നു. യുവജനദിനാഘോഷത്തോടനുബന്ധിച്ച് സെമിനാർ നടത്തി. പ്രചോദിനി 2017 ൽ പങ്കെടുത്തു. ഓഗസ്റ്റ് 15 ന് നടന്ന ക്രേസി മഡ് വോളിബോൾ ടൂർണമെന്റിൽ ഒരു ടീം പങ്കെടുത്തു. ഓഗസ്റ്റ് 26-ന് യൂണിറ്റിൽ വച്ച് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു.

**കയ്യൂന്നി യൂണിറ്റ്**

പ്രചോദിനി 2017 വനിതാ സംഗമത്തിൽ യൂണിറ്റിൽ നിന്നും 8 യുവതികൾ പങ്കെടുത്തു. ആനിമ 2017 ൽ ആനിമേറ്റർ സി. ഡെയ്സി പങ്കെടുത്തു. 27-8-17 ന് യുവജന സംഗമം നടത്തി. വാർഡ് അടിസ്ഥാനത്തിൽ വി.ബലിക്ക് നേതൃത്വം നൽകിവരുന്നു.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയ നിർമ്മാണ ഫണ്ട് ശേഖരണാർത്ഥം ചായപ്പൊടി വിറ്റ് സമാഹരിച്ചതുക ദേവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേവാലയവും പരിസരവും ശുചീകരിച്ചു.

**കല്ലോടി യൂണിറ്റ്**

ജൂലൈ 30-ാം തീയതി പതാകവന്ദനത്തോടെ കെ.സി.വൈ.എം. പ്രവർത്തനമാസാചരണത്തിന് തുടക്കംകുറിച്ചു. ഓഗസ്റ്റ് 12-ന് നടന്ന വനിതാസംഗമത്തിൽ യൂണിറ്റിൽനിന്ന് യുവതികൾ പങ്കെടുത്ത് 5 പേർ കേശദാനം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു.

**പാറത്തോട്ടം യൂണിറ്റ്**

യുവജനമാസാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾക്കായി 5-8-17 ന് ആരാധനയും, വിശുദ്ധ കുമ്പസാരവും, വിശുദ്ധ കുർബാനയും സംഘടിപ്പിച്ചു. 40 പേർ സംബന്ധിച്ചു. 6-8-17 ന് പതാകവന്ദനം നടത്തുകയും യുവജന മാസാചരണത്തിന്റെ ഓർമ്മക്കായി വൃക്ഷതൈ നടുകയും ബസ് വെയ്റ്റിംഗ് ഷെഡ് വൃത്തിയാക്കുകയും, ഡയറക്ടറി

ന്റെയും ആനിമേറ്ററിന്റെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി രോഗീസഹായം നൽകുകയും ചെയ്തു. ഓഗസ്റ്റ് 12-ന് നടന്ന വനിതാസംഗമത്തിൽ യൂണിറ്റിൽനിന്ന് യുവതികൾ പങ്കെടുത്തു. ആനിമ 2017-ൽ ആനിമേറ്റർ സി. ഹെലന എസ്.ഡിയും പങ്കെടുത്തു. 12-8-17 ന് യുവജനങ്ങൾക്കായുള്ള വിശുദ്ധ ബലിക്കുശേഷം രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യുവജന സെമിനാറിന് നേതൃത്വം നൽകുകയും ചെയ്തു. ഓഗസ്റ്റ് 15 ന് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ പായസ വിതരണം നടത്തി. 27-8-17 ഹെൽത്ത് സെന്റർ സന്ദർശിച്ച് പരിസരം വൃത്തിയാക്കി. 27-8-17 ന് സമരിറ്റൻ ഭവൻ സന്ദർശിച്ച് ഭക്ഷണം നൽകുകയും അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേരുകയും അവരുടെ മാനസീകോല്ലാസത്തിനായി വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**ബത്തേരി യൂണിറ്റ്**

ജൂലൈ 30-ന് കെ.സി.വൈ.എം. പ്രവർത്തനമാസാചരണം 'യുവദീപ്തി 2017' യൂണിറ്റ് പ്രസിഡണ്ട് ശ്രീ. അജോ പടിഞ്ഞാറെമാങ്കുളത്തിൽ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഫണ്ടു ശേഖരണാർത്ഥം യുവജ്യോതി സമ്മാനകൂപ്പൺ വിതരണം ചെയ്തു. വിയാനി ദിനത്തിൽ നടന്ന യുവജന ആരാധനയിൽ 30 യുവജനങ്ങൾ പങ്കെടുത്തു. ഗവൺമെന്റ് ആശുപത്രിയിൽ രോഗികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തു. രോഗീ സന്ദർശനത്തിന്റെ ഭാഗമായി ക്യാൻസർ രോഗിക്ക് 10000 രൂപ ധനസഹായം നൽകി. നിർധനകുടുബത്തിന്റെ വീട് നിർമ്മാണത്തിൽ പങ്കാളികളായി. മാടക്കര കോളനി സന്ദർശിച്ച് അരിയും മറ്റ് അവശ്യ സാധനങ്ങളും വിതരണം ചെയ്തു. പാഴ്‌വസ്തുക്കൾ ശേഖരിച്ച് വിറ്റുകിട്ടിയ 42000 രൂപ ദേവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കൊടുത്തു. യുവതേജസ് 2017 എന്ന പേരിൽ യുവജനസംഗമം നടത്തി. രക്തദാനഡയറി രൂപീകരിച്ചു. ഗവൺമെന്റ് ആശുപത്രിയിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ രോഗികൾക്ക് വസ്ത്രവിതരണം നടത്തി. ദേവാലയത്തിലേയ്ക്ക് പുതിയ കീബോർഡ് വാങ്ങുവാൻ ഒരുലക്ഷം രൂപയുടെ ചെക്ക് നൽകി. ഓഗസ്റ്റ് 31 ന് വൈകുന്നേരത്തെ വശുദ്ധ ബലിക്കുശേഷം പതാക വന്ദനത്തോടെ പതാക താഴ്ത്തി കെ.സി.വൈ.എം. പ്രവർത്തനമാസാചരണത്തിന് വിരാമം കുറിച്ചു.

**ചീങ്ങവല്ലം യൂണിറ്റ്**

ജൂലൈ 30-ന് വി. ബലിക്കുശേഷം ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. കുര്യൻ വാഴയിൽ ഭദ്രദീപം കൊളുത്തി കെ.സി.വൈ.എം.

പ്രവർത്തന മാസാചരണത്തിന് തുടക്കംകുറിച്ചു. യൂണിറ്റ് പ്രസിഡണ്ട് അബിൻ വല്ലടിയിൽ പതാക ഉയർത്തി. ഇടവക വൈദികരുടെ മദ്ധ്യ സ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. സെക്രട്ടറി റെനി മറ്റത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു. ദൈവവിളി പ്രോത്സാഹനാർത്ഥം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സേവനദിനത്തിന്റെ ഭാഗമായി സിമി ത്തേരി ശുചീകരണം നടത്തി. അന്താരാഷ്ട്ര യുവജനദിനം ആഘോ ഷിച്ചു. മാർഗ്ഗദീപങ്ങൾ എന്ന പേരിൽ ഓരോ ഞായറാഴ്ച്ചയും ഓരോ വിശുദ്ധനെ യുവാക്കളുടെ നേതൃത്വത്തിൽ പരിചയപ്പെടുത്തി. ഓഗസ്റ്റ് 15-ന് മേരി നാമധാരികളെ ആദരിച്ചു. കർഷകദിനത്തോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് വിതരണം നടത്തി. എസ് എസ്എൽസി പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും എപ്ലസ്സ് നേടിയ ആൽബർട്ട് പാറേക്കാട്ടിലിനെ ആദരിച്ചു. അമ്പലവ യൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് സന്ദർശിച്ചു. യുവ ജന സെമിനാർ സംഘടിപ്പിച്ചു. 31-7-17 ന് പതാക വന്ദനത്തിനുശേഷം പതാക താഴ്ത്തിയതോടെ കെ.സി.വൈ.എം. പ്രവർത്തനമാസാചരണ ത്തിന് തിരശ്ശീല വീണു.

**അമ്പലവയൽ യൂണിറ്റ്**

2017 ജൂലൈ 30-ന് യുവത എന്ന പേരിൽ കെ.സി.വൈ.എം. പ്രവർത്തന മാസാചരണത്തിന് തുടക്കംകുറിച്ചു. തിരിതെളിച്ച് വചന പ്രതിഷ്ഠ നടത്തി. യൂത്ത് ക്യാമ്പെയിൻ നടത്തി അംഗത്വം നവീക രിച്ചു. ബഹുമാനപ്പെട്ട ഡയറക്ടർ കുര്യൻ വാഴയിലച്ചന്റെ ജന്മദിനം ആഘോഷിച്ചു. വിയാനിദിനത്തിൽ പ്രണാമം എന്ന പേരിൽ വൈദീ കരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി നോട്ടീസ് വിതരണം നടത്തി. പാവപ്പെട്ട കുടുംബത്തിന് അവശ്യസാധനങ്ങൾ നൽകി സഹാ യിച്ചു. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി അമ്പലവയൽ ടൗണിൽ പായസവിതരണം നടത്തി. കുട്ടികളുടെ ഇടയിലുള്ള നല്ല കർഷകനെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി 4,5,6 ക്ലാസ്സുകളിൽ പഠി ക്കുന്ന കുട്ടികൾക്ക് പച്ചക്കറിതൈകൾ വിതരണം ചെയ്തു. 27 -ാം തീയതി 'സൈബർ കുറ്റകൃത്യങ്ങൾ അറിയേണ്ടത് എന്തെല്ലാം' എന്ന വിഷയത്തിൽ ശ്രീ.പൗലോസ് കുട്ടൻപുഴ യുവജന സെമിനാർ നയിച്ചു. ഇടവകയിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. 31-ന് വി. ബലിക്കുശേഷം പതാക താഴ്ത്തിയതോടെ യുവത കെ.സി .വൈ.എം. പ്രവർത്തന മാസാചരണത്തിന് തിരശ്ശീല വീണു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 25 മുതൽ 28 വരെ നടന്ന കോഴ്സിൽ 78 പേരും സെപ്റ്റംബർ 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 83 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഒക്ടോബർ 8 – 11 – പാസ്റ്ററൽ സെന്റർ ദ്വാരക

ഒക്ടോബർ 27 – 30 – പാസ്റ്ററൽ സെന്റർ ദ്വാരക

നവംബർ 12 – 15 – പാസ്റ്ററൽ സെന്റർ ദ്വാരക

**മാതൃവേദി**

**മാനന്തവാടി മേഖല**

ആഗസ്റ്റ് 26–ന് മേഖലയിലെ എല്ലാ ശാഖകളിലെയും വിധവകളായ നൂറോളം അമ്മമാരെ ഏകോപിപ്പിച്ച് നവോമി സംഗമം നടത്തി. മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സെടുത്തു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആഗസ്റ്റ് 31 –ന് രോഗികൾക്ക് ഭക്ഷണം വെച്ചു നൽകി.

**നടവയൽ മേഖല**

മാതൃവേദി അംഗങ്ങൾക്കായി പച്ചക്കറി ജൈവവളത്തിലൂടെ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആഗസ്റ്റ് 10–ന് സെമിനാർ നടത്തി. അമ്മമാർ പങ്കെടുത്തു. കൃഷി ഓഫീസർ ശ്രീ. സുബ്രമണ്യൻ ക്ലാസ്സെടുത്തു.

**കല്ലോടി മേഖല**

ആഗസ്റ്റ് 26 –ന് കല്ലോടി ഫൊറോന ദേവാലയത്തിൽ വച്ച് മാതൃവേദി ഏകദിന കൺവെൻഷൻ സംഘടിപ്പിച്ചു. ബഹു. ഫാ. ജോൺ പുതുക്കുളം 'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. 11 ഇടവകകളിൽ നിന്നായി 530 അമ്മമാർ പങ്കെടുത്തു. ഫൊറോന വികാരി ബഹു. ഫാ. അഗസ്റ്റിൻ പുത്തൻപുരയും മേഖല ഡയറക്ടർ ബഹു. ഫാ. ജെയ്സ് പൂതക്കുഴിയും സി. കൃപ എഫ്.സി.സി. യും നേതൃത്വം നൽകി.

**തരിയോട് മേഖല**

ആഗസ്റ്റ് 16-ന് തരിയോട് മേഖലയിൽ നിന്നും കൽപറ്റ ഗവ. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി; ഉച്ചഭക്ഷണം തയ്യാറാക്കി നൽകി.

**കേണിച്ചിറ**

സെപ്റ്റംബർ 9-ന് ഓസാനാം ഭവൻ സന്ദർശിച്ച് അന്തേവാസികൾക്കും അവിടുത്തെ പ്രവർത്തകർക്കും 8850/- രൂപയുടെ പുതുവസ്ത്രങ്ങൾ വിതരണം ചെയ്തു. അതോടൊപ്പം അരിയും മറ്റു പച്ചക്കറികളും നൽകി.

**ദ്വാരക**

ആഗസ്റ്റ് 15 -ന് മാതൃദിനം സമുചിതമായി ആഘോഷിച്ചു. ഇടവകയിലെ ഏറ്റവും പ്രായം കൂടിയ മേരിമാരെ തെരഞ്ഞെടുത്ത് ബഹു. ജോസ് തേക്കനാടി അച്ചൻ സമ്മാനം നൽകി ആദരിച്ചു. ആഗസ്റ്റ് 27 -ന് 'കുടുംബത്തിൽ അമ്മ വിശ്വാസത്തോടെ ഉണർന്നു പ്രവർത്തിക്കണം.' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. വർക്കി നിരപ്പേൽ ക്ലാസ്സെടുത്തു.

**വാഴവറ്റ**

ആഗസ്റ്റ് 15 -ന് മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ ഏറ്റവും ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. കാഞ്ഞിരത്തിനാൽ കുടുംബത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കൽപ്പറ്റയിൽ നടത്തിയ നീതിറാലിയിൽ അമ്മമാർ പങ്കെടുത്തു. ആദ്യവെള്ളിയാഴ്ച്ച രാവിലെ മുതൽ വൈകുന്നേരം വരെ അഖണ്ഡജപമാല നടത്തി. 'ജീവന്റെ സംരക്ഷണം' എന്ന നിയോഗത്തിൽ തിരുഹൃദയ ജപമാല ചൊല്ലി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. രോഗീസഹായം നൽകി. കന്ദമാലിലെ രക്തസാക്ഷിദിനം ആചരിച്ചു. ബഹു. ഫാ. ജോസ് കൊച്ചറയ്ക്കൽ പ്രഭാഷണം നടത്തി.

**വാളേരി**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനോട് അനുബന്ധിച്ച് അമ്മമാർക്കു വേണ്ടി പ്രാർത്ഥിച്ച 75 കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. അമ്മമാർ പള്ളിപ്പരിസരം വൃത്തിയാക്കി. ആഗസ്റ്റ് 26 -ന് കല്ലോടിയിൽ വച്ച് നടത്തിയ മേഖല കൺവെൻഷനിൽ 81 അമ്മമാർ പങ്കെടുത്തു. പിടിയരിയും പച്ചക്കറിയും ശേഖരിച്ച് 24 -ന് ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. 27-ന് മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. അമ്മമാർക്കായ് ഏകദിന സെമിനാർ നടത്തി. ശ്രീ. തോമസ് ഏറനാട്ട് ക്ലാസ്സ് എടുത്തു. ആഗസ്റ്റ് മാസത്തെ ആദ്യവ്യാഴാഴ്ച്ച മാനന്തവാടി രൂപതയിലെ വൈദികർക്കു വേണ്ടി പ്രാർത്ഥിച്ചു. മദ്യത്തിന്റെയും ലഹരിയുടെയും അടിമത്തത്തിലായവരുടെ മോചനത്തിനായി അമ്മമാർ ചെയിൻ ഫാസ്റ്റിംഗ് നടത്തി വരുന്നു.

**കമ്മന**

മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും ആഘോഷമായി നടത്തി. ആദ്യവെള്ളിയാഴ്ച്ചത്തെ ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിൽ മേരി നാമധാരികളെ ആദരിച്ചു.

**മഞ്ഞൂറ**

ആഗസ്റ്റ് 15-ന് കൽപറ്റ ഗവ. ആശുപത്രിയിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. ആഗസ്റ്റ് 27 -ന് ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം വണങ്ങുന്നതിനായി കാവുമന്ദം ഇടവകയിൽ പോയി. ഇടവകയിൽ വച്ചു നടന്ന ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ സജീവമായി പങ്കെടുത്തു.

**കാവുമന്ദം**

ആഗസ്റ്റ് 15-ന് കാഞ്ഞിരത്തിനാൽ കുടുംബത്തിനായി നടത്തിയ റാലിയിൽ പങ്കെടുത്തു. ആഗസ്റ്റ് 20 -ന് മാതൃവേദി രൂപതാ ഡയറക്ടർ ബഹു. ജോഷി മഞ്ഞക്കുന്നേൽ അച്ചൻ ഇടവകയിലെ മുഴുവൻ മാതാപിതാക്കൾക്കും, കുട്ടികൾക്കും 'വിവാഹവും കുടുംബവും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. കൽപറ്റ ഗവ. ആശുപത്രിയിലെ രോഗികൾക്ക് ഭക്ഷണത്തിനുള്ള അരി നൽകുകയും ഭക്ഷണം ഉണ്ടാക്കുവാൻ മേഖലാ ടീമിനോട് സഹകരിക്കുകയും ചെയ്തു. മണ്ഡ്യാ രൂപതയിലെ കിക്കേരി മിഷൻ സ്റ്റേഷന് 10000/- രൂപ നൽകി. ആഗസ്റ്റ് 25 -ന് രക്തസാക്ഷിത്വദിനത്തിൽ ലോകത്തിലെ മതപീഡനം അനുഭവിക്കുന്നവർക്കായും തടവിൽ കഴിയുന്ന ബഹു. ഫാ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായും ഇതുപോലെ പലവിധത്തിൽ രക്തസാക്ഷിത്തം അനുഭവിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിച്ചു.

**തൃശിലേരി**

ആഗസ്റ്റ് 4-ന് വി. വിയാനിയുടെ തിരുനാൾ ദിവസം മുൻ വികാരിമാരെ ആദരിച്ചു. 5-ന് ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം കൊടുത്തു സഹായിച്ചു. 12 -ന് അമ്മമാർക്ക് സെമിനാർ നടത്തി. ബഹു. സി. ആൻസി പോൾ എസ്. എച്ച് ക്ലാസ്സെടുത്തു. 15-ന് മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും, 29 -ന് എവുപ്രാസ്യാമ്മയുടെ തിരുനാളും ആഘോഷിച്ചു.

**പാറത്തോട്ടം**

മാതൃവേദിയുടെ മീറ്റിംഗ് വാർഡ് പ്രാർത്ഥനയോടനുബന്ധിച്ച് വീടുകളിലാണ് കൂടിയത്. ഇടവകയിലെ എല്ലാ അമ്മാരും പങ്കെടുത്തു. മീറ്റിംഗിൽ എല്ലാ അമ്മമാരുടെയും പേരു വിവരങ്ങൾ ശേഖരിച്ചു, ഓരോ വാർഡിൽനിന്നും ഓരോ ലീഡർമാരെയും തിരഞ്ഞെടുത്തു. ജൂലൈ 15-ന് ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം കൊടുക്കാനായി മേഖലാ എക്സി

ക്യൂട്ടീവിന് 250/- രൂപ ധനസഹായം നൽകി. ജൂലൈ 24-ന് മാനന്ത വാടി ടൗൺ പള്ളിയിൽ വച്ച് നടത്തിയ വിധവാ സംഗമത്തിൽ 6 പേർ പങ്കെടുത്തു.

**കോട്ടത്തറ**

ആഗസ്റ്റ് 15 -ന് ഇടവകയുടെ വിവിധ ഭാഗങ്ങളിലുള്ള 4 ഗ്രോട്ടോ കളിൽ വൈകുന്നേരം 5.30 -ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കിടപ്പു രോഗികളായവരെ സന്ദർശിക്കുകയും ക്യാൻസർ രോഗത്താൽ ക്ലേശി ക്കുന്ന ഒരാൾക്ക് 1000/- രൂപ ചികിത്സാസഹായം നൽകി. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു.

**പുതിയിടംകുന്ന്**

ആശുപത്രി കൂട്ടായ്മയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തി. അമ്മമാർക്ക് ലൈബ്രറി പുസ്തകം നൽകി. ആഗസ്റ്റ് 26 -ന് കല്ലോടി ഫൊറോനയിൽ വച്ച് നടത്തിയ മാതൃവേദി കൺവെൻഷനിൽ 40 അമ്മമാർ പങ്കെടുത്തു.

**കയ്യൂന്നി**

15.08.2017 -ന് ചേർന്ന ജനറൽ ബോഡി മീറ്റിംഗിൽ കുടുംബ ത്തിൽ, സമൂഹത്തിൽ, ഇടവകയിൽ അമ്മമാർക്കുള്ള പങ്ക്  എന്ന വിഷ യത്തെ ആസ്പദമാക്കി ബഹു. ഫാ. തോമസ് മണക്കുന്നേൽ ക്ലാസ്സെ ടുത്തു. 300 അമ്മമാർ പങ്കെടുത്തു.

**പറളിക്കുന്ന്**

ഇടവകയിൽ ജൂലൈ 23 -ന് ബഹു. ജോസ് കപ്യാരുമലയിൽ അച്ചന്റെ നേതൃത്വത്തിൽ അമ്മാർക്കു വേണ്ടി ഒരു ക്ലാസ്സ് എടുത്തു. മാതൃവേദി തുടങ്ങാൻ തീരുമാനിച്ചു. ആഗസ്റ്റ് 13 -ന് ഇടവകാ മാതൃവേ ദിയുടെ ഔപചാരികമായ ഉദ്ഘാടനം നടത്തി. അന്നേദിവസം അമ്മാർ വായന, കാഴ്ച്ച സമർപ്പണം എന്നിവയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**കൊളവയൽ**

എട്ടു നോമ്പ് ആചരിച്ചു. വിവാഹ ജീവിതാന്തസ്സിൽ 50 വർഷം പിന്നിട്ട ദമ്പതികൾക്ക് മെമന്റോ നൽകി ആദരിച്ചു. ദിവ്യബലിക്ക് ശേഷം സ്നേഹവിരുന്നുമുണ്ടായിരുന്നു.

**മരിയൻ സിംഗിൾസ്**

സെപ്റ്റംബർ 11 -ന്  മീറ്റിംഗിൽ 15 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്.എച്ച്. നേതൃത്വം നൽകി. അടുത്ത മാസത്തെ മീറ്റിംഗ് ഒക്ടോബർ 16 -ന് ആയിരിക്കും.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (1-9-17)**

സെപ്റ്റംബർ 1 ആദ്യവെള്ളി സീയോൻ ധ്യാനകേന്ദ്രത്തിൽ 4 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. ജാഗരണപ്രാർത്ഥന, കുരിശിന്റെ വഴി, വി. കുർബാന എന്നിവയ്ക്കുശേഷം 12 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു. ബഹു. ഡയറക്ടറച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ (2-9-17)**

ആദ്യശനിയുടെ ശുശ്രൂഷകൾ 6 മണിക്ക് ആരംഭിച്ചു. ശുശ്രൂഷകർ ഒരുമിച്ച് ജപമാല പ്രദക്ഷിണം നടത്തി. ബഹു. സോണിയച്ചൻ വെഞ്ചരിപ്പ് നടത്തി പരിസരം വിശുദ്ധീകരിച്ചു. 9.00 ന് കൺവെൻഷൻ ആരംഭിച്ചു. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ജപമാല പ്രദക്ഷിണം നടത്തി. കല്ലോടി ഫൊറോന വികാരി ബഹു. അഗസ്റ്റിൻ പുത്തൻപുര വി. കുർബാന അർപ്പിച്ചു. സെഹിയോൻ മിനിസ്ട്രി ടീമംഗം ബ്രദർ ബിജു കൊട്ടേപ്പറമ്പിൽ, നിലമ്പൂർ വചനം പങ്കുവച്ചു. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി (9-9-17)**

രണ്ടാം വെള്ളി കൗൺസിലേഴ്സ് ശുശ്രൂഷക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനയിൽ ചില വഴിച്ചു. രണ്ടാംശനി സ്പിരിച്ച്വൽ ഗൈഡൻസ് നൽകി. ധാരാളം വിശ്വാസികൾ പങ്കെടുത്തു.

**കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ധ്യാനം (സെപ്റ്റം. 2-6)**

കത്തീഡ്രൽ ഇടവകയിലെ കുട്ടികൾക്കുവേണ്ടിയുള്ള യുവജന ധ്യാനം ബോയ്സ് ടൗണിൽ വെച്ച് ബഹു. സോണി വാഴകാട്ടച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം നയിച്ചു. 94 കുട്ടികൾ പങ്കെടുത്തു.

**മരിയൻ ധ്യാനം (സെപ്റ്റം. 10-14)**

സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മാതാക്കൾക്കുവേണ്ടിയുള്ള മരിയൻ ധ്യാനം നടത്തപ്പെട്ടു. റവ. ഫാ. സോണി വാഴകാട്ട്,

റവ.ഫാ.ബാബു മൂത്തേടം, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**സീയോൻ ഒക്ടോബർ മാസത്തിൽ**

| | |
|---|---|
| 6 ആദ്യവെള്ളി | - ഒരുക്കശുശ്രൂഷ, ജാഗരണം |
| 7 ആദ്യശനി | - ഏകദിന കൺവെൻഷൻ |
| 13 രണ്ടാം വെള്ളി | - തൂവാനീസ കൂട്ടായ്മ |
| 14 രണ്ടാം ശനി | - സ്പിരിച്വൽ ഷെയറിംഗ് |
| 15-19 (ഞായർ-വ്യാഴം) | - ആന്തരിക സൗഖ്യ ധ്യാനം |
| 20 മൂന്നാം വെള്ളി | - ജാഗരണ പ്രാർത്ഥന |
| 28 നാലാം ശനി | - രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ഗ്രീക്ക് തത്വചിന്തകനായ സോക്രട്ടീസിന്റെ പ്രസിദ്ധമായ ഒരു വാക്യമുണ്ട് - സത്പ്രവർത്തികളുടെ തുടക്കം സത്ചിന്തകളിൽ നിന്നാണ്. ഇതിന്റെ മറ്റൊരു പരിച്ഛേദനമാണ്-മാർഗ്ഗം നന്നായാൽ ലക്ഷ്യം നന്നാകുമെന്നത്. ആധുനിക സമൂഹത്തിൽ ഈ വാക്യങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലേക്കെത്തുകയെന്ന ലക്ഷ്യത്തോടെയാണ് നാം ഭൂമിയിൽ പ്രവർത്തിക്കുന്നത്. സ്വർഗത്തിലേക്ക് കുറുക്കുവഴികളില്ല, ഗൂഢമാർഗ്ഗങ്ങളുമില്ല. ജീവിച്ചിരിക്കുമ്പോൾ നാം ചെയ്യുന്ന സത്പ്രവർത്തികളാണ് സ്വർഗ്ഗീയ യാത്രക്കുള്ള നമ്മുടെ മാർഗ്ഗം. സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി പ്രവർത്തകരെന്ന നിലയിൽ സ്വർഗ്ഗീയ യാത്രക്ക് നാം എന്താണ് ചെയ്യുന്നതെന്ന് ആത്മശോധന ചെയ്യുന്നത് ഉചിതമായിരിക്കും. അപരനെ സഹോദരനായി കണ്ട് അവന്റെ ആത്മീയവും ഭൗതീകവുമായ ഉണർവ്വിനായി പ്രവർത്തിക്കുന്നവരായി നാം മാറണം. നമ്മുടെ അയൽവാസി ഭക്ഷണം ലഭിക്കാതെ-രോഗിയായി-കുടുംബ സമാധാനമില്ലാതെ വസിക്കുമ്പോൾ, നാം മൃഷ്ടാന്ന ഭോജനം കഴിച്ച് സുഖലോലുപരായി കഴിയുകയാണെങ്കിൽ -യേശു പറഞ്ഞ ധനവാന്റെയും ലാസറിന്റെയും ഉപമ മനസിലേക്ക് കൊണ്ടുവരുന്നത് ഉചിതമായിരിക്കും. അവശരെ നാം ഒരിക്കലും അവഗണിക്കരുത്.

കഴിഞ്ഞ ഒരു വർഷമായി യെമനിൽ ഭീകരുടെ തടവിൽ അടിമയായി പീഡകളേറ്റ ഫാ.ടോം ഉഴുന്നാലിൽ മോചിതനായതിൽ നമുക്കേവർക്കും ആഹ്ലാദമുണ്ട്. ക്രൈസ്തവരായ നമ്മുടെ കൂട്ടായ പ്രാർത്ഥനയുടെ ഫലമാണ് ഈ മോചനം. കണ്ണീരോടെയുള്ള പ്രാർത്ഥന ദൈവം കൈവിടുകയില്ലെന്നുള്ള മഹത്തായ സത്യം ഈ മോചനത്തിലൂടെ ഒരിക്കൽക്കൂടി വെളിപ്പെടുകയാണ്. എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും, ദൈവത്തിലാശ്രയിച്ച് മുന്നേറുവാൻ നമുക്ക് കഴിയണം. ദൈവാശ്രയബോധം വളർത്തുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ ഓരോ വിൻസെൻഷ്യനുമുണ്ടാവണം. നാമോരുരുത്തരുടെയും വാക്കും പ്രവർത്തിയും ദൈവത്തെയും കത്തോലിക്കാസഭയെയും മഹത്വപ്പെടുത്തുന്നതാവട്ടെ. സഭയുടെ ജീവനുള്ള മുഖമായി മാറുവാൻ നമുക്കാവട്ടെ.

**സി.സി. ആത്മീയ ഉപദേഷ്ടാവ്**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ പുതിയ ആത്മീയ ഉപദേഷ്ടാവായി റവ. ഫാ.അഗസ്റ്റിൻ പുത്തൻപുരയെ മാനന്തവാടി രൂപതാധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം നിയമിച്ച വിവരം ഏവരേയും സസന്തോഷം അറിയിച്ചുകൊള്ളുന്നു. ഇപ്പാൾ കല്ലോടി ഫൊറോന വികാരിയാണ് ഫാ. അഗസ്റ്റിൻ. വളരെയേറെ സന്തോഷത്തോടെ ബഹു.അഗസ്റ്റിൻ അച്ചനെ സ്വാഗതം ചെയ്യുന്നു.

നാളിതുവരെ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ആത്മീയ ഉപദേഷ്ടാവായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിരുന്ന റവ.ഫാ. ഷാജി മുളകുടി യാങ്കലിനെ നന്ദിയോടെ സ്മരിക്കുന്നു. നടവയൽ ഫൊറോന വികാരി യായി സേവനമനുഷ്ഠിച്ചിരുന്ന ഷാജിയച്ചൻ തന്റെ തിരക്കേറിയ സഭാ പ്രവർത്തനങ്ങൾക്കിടയിലും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും യത്നിച്ചിരുന്നു. കൊട്ടിയൂർ പള്ളി വികാരിയായി സ്ഥലംമാറിപോയ ഷാജിയച്ചന് എല്ലാവിധ പ്രർത്ഥനാമംഗളങ്ങളും നേരുന്നു.

റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര–ഫോൺ 8078072776

**എ.സി. സന്ദർശനങ്ങൾ**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ മാനന്ത വാടി സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനു വേണ്ടിയുള്ള ഏര്യ കൗൺസിൽ സന്ദർശനങ്ങൾ നടന്നു വരികയാണല്ലോ. സന്ദർശനം നടന്ന എ.സി.കളിലെ അംഗങ്ങളിൽ നിന്നും നല്ല പ്രതികരണങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പ് ആവശ്യമായ എ.സി.കളിൽ സൊസൈറ്റിയുടെ ഭരണഘടനക്കനുസൃതമായി അവ നടന്നുവരിക യാണ്. നിലവിലുള്ള എ.സി. ഭാരവാഹികൾ കൂടുതൽ ഊർജ്ജസ്വലരാ കുവാനും, പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാനും ദൈവം കരുത്ത് നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പയ്യമ്പള്ളി എ.സി. യോഗം ഒണ്ടയങ്ങാടി സെൻറ് മാർട്ടിൻ ഡി പോറസ് പള്ളിഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്ര.ജോസ് കാര ക്കട അധ്യക്ഷം വഹിച്ചു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാ ന്തിരി, ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, ട്രഷറർ ബ്ര.എൻ. യു. ജോൺ നെടുങ്കൊമ്പിൽ, ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്ര. വിൻസെന്റ്, ജോൺ വടക്കുഞ്ചേരി എന്നിവർ ക്ലാസ് എടുത്തു. ബ്ര. ബേബി കാരകുന്നേൽ, ബ്ര. ബേബി തറവട്ടത്തിൽ എന്നി വർ പ്രസംഗിച്ചു.

നടവയൽ എ.സി.യോഗം നടവയൽ ഉണ്ണീശോ പള്ളിഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് പറമ്പിൽ അധ്യക്ഷം വഹിച്ചു. നടവയൽ ഫൊറോന പള്ളിവികാരി ഫാ.ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്ര. ബാബു നമ്പുടാകം, ബ്ര. എൻ.യു.ജോൺ, ബ്ര.വിൻസെന്റ് ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് തെരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റായി ബ്ര.സണ്ണി തോമസ് ആലഞ്ചേരി സത്യപ്രതിജ്ഞ ചെയ്തു.

ചുണ്ടക്കര എ.സി.യോഗം ചുണ്ടക്കര പാരിഷ്ഹാളിൽ നടന്നു. ഫാ.തോമസ് പൊൻതൊട്ടി ഉദ്ഘാടനം ചെയ്തു. എ.സി.പ്രസിഡന്റ് ബ്ര.തങ്കച്ചൻ മേപ്പാടത്ത് അധ്യക്ഷം വഹിച്ചു. സി.സി.ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.എൻ.യു. ജോൺ ബ്ര.വിൻസെന്റ് ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. കണിയാമ്പററ കോൺഫ്രൻസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. പോൾ മൂലൻ സത്യപ്രതിജ്ഞ ചെയ്തു. ബ്ര.വി.ജെ.ജോണി സ്വാഗതവും, ബ്ര.മാത്യു നിരപ്പിൽ നന്ദിയും പറഞ്ഞു.

കൽപ്പററ എ.സി.യോഗം കൽപ്പററ ഡി പോൾ പള്ളി ഹാളിൽ നടന്നു. ഇടവക വികാരി ഫാ.മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സഹവികാരി ഫാ.നിധിൻ പാലക്കാട്ട് മുഖ്യസന്ദേശം നല്കി. എ.സി.പ്രസിഡന്റ് സിസ്റ്റർ സിസിലി മാത്യു പഴേമഠം അധ്യക്ഷത വഹിച്ചു. സി. സി. ഭാരവാഹികളായ ബ്ര. ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.എൻ.യു.ജോൺ, ബ്ര.വിൻസെന്റ് ജോൺ, ബ്ര.കെ.പി.ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്ര.ഡോ. സെബാസ്റ്റ്യൻ,ബ്ര. ജൂഡി കൊരണ്ടിയാർകുന്നേൽ, ബ്ര. കുര്യൻ ആരിശ്ശേരി, ബ്ര.മാത്യു തുറവേലിക്കുന്നേൽ, ബ്ര. മാത്യു പഴേമഠം എന്നിവർ നേതൃത്വം നല്കി.

**കോൺഫ്രൻസ് രൂപീകരണം**

പോരൂർ ഇടവകയിൽ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതുതായി വനിതാ കോൺഫ്രൻസ് രൂപീകരിച്ചു. പള്ളിഹാളിൽ നടന്ന യോഗം ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി ഉദ്ഘാടനം ചെയ്തു. മാനന്തവാടി എ.സി. പ്രസിഡന്റ് ബ്ര.എ.സി.ജോൺ അതിരക്കുളങ്കര അധ്യക്ഷം വഹിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ എന്നിവർ ക്ലാസ് എടുത്തു. എ.സി. എക്സ്റ്റൻഷൻ ഓഫീസർ ബ്ര. തോമസ് വാളോത്തിൽ, ബ്ര. ഇമ്മാനുവേൽ മുണ്ടമ്മാക്കൽ, സിസ്റ്റർ ലില്ലിജോയ്

ചിറമുഖത്ത് എന്നിവർ പ്രസംഗിച്ചു. കോൺഫ്രൻസ് ഭാരവാഹികൾ– സിസ്റ്റർ ലില്ലിജോയ് ചിറമുഖത്ത് (പ്രസി.), സിസ്റ്റർ ബിന്ദു മെഴുകനാം കുന്നേൽ (വൈ.പ്രസി.), സിസ്റ്റർ ഷീബ തേക്കിലക്കാട്ടിൽ (സെക്ര.), സിസ്റ്റർ ത്രേസ്യ കടവൂർ (ട്രഷറർ).

**ഓസാനാംഭവൻ**

മൈസൂർ എൻ.ആർ. മൊഹള്ള സെന്റ് തോമസ് കോൺഫ്രൻസ് അംഗങ്ങൾ, മൈസൂർ താണ്ഡവപുര കോൺഫ്രൻസ് അംഗങ്ങൾ എന്നിവർ ഫാ.ജോർജ്ജ് മേക്കര (സി.എം.ഐ) യുടെ നേതൃത്വത്തിൽ ഓസാനാംഭവൻ സന്ദർശിച്ച് ദിവ്യബലി അർപ്പിച്ചു. പനമരം ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ ഓസാനാംഭവൻ സന്ദർശിച്ച് ഓണാഘോഷം നടത്തി. വനിതാ പോലീസിന്റെ നേതൃത്വത്തിൽ പൂക്കളമൊരുക്കുകയും ചെയ്തു. എസ്.ഐ. പൗലോസ്, എ.വി. പഞ്ചായത്ത് മെമ്പർമാർ എന്നിവർ നേതൃത്വം നല്കി. കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻ കോൺഫ്രൻസ് അംഗങ്ങൾ ഓസാനാം ഭവനിലെ അംഗങ്ങൾക്ക് ഓണക്കോടി വിതരണം ചെയ്തു. മുക്കം കെ.എം.സി.ററി മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം ഓസാനാംഭവനിൽ മെഡിക്കൽ ക്യാമ്പ് നടത്തി. നടവയൽ സി.എം. കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഓസാനാംഭവനിൽ ഓണാഘോഷം നടത്തി. പുൽപ്പള്ളി പഴശ്ശിരാജാ കോളേജിലെ ബി.ബി.എ. വിദ്യാർത്ഥികളും അധ്യാപകരും ഓസാനാംഭവൻ സന്ദർശിച്ചു സഹായങ്ങൾ നല്കി. മഞ്ഞൂറ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി അംഗങ്ങൾ, മാതൃവേദി, ചെറുപുഷ്പ മിഷൻലീഗ്, എസ്.കെ.ഡി.സിസ്റ്റേഴ്സ് എന്നിവർ ഇടവക വികാരി ഫാ.കുര്യൻ കൊച്ചുപാറയുടെ നേതൃത്വത്തിൽ ഓസാനാംഭവൻ സന്ദർശിച്ചു.

കയ്യൂന്നി ഫാത്തിമമാതാ പള്ളിയിലെ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി അംഗങ്ങൾ, മാതൃവേദി, പിതൃവേദി, ഇടവകാ പ്രതിനിധികൾ, കൈക്കാരന്മാർ, കെ.സി.വൈ.എം, എസ്.എച്ച്. കോൺഗ്രിയേഷൻ സിസ്റ്റേഴ്സ് എന്നിവർ ഇടവക വികാരി ഫാ.തോമസ് മണക്കുന്നേലിന്റെ നേതൃത്വത്തിൽ ഓസാനാംഭവൻ സന്ദർശിച്ചു. നിരവിൽപ്പുഴ വി. ഏലിയാസച്ചൻ പള്ളിയിലെ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ഫാ.വർഗീസ് മൂന്നാനാലിന്റെ നേതൃത്വത്തിൽ ഓസാനാംഭവൻ സന്ദർശിച്ചു. പുൽപ്പള്ളി കൃപാലയ സ്പെഷ്യൽ സ്ക്കൂളിലെ വിദ്യാർത്ഥികളും അഡോറേഷൻ കോൺഗ്രിയേഷൻ സിസ്റ്റേഴ്സും ഓസാനാംഭവൻ സന്ദർശിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി കബനിഗിരി യൂണിററ് അംഗങ്ങൾ ഓസാനാംഭവൻ സന്ദർശിച്ചു. കോളേരി ശ്രീനാരായണ ധർമ്മസംഘം അംഗങ്ങൾ ഓസാനാംഭവൻ സന്ദർശിച്ചു. പാടിച്ചിറ, ചുങ്കക്കുന്ന്, മരകാവ്, മൊതക്കര, കേണിച്ചിറ,

കബനിഗിരി, സീതാമൗണ്ട്, ദ്വാരക, കണിയാരം, കൊളവയൽ, ചുള്ളിയാന, പറളിക്കുന്ന്, വിളമ്പുകണ്ടം, മീനങ്ങാടി എന്നീ ഇടവകകളിലെ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി അംഗങ്ങൾ ഓസാനാം ഭവൻ സന്ദർശിച്ചു. പുതുശ്ശേരി ഇടവകയിലെ മാതൃവേദി, പുൽപ്പള്ളി ആലൂർക്കുന്ന് ഉദയ കുടുംബശ്രീ, പുൽപ്പള്ളി വർണ്ണം കുടുംബശ്രീ എന്നിവയിലെ അംഗങ്ങൾ ഓസാനാംഭവൻ സന്ദർശിച്ചു.

**ഒക്ടോബർ, നവംബർ മാസങ്ങളിലെ ഓസാനാംഭവൻ സന്ദർശനം**

ഒക്ടോബർ ഒന്നുമുതൽ 15-വരെ- കൊട്ടിയൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ. ഒക്ടോബർ15-30 വരെ-കുറുമ്പാല എ.സി.യുടെ കീഴിലെ കോൺഫ്രൻസുകൾ. നവംബർ 1-15- തരിയോട്, നവംബർ15 -30 വരെ-കല്പ്പററ എ.സി.

**എ.സി. സന്ദർശനം**

ഒക്ടോബർ 1 - മാനന്തവാടി എ.സി.- കണിയാരം കത്തീഡ്രൽ പള്ളി ഹാൾ - ഉച്ചകഴിഞ്ഞ് 2-4.

ഒക്ടോബർ 15 - പാടിച്ചിറ എ.സി. - പാടിച്ചിറ പള്ളിഹാൾ - ഉച്ചകഴിഞ്ഞ് 2-4.

ഒക്ടോബർ 18 - മണിമൂളി എ.സി. - മണിമൂളി പള്ളിഹാൾ - രാവിലെ 10.30-12.30.

ഒക്ടോബർ 22 - പുൽപ്പള്ളി എ.സി. - മുള്ളൻകൊല്ലിപള്ളിഹാൾ - ഉച്ചകഴിഞ്ഞ് 2-4.

ഒക്ടോബർ 29 - തരിയോട് എ.സി. - കാവുമന്ദം പള്ളിഹാൾ - ഉച്ച കഴിഞ്ഞ് 2-4.

നവംബർ 5 - വാഴവററ എ.സി - വാഴവററ പള്ളിഹാൾ - ഉച്ചകഴിഞ്ഞ് 2-4.

നവംബർ 19 - ബത്തേരി എ.സി - അസംപ്ഷൻ പള്ളിഹാൾ - ഉച്ച കഴിഞ്ഞ് 2-4.

നവംബർ 26 - കല്ലോടി എ.സി. - കല്ലോടി പള്ളിഹാൾ - ഉച്ചകഴിഞ്ഞ് 2-4.

**ഭാരവാഹികൾ**

ബ്ര.സണ്ണിതോമസ് ആലഞ്ചേരി (നടവയൽ എ.സി.പ്രസി.)-ഫോൺ: 9544659300.

ബ്ര. പോൾ മൂലൻ (കണിയാമ്പററ കോൺഫ്രൻസ് പ്രസിഡന്റ്) ഫോൺ : 9567896134.

സ്നേഹപൂർവം,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**

സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ആദിമ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുന്നു. ഈ മാസം പ്രധാനമായും അംഗങ്ങളിൽ നിന്നും ഓഹരി സമാഹരണം നടത്തി. ഇതിനായി പാലോട്ട്, കാവിൻപാടം, മക്കിമല, താഴെ തലപ്പുഴ എന്നിവിടങ്ങളിൽ പ്രത്യേക യോഗങ്ങൾ ചേർന്നു. ഇതിലൂടെ 1350 ഓഹരികൾ ഈ മാസം സമാഹരിക്കുവാൻ സാധിച്ചു.

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി എടമുണ്ട, എടത്തന എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ പദ്ധതിയിലെ പങ്കാളികൾക്ക് കാപ്പി, കുരുമുളക് എന്നിവയുടെ തൈകൾ വിതരണം ചെയ്തു.

**ജലനിധി**

ജലനിധി സ്കൂൾ സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി.

എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി എള്ളുമന്ദം എ.എൻ.എം.യു.പി. സ്കൂൾ, കമ്മന നവോദയ എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ ടോയിലറ്റ് നിർമ്മിക്കുവാൻ പഞ്ചായത്ത് ഭരണസമിതി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി. ഇതിന്റെ നിർമ്മാണത്തിനായി 12 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്.

**ഓണാഘോഷം സംഘടിപ്പിച്ചു**

ജലനിധി ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലയിലെ 11 ജലനിധി ഗ്രാമപഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഓണാഘോഷം നടത്തി (31-08-2017).

## സേവ് എ ഫാമിലി പ്ലാൻ

മാനന്തവാടി രൂപതയിലെ സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്ത നങ്ങൾ കാര്യക്ഷമമായി മുൻപോട്ട് പോകുന്നു. ഇപ്പോൾ നിലവിൽ 325 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

കഴിഞ്ഞ മാസം 45 കുടുംബങ്ങൾക്കായി 553432 രൂപ ധനസ ഹായം നൽകി. ഇതിൽ 442500 രൂപ വിവിധ വരുമാന പദ്ധതികൾക്കായും 7500 രൂപ വിദ്യാഭ്യാസത്തിനും 93000 രൂപ ഭവനനിർമ്മാണ പുനരുദ്ധാ രണ പ്രവർത്തനത്തിനായുമാണ് ധനസഹായം നൽകിയത്.

## DDU-GKY

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമ ങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടു തൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്ത രാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാ വർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരി ക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകു ന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ, ബി പി ഒ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. ഡി ഡി യൂ ജി കെ വൈ യിൽ മുൻ വർഷങ്ങളിലെ പ്രവർത്തന മികവ് കണക്കി ലെടുത്തു അഡിഷണൽ ആയി 315 പേരെക്കൂടി പഠിപ്പിക്കുവാൻ നമുക്ക് അനുവാദം കിട്ടിയിട്ടുണ്ട് അതിൽ ഫുഡ് പ്രോസസ്സിംഗ് ബാച്ച് 33 പേരോ ടുകൂടി ആരംഭിച്ചു.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം

കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധ പ്പെടുക.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

DDU-GKY/NULM കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേ ശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗാദാനം ചെയ്യുന്നു.

**കേരളാ ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**ബോധവൽക്കരണ ക്ലാസ്സ്**

വിവിധ തരത്തിലുള്ള ക്ഷേമനിധികളെക്കുറിച്ചും അതിൽ അംഗ ത്വമെടുത്താൽ കിട്ടുന്ന ആനുകൂല്യങ്ങളെക്കുറിച്ചും ദ്വാരക, ചിത്രഗിരി എന്നിവിടങ്ങളിൽ സി. ഇന്നസെന്റ് ക്ലാസ്സെടുത്തു. വിവിധ ക്ഷേമനിധി കളിൽ ചേരാനാഗ്രഹിക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**മരണാനന്തര ആനുകൂല്യം വിതരണം ചെയ്തു**

സ്വാവലംബൻ എന്ന സുരക്ഷാപദ്ധതിയിൽ ഇരുളം ഇടവകയിൽ നിന്നും അംഗത്വമെടുത്ത ശ്രീ. അനിതൻ മരണപ്പെട്ടതിന്റെ മരണാന ന്തര ആനുകൂല്യമായ 40000/- രൂപ ആഗസ്റ്റ് മാസം 21-ാം തീയതി WSSS ൽ വച്ച് അവകാശികൾക്ക് കൈമാറി.

**കർഷക തൊഴിലാളി ക്ഷേമനിധി**

ഭൂവുടമകളുടെ ഭൂമിയിൽ വേതനത്തിനുവേണ്ടി കൃഷിപണിയോ അതുമായി ബന്ധപ്പെട്ടു ജോലി ചെയ്യുകയോ ചെയ്യുന്ന തൊഴിലാളിക ളാണ് കർഷകതൊഴിലാളികൾ. ഈ ക്ഷേമനിധിയിൽ ആളുകളെ ചേർക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ പൂർത്തിയായി.

**വികാസ്പീഡിയ**

ഒരു ബഹുഭാഷാ വിജ്ഞാനശേഖരമായ വികാസ്പീഡിയ പോർട്ടൽ സമൂഹത്തിന്റെ സമഗ്രസാമൂഹിക വികസനം നേടിയെടുക്കു

ന്നതിനായ പ്രധാന ഘടകങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. വിവര സാങ്കേതിക വിദ്യയിലൂന്നിയ അറിവ് സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങളുമായി പങ്കുവയ്ക്കുന്നു. കേന്ദ്ര സർക്കാർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടപ്പിലാക്കി വരുന്ന വികാസ്പീഡിയ ഇന്റർനെറ്റ് പോർട്ടലിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന പ്രചാരണങ്ങൾക്കാണ് ഈ മാസം സാക്ഷ്യം വഹിച്ചത്. വികാസ്പീഡിയ പ്രവർത്തകരിൽ പുത്തൻ ഉണർവ് പകരുന്ന രീതിയിലുള്ള ജനകീയ കൂട്ടായ്മ പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിച്ചു. കൂടുതൽ പ്രവർത്തകരും വിവരദാതാക്കളും പോർട്ടലിൽ രജിസ്റ്റർ ചെയ്തതും വികാസ്പീഡിയ മലയാളം ഫേസ്ബുക്ക് ലൈക്കുകളിൽ ഉള്ള ഗണ്യമായ വർദ്ധനയും വികാസ്പീഡിയ പോർട്ടലിന്റെ ജനകീയത വെളിവാക്കുന്നു.

സമൂഹത്തിലെ താഴെ തട്ടിലുള്ളവർ മുതൽ ഉന്നത ശ്രേണിയിലുള്ളവർ വരെ വികാസ്പീഡിയ പോർട്ടലിനെ അറിയുന്നതിലേക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പൊതുപരിപാടികൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു.

വികാസ്പീഡിയയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റയിൽ വെച്ചു നടത്തിയ സിവിൽ സർവ്വീസ് പരിശീലന പരിപാടി വയനാട് ജില്ലാ കളക്ടർ ശ്രീ. സുഹാസ് IAS ഉദ്ഘാടനം ചെയ്തു. വികാസ്പീഡിയ മലയാളം പോർട്ടലിനെ കൂടുതൽ ജനകീയമാക്കുവാൻ ധാരാളം സന്നദ്ധ പ്രവർത്തകരെ ആവശ്യമായിരിക്കുന്നു. താങ്കളെയും വികാസ്പീഡിയ സന്നദ്ധ സേവകനാകുവാൻ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ml.vikaspedia.in സന്ദർശിക്കുക.

**ജനകീയ സംഘാടനം**

ജനകീയ സംഘാടന വിഭാഗമായ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം നല്ല രീതിയിൽ നടക്കുന്നു. ജലദൗർലഭ്യം കണക്കിലെടുത്ത് ജലസംരക്ഷണവുമായ് ബന്ധപ്പെട്ട ക്ലാസ്സുകൾ വിവിധ ഗ്രൂപ്പുകളിൽ നടന്നു. വിത്തുവിതരണം അടുക്കള പച്ചക്കറിത്തോട്ട നിർമ്മാണ മത്സരത്തിന്റെ അവാർഡ്, വാർഷികാഘോഷങ്ങൾ, സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ എന്നിവ വിവിധയിടങ്ങളിൽ നടന്നു.

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. പുതുതായി രണ്ട് ഗ്രൂപ്പുകൾക്ക് 4 ലക്ഷത്തോളം രൂപ വായ്പ

അനുവദിച്ചു. 10 ഗ്രൂപ്പുകൾ 35 ലക്ഷത്തോളം രൂപയുടെ വായ്പ പുതുക്കിയെടുത്തു. വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, വിസിറ്റിംഗ്, ഓഡിറ്റിംഗ് എന്നിവ നടക്കുന്നു.

**ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം**

കാരിത്താസ് ഇന്ത്യ നടപ്പിലാക്കുന്ന ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രാവർത്തികമാക്കുന്നു. ആശാകിരണം പദ്ധതിയുടെ ഭാഗമായി പയ്യമ്പള്ളി, കബനിഗിരി എന്നിവിടങ്ങളിൽ മാനന്തവാടി സെന്റ് ജോസഫ്സ് ആശുപത്രിയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സീതാമൗണ്ട് കബനിഗിരി, തവിഞ്ഞാൽ എന്നിവിടങ്ങളിൽ ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആശാകിരണം പദ്ധതിക്ക് ഫണ്ട് ശേഖരണാർത്ഥം നടപ്പിൽ വരുത്തിയ സമ്മാനകൂപ്പൺ വിൽപ്പനയിൽ ഇതുവരെ 1,68000 രൂപ ലഭിച്ചു. ആഗസ്റ്റ് മാസം രോഗീ സംരക്ഷണത്തിനായി 10000 രൂപ നൽകി. ആശാകിരണം വോളണ്ടിയേഴ്സിനായി 21 ആഗസ്റ്റ് 2017 ന് സെമിനാർ നടത്തിയതിൽ അമ്പതോളം പേർ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

### ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

മണ്ണ്, ജലം, വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റിനിർത്തിയുള്ള കാർഷിക വൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ആഗസ്റ്റ് മാസത്തിലും പദ്ധതിയിലേക്ക് പുതിയതായി കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു. നിലവിൽ പദ്ധതിയിൽ 15,692 കർഷകരാണുള്ളത്. ഇവരിൽ 8030 കർഷകർ സർട്ടിഫിക്കേഷൻ ലഭ്യമായവരാണ്.

### സെമിനാറുകൾ നടത്തി

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 16 സെമിനാറുകൾ നടത്തി. എ.ഇ.ഓ. മാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

### കർഷകഗ്രൂപ്പ് (ഐ സി എസ്) രജിസ്ട്രേഷൻ

കഴിഞ്ഞ ഒരു വർഷമായി പദ്ധതിയിൽ അംഗങ്ങളായ കർഷകരെ 25 മുതൽ 500 വരെ കർഷകരുൾപ്പെടുന്ന ഗ്രൂപ്പുകളാക്കി (ICS) പ്രാദേശിക അടിസ്ഥാനത്തിൽ രൂപീകരിക്കുകയും, കർഷകരെ APEDA യിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ ആദ്യ പടിയായി ഐ സി എസ്സുകളെ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും APEDA രജിസ്ട്രേഷന് ആവശ്യമായ അപേക്ഷയും അനുബന്ധ രേഖകളും സർട്ടിഫിക്കേഷൻ ഏജൻസിയായ ഫെയർ സെർട്ടിൽ സമർപ്പിക്കുകയും ചെയ്തു.

**പുതിയ ഫീൽഡ് കോർഡിനേറ്റർമാർക്കായുള്ള പരിശീലനം**

ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ കർഷകരുടെ എണ്ണം വർദ്ധിച്ചതിന് ആനുപാതികമായി അവർക്കിടയിൽ പ്രവർത്തിക്കുന്നതിനായി പുതിയ ഫീൽഡ് ഓഫീസർമാരെ കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുക്കുകയും അവർക്കായി 5 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. 27 പേരാണ് പുതുതായി ബയോവിൻ കുടുംബത്തിൽ അംഗങ്ങളായി എത്തിയിരിക്കുന്നത്. വിവിധ റീജിയനുകളിലായി 500 കർഷകരായിരിക്കും ഓരോ ഫീൽഡ് കോർഡിനേറ്ററുടെയും പ്രവർത്തനപരിധിയിൽ ഉണ്ടാവുക.

പരിശീലന പരിപാടി 2017 ആഗസ്റ്റ് 26 ന് മാനന്തവാടി രൂപതാ സോഷ്യൽ സർവ്വീസ് വിങ് കോർഡിനറ്റർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ പരിശീലന രീതികളും ജോലിയുടെ സ്വഭാവത്തെപ്പറ്റിയും വിശദമായ അവബോധം നൽകി. WSSS ജോ. ഡയറക്ടർ റവ. ഫാ. ജിനോജ് പങ്കെടുത്തു. ശേഷം ശ്രീ. ഷാജി ജോസ് ജൈവ കൃഷിയുടെ പ്രാധാന്യം, തുടക്കം, എന്താണ്/എന്തിനാണ് ജൈവകൃഷി തുടങ്ങിയ വിഷയങ്ങളിൽ വിശദീകരണം നൽകി. കോഫി ബോർഡ് ജോ. ഡയറക്ടർ ശ്രീ. അൻപുമണി കാപ്പിയുടെ 'വിത്ത് മുതൽ കപ്പുവരെ' ഒരു ഫീൽഡ് ഓഫീസർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ പങ്കുവെച്ചു.

ആഗസ്റ്റ് 29 ന് വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ.ജോസ് ജൈവകൃഷി ഉൽപ്പത്തി, വളർച്ച, ജൈവകൃഷി വിവിധ മാനദണ്ഡങ്ങൾ എന്നീ വിഷയങ്ങളിൽ വിശദമായ ക്ലാസ്സുകൾ നൽകി.

ആഗസ്റ്റ് 30–ാം തീയതി ബയോവിൻ അഗ്രോ റിസേർച്ചിനു കീഴിൽ നടന്നുവരുന്ന ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയുടെ പ്രവർത്തനരീതികൾ, ഫീൽഡ് കോർഡിനേറ്ററുടെ ചുമതലകൾ തുടങ്ങിയവ ശ്രീമതി രമ്യ, ശ്രീ. അമൽ, ശ്രീ. ജോൺ, ശ്രീമതി സുജ ജോയ്, ശ്രീമതി ഷീല എന്നിവർ വിശദീകരിച്ചു.

സെപ്റ്റംബർ ഒന്നാം തീയതി ശ്രീ. വിനീഷ് മാത്യു ഫെയർട്രേഡ് സർട്ടിഫിക്കേഷൻ എന്താണ്, എന്തിനാണ്, എങ്ങിനെ നടപ്പിലാക്കാം, പ്രവർത്തനരീതികൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സെടുക്കുകയും, ജൈവ ഫെയർട്രേഡ് സംഘടനയായ വോഫേയുടെ പ്രവർത്തനങ്ങൾ ഘടന എന്നിവ വിശദീകരിക്കുകയും ചെയ്തു. ശേഷം ശ്രീ. ബിബിൻ

ജോയി ഫെയർട്രേഡ് സംഘടനയായ വൊഫേയുടെ ഘടനയും പ്രവർത്തന രീതികളും വിശദീകരിച്ചു. കർഷകരിൽ നിന്നും ഉത്പ്പന്നങ്ങൾ സംഭരിക്കുന്ന രീതികളും മാനദണ്ഡങ്ങളും ശ്രീ. ഷാജി ജോസും ഗുണമേന്മ ഉറപ്പു വരുത്തേണ്ടതെങ്ങിനെയെന്ന് കുമാരി മേരി പ്രിൻസിയും ക്ലാസുകൾ നൽകി. ശ്രീ. സന്ദീപിന്റെ നേതൃത്വത്തിൽ പ്രോസസിംഗ് യൂണിറ്റിൽ സന്ദർശനം നടത്തുകയും പ്രവർത്തനരീതികൾ വിശദീകരിക്കുകയും ചെയ്തു.

ശ്രീ. നിതീഷ് എസ്, ശ്രീ. ജോസ് വി.എം., ശ്രീ. അഖിൽ തോമസ്, ശ്രീ. അബിൻ എം.ആർ, ശ്രീ. അബ്ദുൾ റഷീദ്, ശ്രീ. ഷെബിൻ സെബാസ്റ്റ്യൻ, ശ്രീ. ഡൊമിനിക് എ.എം., ശ്രീ. പ്രിൻസ് പി.എഫ്, ശ്രീമതി ലിസ്സി ജോസ്, ശ്രീമതി ബിന്ദു എം.കെ, ശ്രീമതി ഷെറിൻ, ശ്രീമതി പ്രജിത, ശ്രീമതി ലത കുമാരി, ശ്രീമതി പ്രീതി ജോബിറ്റ്, കുമാരി ഡയാന ജേക്കബ്, ശ്രീ. സജേഷ്, ശ്രീ. ആൽഫ്രഡ് ജൂഡി, ശ്രീ. അജീഷ് പി.ജി, ശ്രീ. ഹരീഷ് കുമാർ, ശ്രീ. ജിജു പി.ജെ, ശ്രീ. ഫെബിൻ വിൻസെന്റ്, ശ്രീ. പ്രദീഷ് എം.വി, ശ്രീ. സോണി വർഗ്ഗീസ്, ശ്രീ. ബിബിൻ വർഗ്ഗീസ്, ശ്രീ. അരുൺ തോമസ്, ശ്രീ. അഭിജിത്ത് ജോസ്, ശ്രീ. അഖിൽ ജോസഫ് എന്നിവരാണ് പുതിയതായി എത്തിയവർ.

**കർഷകഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണരീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിംഗുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ഫെയർട്രേഡ്**

**സംഭരണം**

വൊഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും ആഗസ്റ്റ് മാസം 352604.8 കിലോ കാപ്പി 76–90 രൂപ നിരക്കിലും 16362.3 കിലോ കുരുമുളക് 500 രൂപ നിരക്കിലും 29 കിലോ ഏലം 1400–1950 രൂപ നിരക്കിലും 6524 കിലോ മുരിങ്ങ ഇല 15 രൂപ നിരക്കിലും സംഭരിച്ചു.

**ജൈവവളം വിതരണം**

വൊഫായിൽ അംഗത്വമുള്ള കർഷകർക്ക് ആഗസ്റ്റ് മാസത്തിൽ

50 ശതമാനം സബ്സിഡിയിൽ ജൈവവളം വിതരണം ചെയ്തു. എല്ലു പൊടി, സ്വീറ്റ് പൊട്ടാഷ്, പ്ലാന്റ് ബൂസ്റ്റർ, സ്യൂഡോ മോണസ്, ട്രൈക്കോ ഡെർമ, കാൽ പുഷ്ടി, കാൽ തൃപ്തി, കാൽബഹാർ എന്നീ വളങ്ങ ളാണ് വിതരണം ചെയ്തത്.

കഫെയിൽ അംഗത്വമുള്ള കർഷകർക്ക് സംഘടനയുടെ തീരു മാനപ്രകാരം 75% സബ്സിഡി നിരക്കിലും മേൽപ്പറഞ്ഞ വളങ്ങൾ വിത രണം ചെയ്തു.

**സ്റ്റാഫ് ഇൻഷുറൻസ്**

വൊഫെയുടെ സ്റ്റാഫിനെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും നിലവിലെ 16 സ്റ്റാഫ് അംഗങ്ങൾക്കും 2 ലക്ഷം രൂപ ചികിത്സാ സഹായവും ഒരു ലക്ഷം രൂപ അപകട മരണ ഇൻഷു റൻസും ലഭ്യമാകും വിധം ക്രമീകരിച്ചു.

**സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കൽ**

സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തി രിക്കുന്ന വോഫെയുടെ 2017-18 വർഷത്തെ ഭരണസമിതി പുതുക്കു കയും വരവ് ചെലവ് കണക്കുകൾ സമർപ്പിക്കുകയും ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധ നവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ സ്സിംഗ് സെന്റർ ജൂൺ മാസത്തിലും കാപ്പി, കുരുമുളക്, തേങ്ങ, പൈനാ പ്പിൾ, വാഴപ്പഴം, ഉള്ളിതണ്ട്, തെരുവപ്പുല്ല്, പനിക്കൂർക്ക തുടങ്ങിയവ സംസ്ക്കരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**പ്രചോദൻ**

2017-18 വർഷത്തേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ശ്രോതാക്കളുടെ വർഷത്തിൽ 'റേഡിയോ ഞാനാണ് നിങ്ങളാണ് നമ്മളാണ്' എന്ന ദർശനത്തിലൂന്നി ആർദ്രവും, ഹരിതാഭവും, സുരക്ഷിതവുമായ ഒരു വയനാടിനായുള്ള പ്രക്ഷേപണ പ്രവർത്തന പദ്ധതികളാണ് ഈ മാർഗ്ഗരേഖയിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്.

**ഹോമിയോ കെയർ പദ്ധതി**

ഹോമിയോ വകുപ്പ് ജില്ലയിൽ നടപ്പാക്കുന്ന വിവിധ സേവനങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിന് ജില്ലാ ആരോഗ്യ വകുപ്പും റേഡിയോ മാറ്റൊലിയും സംയുക്തമായി ആരോഗ്യ ബോധവത്കരണ പരിപാടിയായ ഹോമിയോ കെയർ പദ്ധതി ആരംഭിച്ചു. വയനാട് ഗവ. ഹോമിയോ എംപ്ലോയിസ് കോ-ഓഡിനേഷൻ സൊസൈറ്റിയുടെ ഓണാഘോഷ പരിപാടിയിൽ വെച്ച് സാഹിത്യകാരൻ ഒ.കെ.ജോണി പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ.കെ.ജി.രഞ്ജിത് അധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജസ്റ്റിൻ മാത്യു, പ്രോഗ്രാം പ്രൊഡ്യൂസർ ലിതിൻ മാത്യു എന്നിവർ സംസാരിച്ചു. ഹോമിയോ കെയർ പരിപാടി എല്ലാ രണ്ടും നാലും ബുധനാഴ്ചകളിൽ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യും.

**ഓണാഘോഷം**

ഓണാഘോഷത്തിന്റെ ഭാഗമായി മാറ്റൊലി സ്റ്റാഫംഗങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടേയും കൂട്ടായ്മ ചേർന്നു. മാനന്തവാടി പ്രസ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷത്തിൽ ഫാ.മനോജ് കാക്കോനാൽ, റെനീഷ് ആര്യപ്പിള്ളിൽ, ക്രിസ്റ്റീന മത്തായി എന്നിവർ പങ്കെടുത്തു. വെള്ളമുണ്ട പെയിൻ & പാലിയേറ്റീവ്, വെള്ളമുണ്ട ഗവ. ആശുപത്രി എന്നിവയുടെ ആഭിമുഖ്യത്തിൽ

സംഘടിപ്പിച്ച പാലിയേറ്റീവ് സംഗമത്തിലും ഓണാഘോഷത്തിലും ഫാ.ജസ്റ്റിൻ മാത്യു, രജിൻനാഥ്, ക്രിസ്റ്റീന, സരിത, സുവർണ എന്നിവർ പങ്കെടുത്തു. WSSS ൽ നടത്തിയ ഓണാഘോഷത്തിൽ ഫാ. മനോജ്, ഫാ. ജസ്റ്റിൻ എന്നിവർ പങ്കെടുത്തു. ദ്വാരക നവചിന്ത വായനശാലയുടെ ഓണാഘോഷങ്ങളുടെ ഭാഗമായി നടന്ന മത്സരങ്ങളുടെ വിജയികൾക്ക് സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഓണപൂക്കൾ– ഓണപ്പാട്ട് മത്സരം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഓണപൂക്കൾ എന്ന പേരിൽ അഖിലവയനാട് ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ആറ് ടീമുകൾ പങ്കെടുത്തു. പാറത്തോട് മാറ്റൊലിക്കൂട്ടം ഒന്നാം സ്ഥാനം നേടി. തേറ്റമല ഇണ്ടേ്യരിക്കുന്ന് മാറ്റൊലിക്കൂട്ടം രണ്ടാം സ്ഥാനവും അഞ്ചുകുന്ന് മാറ്റൊലിക്കൂട്ടം മൂന്നാം സ്ഥാനവും നേടി. പാലിയാണ മാറ്റൊലിക്കൂട്ടം പ്രത്യേക സമ്മാനത്തിന് അർഹരായി. മാറ്റൊലി സ്റ്റുഡിയോയിൽ നടന്ന മത്സരത്തിന് അസിസ്റ്റന്റ് ഡയറക്ടർ മനോജ് കാക്കോനാൽ, ഷാജു പി. ജെയിംസ്, ഷാജൻ ജോസ് എന്നിവർ നേതൃത്വം നൽകി. റേഡിയോ മാറ്റൊലിയിൽ സെപ്റ്റംബർ 9 ന് നടന്ന 'ഒരുമ 2017' മാറ്റൊലിക്കൂട്ടം ഭാരവാഹികളുടെ യോഗത്തിൽ വെച്ച് വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

**'ഒരുമ 2017' മാറ്റൊലിക്കൂട്ടം നേതൃസംഗമം**

റേഡിയോ മാറ്റൊലി ജില്ലയിൽ ആരംഭിച്ചിരിക്കുന്ന മാറ്റൊലിക്കൂട്ടത്തിന്റെ നേതൃസംഗമം 'ഒരുമ 2017' ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ.അസ്മത്ത് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ റേഡിയോ മാറ്റൊലിയുടെ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം ചെയ്തു. ഓണത്തോടനുബന്ധിച്ച് നടത്തിയ ഓണപ്പാട്ടുമത്സരങ്ങളിൽ വിജയികളായവർക്ക് ബത്തേരി നഗരസഭാ കൗൺസിലർ ബിന്ദു സുധീർ ബാബു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി ജനറൽ കോർഡിനേറ്റർ ഷാജു പി. ജയിംസ് നന്ദിയും പറഞ്ഞു. ഫാ. സന്തോഷ് കാവുങ്കൽ, ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മാത്യു എന്നിവർ വിവിധ

ക്ലാസ്സുകൾ നയിച്ചു. ജിത്തു ബത്തേരി, ചാക്കോ വെള്ളമുണ്ട, സുലോചന തരിയോട്, ആസ്യ കൂളിവയൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. റേഡിയോ ടവ്വർ, സ്റ്റുഡിയോ മുതലായ പ്രക്ഷേപണ പ്രവർത്തനങ്ങൾ സന്ദർശിക്കുകയും പഠിക്കുകയും ചെയ്ത് നൂറോളം മാറ്റൊലിക്കൂട്ടം ഭാരവാഹികൾ ഏകദിന ശില്പശാലയിൽ പങ്കെടുത്തു.

**ഫൊറോന സന്ദർശനം**

കൊമ്മയാട് നടന്ന ദ്വാരക ഫൊറോനയിലെ വൈദിക സംഗമത്തിൽ സ്റ്റേഷൻ ഡയറക്ടറും സഹഡയറക്ടർമാരും സംബന്ധിച്ച് റേഡിയോ മാറ്റൊലിയെക്കുറിച്ച് സംസാരിക്കുകയും പ്രസിദ്ധീകരണങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ബഹു. ഫൊറോന വികാരിക്കും അച്ചൻമാർക്കും നന്ദി.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ :** ജില്ലയിലെ ക്രമസമാധാനത്തെകുറിച്ചും സുരക്ഷയെകുറിച്ചുമുളള ശ്രോതാക്കളുടെ സംശയങ്ങൾ പങ്കുവെയ്ക്കാൻ ജില്ലാ പൊലീസ് മേധാവി ഡോ.അരുൾ ആർ.ബി.കൃഷ്ണയുമായുള്ള തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു.

**അധ്യാപകദിനം:** അധ്യാപകദിനമായ സെപ്റ്റംബർ അഞ്ചിന് രാവിലെ 11 മണി മുതൽ 12 മണി വരെ പ്രത്യേക തത്സമയ പരിപാടി പ്രക്ഷേപണം ചെയ്തു. ജില്ലയിലെ തന്നെ മുതിർന്ന അധ്യാപകരിൽ ഒരാളായ കരുണാകരൻ ചെറുകരയും അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തിൽ ഒരാളായ സൂപ്പി പള്ളിയാലുമാണ് തത്സമയ പരിപാടിയിൽ പങ്കെടുത്തത്.

**സാക്ഷരതാദിനം:** ലോകസാക്ഷരതാ ദിനത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകലയുമായുള്ള പ്രത്യേക അഭിമുഖമാണ് പ്രക്ഷേപണം ചെയ്തത്. ഡിജിറ്റൽ ലോകത്തെ സാക്ഷരതയാണ് ഈ വർഷത്തെ സാക്ഷരതാദിന സന്ദേശം. ഇതോടൊപ്പം സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ സി.കെ. പ്രദീപ് കുമാറിന്റെ സാക്ഷരതാദിന സന്ദേശവും പ്രക്ഷേപണം ചെയ്തു.

**നിയമവും ജനങ്ങളും:** ഒരു വ്യക്തിയെ പാപ്പരായി പ്രഖ്യാപിച്ചു കഴിഞ്ഞാലുള്ള സിവിൽ നിയമവശങ്ങൾ, കരാർ ലംഘനങ്ങളിലെ നിയമനടപടികൾ, ചെക്ക് കേസുകളിലെ ക്രിമിനൽ നടപടികൾ, എന്നിവയെകുറിച്ച് പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**സർവോദയ സദസ്സ്:** വെള്ളമുണ്ട, എടവക എന്നീ പഞ്ചായത്തുകളെ പരിചയപ്പെടുത്തി. പ്രദേശത്തിന്റെ വികസനം, പുതിയ പദ്ധതികൾ എല്ലാം ജനപ്രതിനിധികൾ പങ്കുവെച്ചു.

**നേരും പൊരുളും:** വിയറ്റ്നാമിന്റെ കൃഷി പാഠം കേരളത്തിലും, ഭിന്നശേഷിയുള്ളവർക്ക് വേണ്ട പ്രത്യേക പരിഗണനകൾ, പൊതുഗതാഗതം ജനനന്മയ്ക്ക്, മണ്ണിനെ മറക്കുന്ന പുതുതലമുറ, ജി.എസ്.ടി., കേരളത്തിലെ അവയവദാനം, കാലാവസ്ഥാ വ്യതിയാനവും വയനാടും, ഇന്ത്യയിലെ കായിക രംഗം, സ്വകാര്യത മൗലികാവകാശം, നിറം മങ്ങുന്ന എൻജിനീയറിംഗ് പഠനം, ഒരുമയോടെ ആകട്ടെ ഓണാഘോഷം, നാളികേര കർഷകർ അറിയേണ്ട കാര്യങ്ങൾ, പരസ്യങ്ങളിലെ യാഥാർത്ഥ്യങ്ങൾ, കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചോ, ഉപഭോക്തൃസംരക്ഷണ നിയമം പുതിയ ഭേദഗതികളോടെ, നോട്ട് നിരോധനത്തിന്റെ ചില യാഥാർത്ഥ്യങ്ങൾ എന്നീ വിഷയങ്ങൾ പ്രക്ഷേപണം ചെയ്തു.

**അരങ്ങ്:** അഞ്ചുകുന്ന് മാറ്റൊലിക്കൂട്ടത്തിലെ അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** കൃഷി വകുപ്പിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച അഗസ്റ്റിൻ ജോസഫ്, ഏച്ചോം സർവോദയയിൽ നിന്ന് പ്രധാനാധ്യാപകനായി വിരമിച്ച ഉണ്ണികൃഷ്ണൻ മാഷ്, തിരുവിതാംകൂറിൽ നിന്ന് വയനാട്ടിലേക്ക് കുടിയേറിയ ക്ലാരമ്മ എന്നിവരുടെ ജീവിതാനുഭവങ്ങളാണ് ധന്യമീ ജീവിതത്തിൽ കൂടി പ്രക്ഷേപണം ചെയ്തത്.

**പ്രത്യേക പരിപാടികൾ:** വയനാടിന്റെ വികസനത്തിനും പുരോഗതിയ്ക്കും നിർണ്ണായക പങ്ക് വഹിച്ച എം.കെ.ജിനചന്ദ്രൻ. ജന്മശതാബ്ദി ആഘോഷങ്ങളുടെ റേഡിയോ റിപ്പോർട്ട്, മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം, എഴുത്തുകാരനും അധ്യാപകനുമായ സോമൻ കടലൂരിന്റെ പ്രഭാഷണം, പിന്നാക്ക വിഭാഗക്കാർക്കുള്ള ഭവനപദ്ധതി കോൺട്രാക്ടർമാരെ ഒഴിവാക്കി സ്വന്തം നിലയ്ക്ക് പൂർത്തിയാക്കിയ പള്ളിക്കൽ സ്വദേശി കറുപ്പന്റേയും കുടുംബത്തിന്റേയും വിജയഗാഥ എന്നിവ പ്രത്യേക പരിപാടികളായാണ് പ്രക്ഷേപണം ചെയ്തത്.

**കഥപറയാം:** കഥപറയാം എന്ന ഹ്രസ്വചിത്രത്തിന്റെ സംവിധായകൻ നന്ദുലാൽ എം.എസും പ്രധാന അഭിനേതാവ്

അക്ഷയും ചിത്രത്തെകുറിച്ചും ഈ ചിത്രം മുന്നോട്ട് വെയ്ക്കുന്ന സന്ദേശവും ശ്രോതാക്കളോട് പങ്കുവെച്ചു.

**സ്വച്ഛ് മാറ്റൊലി:** മാലിന്യസംസ്കരണത്തിന് കോഴിക്കോട് വേങ്ങേരിയിലുള്ള ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയായ നിറവ് ചെയ്യുന്ന മാലിന്യസംസ്കരണ പാഠങ്ങൾ നാല് എപ്പിസോഡുകളായി റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു.

**ജീവിത വളയം:** മാനന്തവാടിയിൽ ഓട്ടോ ഡ്രൈവറായ നൗഷാദ്, ഡബ്ല്യൂ.എസ്.എസ്.എസിന്റെ സഹായത്തോടെ ഓട്ടോ ഡ്രൈവർ എന്ന തൊഴിലിലേക്ക് എത്തിയ സാൽവി എന്ന വനിത, പനമരത്ത് ഓട്ടോഡ്രൈവറായ കുഞ്ഞഹമ്മദ് എന്നിവരുടെ അനുഭവങ്ങൾ ജീവിത വളയം എന്ന പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്തു.

**ഓവർഡ്രൈവ്:** ഹീറോ എക്സ്ട്രീം 200S, യമഹ FZ25 എന്നീ പുതിയ വാഹനങ്ങളെ പരിചയപ്പെടുത്തിയതും മഹീന്ദ്ര ജീത്തോ മിനി വാൻ, റോയൽ എൻഫീൽഡ് ക്ലാസിക് മോഡൽസ് എന്നിവയുടെ പ്രത്യേകതകളും വിപണിയിലെ ഡിമാന്റുമാണ് ഓവർഡ്രൈവിലൂടെ ശ്രോതാക്കൾ കേട്ടത്.

**പൊൻപുലരി:** രുചിവൈവിധ്യങ്ങൾ സമ്മാനിക്കുന്ന മൊതക്കരയിലുള്ള തനിമ കേറ്ററിംഗ് യൂണിറ്റ്, ആഴ്ചച്ചന്തകളുടെ സാധ്യതകളെകുറിച്ചും വിപണി ഇടപെടലിനെകുറിച്ചും കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ പി.സാജിതയുടെ പ്രഭാഷണം എന്നിവ പൊൻപുലരിയിലൂടെ പ്രക്ഷേപണം ചെയ്തു.

**ടെക്നോമാറ്റൊലി:** ഹുവാവേ പുറത്തിറക്കിയ ഹോണർ 8 ലൈറ്റ് പി 9, മോട്ടോ-എം ആൻഡ്രോയ്ഡ് ഫോൺ എന്നിവയാണ് ടെക്നോമാറ്റൊലി പരിചയപ്പെടുത്തിയത്.

***പ്രതിഭയും അതിഥിയും:*** വയനാടിന്റെ പേര് ഐക്യരാഷ്ട്ര സഭയിൽവരെ എത്തിച്ച നടവയൽ സ്വദേശി ബെനിൽഡ് ജോസഫു മായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു. കേന്ദ്രസർക്കാരിന്റെ സൈബർ സുരക്ഷാ ഉപദേഷ്ടാവായ ബെനിൽഡ് ഈ വിഷയത്തെ കുറിച്ച് യു.എന്നിൽ പ്രബന്ധം അവതരിപ്പിച്ചത് ഓഗസ്റ്റിലാണ്.

**ഘടികാരം:** അംഗൻവാടി ഐസിഡിഎസ് ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ ഘടികാരം ചർച്ച ചെയ്തു.

**ജാലകം:** കുടുംബശ്രീ സംഘടിപ്പിച്ച താളും തകരയും പരമ്പരാഗത ഭക്ഷ്യമേള, വള്ളിയൂർക്കാവിലെ വിനായക ചതുർത്ഥി ആഘോഷം, സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷനോടൊപ്പം

മാനന്തവാടി നഗരസഭയിൽ നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ റേഡിയോ റിപ്പോർട്ട്, ജില്ലാ എസ്.പി.സി. കേഡറ്റുകൾ കൊയിലേരിയിൽ സുഹൃത്തിന് വീട് വെച്ച് നല്കിയത് എന്നിവയാണ് ജാലകത്തിലൂടെ പ്രക്ഷേപണം ചെയ്തത്.

**ക്ഷീരവാണി:** മികച്ച ക്ഷീരകർഷകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം നേടിയ വാളേരി സ്വദേശി കെ.വി.പുരുഷോത്തമൻ, ദീപ്തിഗിരി ക്ഷീരോത്പാദക സഹകരണസംഘം പ്രസിഡന്റ് എച്ച്.ബി. പ്രദീപ് എന്നിവരുമായുള്ള അഭിമുഖമാണ് ക്ഷീരവാണി പ്രക്ഷേപണം ചെയ്തത്.

**വയൽനാട്:** വള്ളിയൂർക്കാവ് സ്വദേശി ബിനു ജോർജ്ജ്, ഷാജി ഇളപ്പുപ്പാറ എന്നിവരുമായുള്ള അഭിമുഖമാണ് വയൽനാട് പരിപാടി പ്രക്ഷേപണം ചെയ്തത്.

**ക്ലബ്ബ് ടൈം:** കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻ യു.പി. സ്കൂൾ, കരിങ്കുറ്റി ജി.വി.എച്ച്.എസ്, നടവയൽ സെന്റ് തോമസ് സ്കൂൾ എന്നിവരുടെ പരിപാടികൾ ക്ലബ്ബ് ടൈം പ്രക്ഷേപണം ചെയ്തു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** പരിപാടിയിൽ കൊട്ടിയൂർ ബോയ്സ് ടൗണിലെ യാത്രാക്ലേശവും ഈ പ്രദേശത്തെ മാലിന്യപ്രശ്നവും ചർച്ച ചെയ്തു.

**ജലസമൃദ്ധി:** നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശോഭൻ കുമാറുമായുള്ള അഭിമുഖവും ശുചിത്വമിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ കെ. അനൂപുമായുള്ള അഭിമുഖവും ജലസാക്ഷരതയജ്ഞ പരിപാടിയായ ജലസമൃദ്ധിയിൽ പ്രക്ഷേപണം ചെയ്തു.

**നേത്രദാന പക്ഷാചരണവാരം:** ഓഗസ്റ്റ് 25 മുതൽ സെപ്തംബർ 8 വരെ നേത്രദാന പക്ഷാചരണവാരമായി ആചരിച്ചു. ഇതോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടിയും പാനൽ ചർച്ചയും പ്രക്ഷേപണം ചെയ്തു. മാനന്തവാടി ജില്ലാ ആശുപത്രിയിലെ ഒഫ്താൽമിക് സർജൻ ഡോ.എം.വി.റൂബി, പീച്ചംകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റ് സജീവൻ സി.കെ. എന്നിവരാണ് പരിപാടിയിൽ പങ്കെടുത്തത്.

**ഓണനിലാവ്:** ഓണത്തോടനുബന്ധിച്ച് പത്തുദിവസം ഓണനിലാവ് എന്ന പേരിൽ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**ബക്രീദ്:** ബക്രീദിനോടനുബന്ധിച്ച് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**മാറ്റൊലി ഐക്യദാർഢ്യനിധി**

ഇരുവൃക്കകളും തകർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്ന തവിഞ്ഞാൽ സ്വദേശി ലിജിത്തിന്റെ ചികിത്സാ സഹായത്തിനായി സുമനസ്സുകൾക്ക് കൈക്കോർക്കാം. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് പണംകണ്ടെത്തുകയാണ് ലക്ഷ്യം. ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി ഏകദേശം 20 ലക്ഷംരൂപ വേണ്ടിവരും. ചികിത്സ സഹായം അർഹിക്കുന്നവർക്കുള്ള പണംകണ്ടെത്തുന്നതിന് റേഡിയോമാറ്റൊലി രൂപീകരിച്ചിരിക്കുന്ന ഐക്യദാർഢ്യനിധിയിലേക്ക് പണം അയക്കാവുന്നതാണ്. താത്പര്യമുള്ളവർക്ക് സിൻഡിക്കേറ്റ് ബാങ്ക് നല്ലൂർനാട് ശാഖയിലെ SB Ac No. 47512200053975 ലേക്ക് സംഭാവനകൾ കൈമാറാവുതാണ്. (IFSC-SYNB 0004751)

**ടീം മീറ്റിംഗ്**

മാറ്റൊലി ടീം മീറ്റിംഗും 4 തവണ കോർ ടീം മീറ്റിംഗും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

**റേഡിയോ നിർമ്മാണം**

മാറ്റൊലി റേഡിയോ എന്ന പേരിൽ കേരള അക്കാദമി ഓഫ് എൻജിനീയറിംഗിന്റെ സഹകരണത്തോടെ കുറഞ്ഞ ചിലവിൽ റേഡിയോ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. 300 രൂപ നിരക്കിൽ റേഡിയോ മാറ്റൊലിയിൽ നിന്നും 'മാറ്റൊലി റേഡിയോ' ലഭിക്കുന്നതാണ്. അക്കാദമിയുടെ ഡയറക്ടർ ജേക്കബ്ബ് സാറിനും മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗം കൂടിയായ പ്രിൻസിപ്പാൾ ഗ്രേസി ടീച്ചറിനും പ്രത്യേകം നന്ദി.

**ഇൻഡസ്ട്രിയൽ വിസിറ്റ്**

കൊല്ലം ബി.എം.സി. കോളേജ്, കൊല്ലം റ്റി.കെ.എം. കോളേജ്, തിരുവനന്തപുരം ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് & ടെക്നോളജി, മൈനോറിറ്റി ആർട്സ് & സയൻസ് കോളേജ് പാലക്കാട്, ബാംഗ്ളൂർ അസിം പ്രേംജി യൂണിവേഴ്സിറ്റിയിലെ എം.എ. ഡവലപ്മെന്റ് പ്രോഗ്രാം വിദ്യാർത്ഥികൾ എന്നിവർ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**സന്ദർശനങ്ങൾ**

ഉത്തർപ്രദേശിലെ കാൺപൂരിലുള്ള Waqt Ki Awaz 91.2 FM ലെ മാർക്കറ്റിംഗ് മാനേജർ ദേവേശ് ശുക്ല മാറ്റൊലി സന്ദർശിച്ചു.

മാനന്തവാടി മുൻസിപ്പൽ ചെയർമാൻ വി.ആർ പ്രവീജ് സൗഹൃദ സന്ദർശനം നടത്തി.

**മാറ്റൊലിക്കൂട്ടം**

**അഞ്ചുകുന്ന് മാറ്റൊലിക്കൂട്ടം**

പനമരം പഞ്ചായത്തിലെ അഞ്ചുകുന്നിൽ മാറ്റൊലിക്കൂട്ടം ആഗസ്റ്റ് 18 ന് 20-ാം വാർഡ് മെമ്പർ കെ.വി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. 19-ാം വാർഡ് മെമ്പർ കെ.എം. ഹരിദാസൻ അധ്യക്ഷനായിരുന്നു. മാറ്റൊലിക്കൂട്ടം ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി. മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി പ്രസിഡന്റ് ഷാജൻ ജോസ്, കൺവീനർ ഷാജു പി. ജെയിംസ്, ആസ്യ പി.എം, ഇ. ശ്രീധരൻ മാസ്റ്റർ, ചാക്കോ ഇല്ലിക്കൽ, സോബിൻ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മാറ്റൊലിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് ശിവരാമൻ മാസ്റ്റർ പ്രസിഡന്റായും ശാന്ത ടീച്ചർ സെക്രട്ടറിയായും ശരത്ത് അഞ്ചുകുന്ന് ട്രഷററുമായുള്ള ഭരണസമിതിക്ക് രൂപം കൊടുത്തു. വിജയകുമാർ, രാജേന്ദ്രപ്രസാദ് സുലേഖ കെ.എസ്, ചിന്നമ്മ എൻ.കെ., പ്രസിയ ഓ, സുധ ജയരാജൻ, വസുമതി, അമിത് കൃഷ്ണ എന്നിവരാണ് മറ്റു ഭാരവാഹികൾ.

**മീനങ്ങാടി മാറ്റൊലിക്കൂട്ടം**

മീനങ്ങാടി പഞ്ചായത്തിലെ എസ്.കെ. മജീദ് ഹാളിൽ വെച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന വിജയൻ മാറ്റൊലിക്കൂട്ടം ഉദ്ഘാടനം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. ബത്തേരി നിയോജകമണ്ഡലം മുൻ എം.എൽ.എ .എൻ.ഡി അപ്പച്ചൻ മുഖ്യസന്ദേശം നല്കി. ഷാജു പി. ജെയിംസ് ആമുഖപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ലത, ഉഷ എന്നിവർ പ്രസംഗിച്ചു. മാറ്റൊലിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് കെ.എ. വിൻസെന്റ് പ്രസിഡന്റായും വിജയൻ പുത്തൻപറമ്പിൽ സെക്രട്ടറിയായും കെ.പി. സ്വതന്ത്ര ട്രഷററുമായുള്ള ഭരണസമിതിക്ക് രൂപം കൊടുത്തു. പി.ജി. സദാശിവൻ, ഓ. ടി. സുധീർ, പി.ജി.ആർ. പ്രസാദ്, ഗിരീഷ് നക്ഷത്ര, ശശി താഴത്തുവയൽ എന്നിവരാണ് മറ്റു ഭാരവാഹികൾ.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**August-September 2017**

The College Union office bearers were elected in accordance with the election schedule of Kannur University. Competitions and celebrations in connection with Onam were held prior to the closing of college for Onam holidays. The Academic Excellence Day programme for honouring excellence and formally beginning the academic year with invocation was held on 14 September 2017. Rev Msgr Abraham Nellickal, the Vicar General of the Diocese of Mananthavady, officiated at the function representing the Patron, H E Rt Rev Dr Jose Porunnedom, the Bishop of the Diocese of Mananthavady. Mr V H Nishad, an illustrious alumnus of ours and a noted writer, was honoured on the occasion and he gave the students a motivational message. Mr Bipin Basil Paulose, another luminous alumnus and an upcoming cine actor also spoke at the function. Mr Midhun Raj and Ms Keerthana V V, who were adjudged the Best Outgoing Students 2017 for their all round performance, received Dr K T Varkey Endowment award. Prizes were also given away to the students who achieved excellence by scoring highest marks in various subjects/ disciplines. The Mid-semester internal examinations have begun and are going on.

**Dr. Savio James V**
Principal

# CEADOM വിദ്യാഭ്യാസ മേഖല

**റാങ്ക് ലിസ്റ്റ് രൂപീകരണം**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേയ്ക്കുള്ള നിയമനങ്ങൾക്കായി അധ്യാപകരുടെ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഇടവകകളിൽ അറിയിക്കുകയും എല്ലാ സഹായസഹകരണങ്ങളും നൽകുകയും ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. 2017 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ആരംഭിച്ച രജിസ്ട്രേഷൻ 2017 നവംബർ പത്താം തീയതി 4.30 pm വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പേര് രജിസ്റ്റർ ചെയ്തവർക്കുവേണ്ടിയുള്ള 2-ാം ഘട്ടമായ ഒത്തുചേരലും ഹാൾ റ്റിക്കറ്റ് വിതരണം ചെയ്യലും 2017 നവംബർ 18-ാം തീയതി എ.യു.പി. സ്കൂൾ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. പേര് രജിസ്റ്റർ ചെയ്ത എല്ലാ ഉദ്യോഗാർത്ഥികളും നിർബന്ധമായും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. ഈ സമ്മേളനത്തിൽ പങ്കെടുത്ത് ഹാൾ റ്റിക്കറ്റ് ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും 2017 നവംബർ 25-ാം തീയതി എ.യു.പി. സ്കൂൾ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്ന 3-ാം ഘട്ടമായ എഴുത്തു പരീക്ഷയിൽ സംബന്ധിക്കാവുതാണ്.

റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും CEADOM ന്റെ സൈറ്റിൽ (www.ceadom.com/ www.ceadom.org) ഉണ്ടായിരിക്കുന്നതാണ്.

**മോറൽ സയൻസിന്റെ പരീക്ഷ**

നമ്മുടെ വിദ്യാലയങ്ങളിൽ മോറൽ സയൻസിന് കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കി പ്രസിദ്ധം ചെയ്ത പുസ്തകങ്ങൾ വഴിയാണല്ലോ നാം പഠിപ്പിച്ചുവരുന്നത്. ഈ പാഠപുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉപയോഗിക്കുകയും മൂല്യനിർണ്ണയം നടത്തി

അർഹരായവർക്ക് അനുമോദന പത്രിക നൽകുകയും ചെയ്യുന്നുണ്ട്. അതിൻ പ്രകാരം ഈ വർഷത്തെ പരീക്ഷ 2018 ജനുവരി 18–ാം തീയതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

a) വാർഷിക പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

b) 1,2,3 ക്ലാസുകളിൽ വാചാ പരീക്ഷയാണ് നടത്തേണ്ടത്. എന്നാൽ ഇവരുടെ ചോദ്യപേപ്പറിൽ തന്നെ മാർക്ക് രേഖപ്പെടുത്തുകയും 90 % ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

c) 4 മുതൽ 12 വരെ ക്ലാസ്സുകളിൽ എഴുത്തു പരീക്ഷയാണ് നടത്തേണ്ടത്. ഇവരിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

d) 1 മുതൽ 12 വരെ ക്ലാസുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യനിർണ്ണയം നടത്തി അർഹരായവർക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്നുസ്ഥാനക്കാർക്ക് 2018 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്.

e) 4, 7, 10, 12 ക്ലാസുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ പുനർനിർണ്ണയം നടത്തി അർഹരായവർക്ക് കെ.സി.ബി.സി യുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ അനുമോദന പത്രിക നൽകുന്നതായിരിക്കും. 10, 12 ക്ലാസുകൾക്ക് 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 1000/ രൂപ വീതവും 4,7 ക്ലാസുകളിൽ സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനങ്ങളിൽ എത്തുന്ന ഓരോ വിദ്യാർത്ഥിക്ക് യഥാക്രമം 2000/ 1500/, 1000/ രൂപ വീതവും സ്കോളർഷിപ്പ് ആയി നൽകുന്നതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. ദേവമാത എൽ. പി. സ്കൂൾ ആടിക്കൊല്ലി**

പി.ടി.എ. ജനറൽ ബോഡി യോഗം – സ്കൂൾ പി.ടി.എ. ജനറൽ ബോഡിയോഗം സ്കൂൾ മാനേജർ ഫാ. ഷാജു മുളവേലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് എൽ.എസ്.എസ്. സ്കോളർഷിപ്പ് വിജയിക്കൾക്ക് മെമൻന്റോയും കാഷ് അവാർഡും റിട്ട. അധ്യാപകൻ ശ്രീ. ജോസ് കെ.എം. നൽകി. കുട്ടികളിലെ വ്യക്തി ശുചിത്വം, നല്ല ശീലങ്ങൾ എന്നീ വിഷയത്തെകുറിച്ച് സ്കൂൾ ഹെഡ്മാസ്റ്റർ സജി ജോൺ

രക്ഷിതാക്കൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് നൽകി. ശ്രീ. ജോഷി കുരീക്കാട്ടിലിന്റെ നേതൃത്വത്തിൽ 13 അംഗ പി.ടി.എ എക്സ്ക്യൂട്ടീവ് കമ്മറ്റിയെ തിരഞ്ഞെടുത്തു.

വിദ്യാരംഗം കലാസാഹിത്യവേദി- വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടേയും ഉദ്ഘാടനം സ്ക്കൂൾ മാനേജർ ഫാ. ഷാജു മുളവേലിക്കുന്നേൽ നിർവ്വഹിച്ചു. തുടർന്ന് സ്ക്കൂൾതല കൈയ്യെഴുത്ത് മാസികയുടെ പ്രകാശനം നടത്തി. പി.ടി.എ. പ്രസിഡന്റ് ജോഷി കുരീക്കാട്ടിൽ, ഹെഡ്മാസ്റ്റർ, വിദ്യാരംഗം കൺവീനർ ശിവ പ്രിയ, ജയേഷ് ജോസ് എന്നിവർ പ്രസംഗിച്ചു.

കോർപ്പറേറ്റ് മാനേജർ
**ഫാ. ബിജു പൊൻപാറയ്ക്കൽ**

**ദ്വാരക ഫൊറോന നേതൃത്വ സംഗമം**

പുതിയതായി രൂപീകൃതമായ ദ്വാരക ഫൊറോനയിൽ 26-8-2017 ന് ഡി.എഫ്.സി ഫൊറോന സംഗമം നടത്തി. ഫൊറോന വികാരി റവ.ഫാ. ജോസ് തേക്കനാടി സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുള ങ്ങര ക്ലാസ്സെടുത്തു. ഡി.എഫ്.സി. രൂപതാ പ്രസിഡണ്ട് അലക്സ് കടേ ക്കാട്ട് ആശംസകളർപ്പിച്ചു. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്ക മ്യാലിൽ സ്വാഗതവും ഫൊറോന പ്രസിഡണ്ട് ജിതേഷ് ജോസ് നന്ദിയും പറഞ്ഞു. ഭാരവാഹികളായി ജിതേഷ് ജോസഫ് (പ്രസിഡണ്ട്), കുര്യൻ പുളിയംമാക്കൽ (വൈ.പ്രസിഡണ്ട്), ജസ്റ്റിൻ കട്ടക്കയം (സെക്രട്ടറി), വർക്കി നിരപ്പേൽ (ജോ.സെക്രട്ടറി) സണ്ണി പുതുപ്പള്ളി (ട്രഷറർ) എന്നി വരെ തെരഞ്ഞെടുത്തു.

**തരിയോട് ഫൊറോന നേതൃത്വ സംഗമം**

27-8-17 ന് ചെന്നലോട് പാരീഷ് ഹാളിൽ വച്ച് തരിയോട് ഫൊറോന ഡി.എഫ്.സി സംഗമം നടത്തി. ഫൊറോന വികാരി ഫാ.ജയിംസ് കുന്നത്തേട്ട് സംഗമം ഉദ്ഘാടനം ചെയ്തു. ദീപിക ഡപ്യൂട്ടി ജനറൽ മാനേജർ ജോസഫ് ഓലിക്കൽ, ദീപിക ഫിനാൻസ് ഓഫീസർ എം.എം. ജോർജ്ജ് എന്നിവർ ക്ലാസ്സുകൾഎടുത്തു. ഫൊറോന പ്രസിഡണ്ട് സണ്ണി ജോർജ് മുത്തങ്ങാപറമ്പിൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. സണ്ണി മഠത്തിൽ റവ.ഫാ. ജയിംസ് മാങ്കോട്ടിൽ എന്നിവർ ആശംസകൾ നേർന്നു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ് ചർച്ചക്ക് നേതൃത്വം നൽകി. ഫ്രാൻസീസ് പള്ളിക്ക മ്യാലിൽ സ്വാഗതവും ജോസ്.ജെ മലയിൽ നന്ദിയും പറഞ്ഞു. ഭാരവാ ഹികളായി സണ്ണി ജോർജ് മുത്തങ്ങാപറമ്പിൽ (പ്രസിഡണ്ട്), ജോസ് തൊട്ടിയിൽ (വൈ.പ്രസിഡണ്ട്), ജോസ് ജെ മലയിൽ (സെക്രട്ടറി) ഷിന്റോ നാമറ്റത്തിൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

**ഡി.എഫ്.സി വനിതാ സംഗമം**

മണിമൂളി ഫൊറോനയിലെ മാതാക്കളെ ഉൾപ്പെടുത്തി മണിമൂളി പാരീഷ് ഹാളിൽ വച്ച് 2-9-2017 ന് ഡി.എഫ്.സി വനിതാ സംഗമം നടത്തി. നിലമ്പൂർ-മണിമൂളി റീജിയൻ സിഞ്ചെല്ലൂസ് ഫാ. ജോസ് മേച്ചേരി സംഗമം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ.ചോക്കോ മേപ്പുറത്തിന്റെ അധ്യക്ഷതയിൽ ചേർന്ന നേതൃസംഗമത്തിൽ ഫാ.സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. മാതൃവേദി ഫൊറോന ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ, ആനി മേറ്റർ സി. സനില, രൂപതാഭാരവാഹികളായ അലക്സ് കടേക്കാട്ട്, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ എന്നിവർ ആശംസകളർപ്പിച്ചു. ഫൊറോന പ്രസിഡണ്ട് ജോഷി പാലമൂട്ടിൽ സ്വാഗതവും, എം.എം.വിറ്റാങ്ക് നന്ദിയും പറഞ്ഞു. ദീപിക റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര, മഞ്ചേരി ട്രാഫിക് എസ്.ഐ.പൗലോസ് കുട്ടംപുഴ എന്നിവർ ക്ലാസ്സെടുത്തു. ഫൊറോന സെക്രട്ടറി ആന്റണി ഊറ്റാഞ്ചേരി രണ്ടാമത്തെ സെഷന് നന്ദി അറിയിച്ചു. ഭാരവാഹികളായി സിബിയ കറുകപ്പള്ളി (പ്രസിഡണ്ട്), ഫിലോമിന മടുക്കൂട്ടിൽ (വൈ.പ്രസിഡണ്ട്), ജെസ്സി മാന്താനത്ത്പുതുപറമ്പിൽ (സെക്രട്ടറി), ബീന കാവുംതൊട്ടിയിൽ (ജോ.സെക്രട്ടറി), മേരി പുതിയാകുളങ്ങര (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. കമ്മിറ്റി അംഗങ്ങായി സുമ പറച്ചിപ്പള്ളി, ആഗ്നസ് പാറേപറമ്പിൽ, ഷൈനി പെരുമ്പിൽ, ജോയമ്മ മറ്റത്തിൽ, മോളി തുടിപ്പാറക്കൽ എന്നിവരെ തെരഞ്ഞെടുത്തു. നേതൃത്വം നൽകിയ മണിമൂളി ഫൊറോന വികാരി ചാക്കോച്ചൻ മേപ്പുറത്ത് അച്ചന് പ്രത്യേകം നന്ദി.

**ദീപിക നമ്മുടെ ഭാഷാ പദ്ധതി**

ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഭാഗമായി കൊളവയൽ സെന്റ് ജോർജ് എൽ.പി. സ്കൂളിൽ നമ്മുടെ ഭാഷാ പദ്ധതിക്ക് തുടക്കം കുറിച്ചു. ഡി.എഫ്.സി യൂണിറ്റ് പ്രസിഡണ്ട് ബിജോയ് വള്ളിപ്പാലം സ്കൂൾ ലീഡർ ആദിലിനും, അനന്യ ലാലിനും പത്രം കൈമാറി. ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം ഇടവക വികാരിയും സ്കൂൾ മാനേജരുമായ ഫാ. തോമസ് ജോസഫ് തേരകം നിർവഹിച്ചു. ഹെഡ്മാസ്റ്റർ കെ.യു. കുര്യൻ സ്വാഗതവും ബെന്നി നന്ദിയും പറഞ്ഞു. ഏവർക്കും അഭിനന്ദനങ്ങൾ.

തവിഞ്ഞാൽ സെന്റ് തോമസ് യു.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ആരംഭിച്ചു. പത്രം സ്പോൺസർ ചെയ്ത കരിമാനി വാം ടീ ഫാക്ടറി ജനറൽ മാനേജർ ഫാ. ജോഷി വാളിപ്ലാക്കൽ, ഹെഡ്മാസ്റ്റർ

ടി.വി.ജോൺ എന്നിവർ ചേർന്ന് സ്കൂൾ ലീഡർക്ക് പത്രം കൈമാറി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ആന്റോ മമ്പള്ളിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗം ഫിലോമിന ആന്റണി, ഡി.എഫ്.സി പ്രസിഡണ്ട് റോയി മുണ്ടാടൻ, പി.ടി.എ പ്രസിഡണ്ട് ജിജി വെളിയത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു.

കാപ്പിസെറ്റ് മുതലിമാരൻ മെമ്മോറിയൽ ഗവ. ഹൈസ്കൂളിൽ സാമൂഹ്യ പ്രവർത്തകനായ ജോസഫ് പരുവേലി സ്പോൺസർ ചെയ്ത ദീപിക പത്രം പഞ്ചായത്ത് അംഗം സി.പി. വിൻസെന്റ് സ്കൂൾ ലീഡർക്ക് നൽകി ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് മണി പാമ്പനാൽ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ വി.ടി.ജോസഫ് പ്രസംഗിച്ചു.

അരിഞ്ചേർമല സെന്റ് തോമസ് എൽ.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി സ്കൂൾ ലീഡർ റിയ അന്ന രാജീവിന് പത്രം കൈമാറി മാനേജർ ഫാ. ജയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ബിജു തോമസ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ ബെന്നി ആന്റണി ദീപിക പത്രം സ്പോൺസർ ചെയ്തു.

**ഡി.എഫ്.സി സംസ്ഥാന നേതൃത്വസംഗമം**

2017 സെപ്റ്റംബർ 13, 14 തീയതികളിലായി കോട്ടയത്തു വച്ചു നടന്ന സംസ്ഥാന നേതൃത്വ ക്യാമ്പിൽ മാനന്തവാടി രൂപതയിൽ നിന്നും ഫാ. സുനിൽ വട്ടുകുന്നേൽ, അലക്സ് കടേക്കാട്ട്, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, സജി പൂവാറ്റിൻചിറ, ജിജോ ഇട്ടൻപറമ്പിൽ, ജെയിംസ് ജോസഫ് നടവയൽ എന്നിവർ പങ്കെടുത്തു. 250 ഓളം ഡി. എഫ്.സി. പ്രവർത്തകരും ഭാരവാഹികളും പങ്കെടുത്ത സംഗമം നമ്മുടെ സമുദായം ഇന്ന് നേരിടുന്ന വെല്ലുവിളികളെ ഒരു മാധ്യമം എന്ന നിലയിൽ ദീപിക എങ്ങനെ ഏറ്റെടുത്ത് സമൂഹമധ്യത്തിൽ എത്തിക്കുന്നുവെന്ന് ബോധ്യം നൽകുന്നതായിരുന്നു. ചങ്ങനാശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം നേതൃസംഗമം ഉദ്ഘാടനം ചെയ്തു. രാഷ്ട്രദീപിക എം.ഡി. മോൺ. ഡോ. മാണി പുതിയിടം, ഡി.എഫ്.സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ തുടങ്ങിയവരുടെ ക്ലാസ്സുകൾ ഏറെ വിജ്ഞാനപ്രദമായിരുന്നു. നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങൾ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ അവതരിപ്പിച്ചു. പ്രവർത്തന പദ്ധതി അലക്സ് കടേക്കാട്ടും ഗ്രൂപ്പ് ചർച്ചയുടെ അവതരണം ഫ്രാൻസീസ് പള്ളിക്കമ്യാലിലും നടത്തി. സമാപന സമ്മേളനം കോട്ടയം അതിരൂപതാ അധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം

ചെയ്തു. ദീപിക പത്രത്തിന്റെ അനന്യതയും പ്രസക്തിയും പിതാവ് എടുത്തു പറഞ്ഞു.

**നന്ദിയുടെ ഒരു വാക്ക്**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ഫൊറോന സംഗമങ്ങൾ വിജയിപ്പിക്കുന്നതിനായി പ്രത്യേകം താല്പര്യമെടുത്ത ഫൊറോന വികാരിയച്ചന്മാരെയും ഇടവക വികാരിയച്ചന്മാരെയും ഡി.എഫ്.സി ഭാരവാഹികളെയും ഏറെ നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും പ്രതീക്ഷിക്കുന്നു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി രൂപതാ സെക്രട്ടറി

**ലഹരിവിരുദ്ധ ക്ലബ്ബ്**

സൺഡേ സ്കൂളിനോടനുബന്ധിച്ച് രൂപീകരിച്ച കുട്ടികൾക്കായുള്ള ലഹരിവിരുദ്ധ ക്ലബ്ബുകൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. കുറേ ഇടവകകൾ കുട്ടികൾക്ക് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

**സെമിനാറുകൾ**

മഞ്ഞൂറ ഇടവകയിൽ കുട്ടികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. ഇടവക വികാരി റവ. ഫാ. കുര്യൻ കൊച്ചുപാറയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാർ ഒരുക്കിയ പ്രധാനാധ്യാപകൻ, ലഹരിവിരുദ്ധ ക്ലബ്ബ് ഭാരവാഹികൾ, അധ്യാപകർ എന്നിവർക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കട്ടെ.

**കയ്യൂന്നി**

സെപ്റ്റംബർ 10 ന് ഞായറാഴ്ച കയ്യൂന്നി ഇടവകയിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സെമിനാർ സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ പ്രധാനാധ്യാപകൻ, ലഹരിവിരുദ്ധ ക്ലബ്ബ് ഭാരവാഹികൾ, അധ്യാപകർ എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു.

**ഇരുളം**

ഇരുളം ഇടവകയിൽ കൂട്ടായ്മയുടെ വാർഷികം നടത്തി. മുപ്പത് കുടുംബങ്ങൾ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ ക്ലാസ്സ് നയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# *കത്തോലിക്കാ കോൺഗ്രസ് -AKCC*

**യൂണിറ്റ് രൂപീകരണം**

നമ്മുടെ രൂപതയിലെ 25 ലധികം ഇടവകകളിൽ യൂണിറ്റ് കമ്മറ്റികൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാനഘടകത്തിൽ നമ്മുടെ രൂപതയുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ഇതിനായി സഹായിച്ച സഹകരിച്ച യൂണിറ്റ് ഡയറക്ടർ അച്ചന്മാരെയും മറ്റു സുഹൃത്തുക്കളെയും നന്ദിയോടെ ഓർക്കുന്നു. യൂണിറ്റ് തിരഞ്ഞെടുപ്പുകൾ ഇതിനോടകം നടത്താത്ത ഇടവകകളിൽ തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളുടെ പേരുവിവരം രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**നന്ദിയോടെ**

നമ്മുടെ രൂപതയിൽ 2 വർഷക്കാലം AKCC രൂപത ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. ചാണ്ടി പുനക്കാട്ട് അച്ചന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. പ്രസ്തുതയോഗം വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഘടക പ്രസിഡന്റ് പ്രസ്ഥാനത്തിന്റെ സ്നേഹോപഹാരം നൽകി.

**സ്വാഗതം**

AKCC മാനന്തവാടി രൂപത ഡയറക്ടറായി അഭിവന്ദ്യ പിതാവ് നിയമിച്ച ബഹു. ആന്റോ മമ്പള്ളിയച്ചന് ഊഷ്മളമായി സ്വീകരണം നൽകി. തുടർപ്രവർത്തനങ്ങൾക്ക് അച്ചന് എല്ലാവിധ മംഗളാശംസകളും നേരുന്നു.

**രൂപതാ ഇലക്ഷൻ**

തുടർന്ന് വരുന്ന 3 വർഷത്തേയ്ക്ക് വേണ്ട രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ദ്വാരകയിൽ വെച്ച് നടത്തുന്നതായിരിക്കും. ഓരോ യൂണിറ്റിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രൂപതാ പ്രതിനിധികൾ എന്നിവർക്കാണ് വോട്ടവകാശം ഉള്ളത്. പുതിയ യൂണിറ്റുകളിൽ നിന്നും മേൽപ്പറഞ്ഞവർ വരുമ്പോൾ യൂണിറ്റ് ഡയറക്ടറച്ചന്റെ ഒപ്പോടുകൂടിയ ഭാരവാഹികളുടെ ലിസ്റ്റ് കൊണ്ടുവരേണ്ടതാണ്. അർഹതയുള്ള എല്ലാ യൂണിറ്റ് ഭാരവാഹികളും തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**സൈമൺ ആനപ്പാറ**
(ജനറൽ സെക്രട്ടറി)


# Pastoral Centre Programme



**October 2017**

| | |
|---|---|
| 1-3 | Jesus Youth Retreat |
| 1-2 | Department of Youth Ministry |
| 7 | Zion |
| 8-11 | Marriage Preparation Course |
| 12 | PRO Meeting |
| 13-14 | Department of Youth Ministry |
| 14 | KCYM |
| 15-19 | Zion Retreat |
| 16 | Marian Singles |
| 27-30 | Marriage Preparation Course |

**Fr. Paul Vazhappilly**
Director, Pastoral Centre



# *Bishop's Programme*

***October 2017***

*1 Sun 31 Tue......... Out of Station*

***November 2017***

*1 wed 4 sat ........... Out of Station*

*5 Sun ................... MMC Benefactors' Day*

*6 Mon .................. Golden Jubilee of Fr. James Kulathinal*

*7 Tue .................... Priests' Conference*

*8 Wed ................... Thalassery: Episcopal Consecration of Msgr Joseph Pamplany*

*9 Thu ................... Kalpetta: Vimal Jyothi Hostel Jubilee*

*10 Fri .................... Out of Station*

*11 Sat .................... Adackathode: Ordination of Dn. Roy Alex Kuzhimannil S.J., Pastoral Council*

*12 Sun ................... Sunday School Teachers' Convention*

*13 Mon 17 Fri ....... Out of station*

*18 Sat .................... Trichur: Episcopal Consecration of Msgr Tony Neelankavil*

*19 Sun ................... Thariode: Jubilee*

*20 Mon .................. Arattuthara: Holy Mass, Presentation Convent*

*Afternoon ...... Pazhoor: Blessing of the New School Building*

| | |
|---|---|
| *21 Tue ..................* | *Pudussery: Blessing of the Newly Constructed Church* |
| *22 Wed ..................* | *Dwaraka: Religious Superiors' Meet* |
| *23 Thu .................* | *Vestition: FCC Sisters* |
| *Evening.........* | *MMC Home Day* |
| *24 Fri ..................* | *Out of station* |
| *25 Sat ...................* | *Kammana: Blessing of the Newly Constructed Church* |
| *26 Sun .................* | *Panamchira: Pastoral Visit* |
| *27 Mon .................* | *Meenangady: Ordination of Dn. Nidhin Mundackal OFM Cap* |
| *28 Tue ...................* | *Tamarassery: Regional Bishops' Meet* |
| *29 Wed .................* | *Thalassery* |
| *30 Thu ..................* | *Kuttimoola: Blessing of the Newly Constructed Church* |
| *Afternoon ......* | *Camillus Seminary: Seminary Meet* |